Reg. No. C. 101 M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല”

പുസ്തകം 23 | 1125 മേടം 13—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ഏപ്രിൽ 26 | ലക്കം 33

## മനുഷ്യൻെറ ദൈവബോധം*

(കെ. എം. ജോസഫ്, കരിവേലി, ബി. എസ് സി., ബി. എൽ.)

മനുഷ്യജീവിതത്തിൻെറ പൂർണ്ണവും വ്യക്തവുമായ അർത്ഥം ആരായുമ്പോളാണു് നമ്മൾ ദൈവബോധം ഉള്ളവരായിത്തീരുന്നതു്. എല്ലാം മനുഷ്യരുടേയും ഹൃദയങ്ങളുടെ അടിത്തട്ടിൽ കുടിയിരിക്കുന്ന സ്പഷ്ടമായ മൂന്നു ആഗ്രഹങ്ങളുണ്ടു്. ഈ ആഗ്രഹങ്ങളുടെ ലക്ഷ്യം ജീവനും സത്യവും സ്നേഹവുമാകുന്നു. ഈ മൂന്നു യാഥാർത്ഥ്യങ്ങളിൽ മനുഷ്യർക്കുള്ള അഭിനിവേശമാണു് പ്രപഞ്ചത്തെ മുഴുവൻ ചൈതന്യവത്താക്കിക്കൊണ്ടിരിക്കുന്നതു്.

മനുഷ്യൻെറ ആഗ്രഹങ്ങളിൽ ഏററവും ശക്തിമത്തു് ജീവനിലുള്ളതാണു്. സർവ്വതും നമ്മെ വിട്ടാലും നാം വിട്ടയക്കാത്തതും ഏററവും വൈമനസ്യത്തോടെ മാത്രം വെടിയുന്നതും ജീവനെയാകുന്നു. ബഹുമതികളും, അധികാരവും, ധനവും, ശക്തിയും എല്ലാം നഷ്ടപ്പെട്ടാലും ജീവനെ രക്ഷിക്കുവാനാണു മനുഷ്യൻ ആഗ്രഹിക്കുന്നതു്. ആത്മഹത്യപോലും ഇതിനൊരാക്ഷേപമല്ല; ആത്മഹത്യ ചെയ്യുന്നവൻ ജീവനിൽകൊതിയില്ലാത്തവനല്ല, ഉള്ളതിൽനിന്നും വ്യത്യസ്തമായ ജീവിതത്തെ ആശിക്കുന്നവനാണു്.

രണ്ടാമത്തെ മൗലികമായ ആഗ്രഹം സത്യത്തിനുവേണ്ടി ഉള്ളതാണു്. എന്തുകൊണ്ടു്? എന്തുകൊണ്ടു്? എന്നാണു് നമ്മുടെ ബുദ്ധി എന്നേരവും ചോദിച്ചുകൊണ്ടിരിക്കുന്നതു്. കുട്ടിക്കാലത്തു ഏരുപമ്പരം കറങ്ങുന്നതു് എന്തുകൊണ്ടെന്നു ചോദിച്ചിട്ടുണ്ടെങ്കിൽ പ്രായമായപ്പോൾ ഭൂമിതന്നെ കറങ്ങുന്നതു് എന്തുകൊണ്ടെന്നാണു് നാം അന്വേഷിക്കുന്നതു്. സൂർയ്യനിലേക്കു ദൂരദർശിനി നീട്ടി അവിടെയുള്ള സത്യങ്ങളെ നാം ആരായുന്നു. സമുദ്രത്തിൻെറ ആഴത്തിലും നക്ഷത്രങ്ങളുടെ പ്രഭയിലും ഈ അന്വേഷണംതന്നെ നാം ആവർത്തിക്കുന്നു. സത്യം കണ്ടുപിടിക്കുന്ന കാർയ്യത്തിൽ മനുഷ്യർ സർവ്വത്ര തല്പര്യമുള്ളവരാണു്. അതുകൊണ്ടാണു് സത്യം ആരിൽനിന്നെങ്കിലും മറച്ചുവയ്ക്കുന്നതു് അവർക്കു് ഇഷ്ടമാകാതിരിക്കുന്നതു്. ഈ അഭിനിവേശംകൊണ്ടുതന്നെയാണു് ശാസ്ത്രങ്ങൾ വളർന്നിട്ടുള്ളതു്.

മനുഷ്യൻെറ മറെറാരാഗ്രഹം സ്നേഹിക്കുന്നതിനും സ്നേഹിക്കപ്പെടുന്നതിനും ഉള്ളതാണു്. അവൻ ഏകനായിരിക്കുന്നതു് നന്നല്ലെന്നു് ഏദൻതോട്ടത്തിൽവച്ചുതന്നെ ദൈവം അരുളിച്ചെയ്തു. അതോടുകൂടി മനുഷ്യൻെറ സ്നേഹാസക്തിയും ആവിർഭവിച്ചു. ജനിക്കുന്ന ഓരോ കുട്ടിയും അതിൻെറ തള്ളയുടെ മാറോടു് ഒട്ടിച്ചേരുന്നതു് അതിൻെറ സ്നേഹത്തെയാണു് സൂചിപ്പിക്കുന്നതു്. സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹമാണു് വിവാഹംകൊണ്ടു് മുദ്രണംചെയ്യപ്പെടുന്നതു്. അതിൻെറ പുതുമ കെട്ടുടങ്ങുമ്പോളേക്കും ഒരു ശിശു ജനിക്കുന്നു. അങ്ങനെ ലൗകികമായ ഒരു ത്രിത്വം സംജാതമാകുന്നു. വീണ്ടും കാലങ്ങൾ കഴിയുമ്പോൾ ഈ പുത്രവാത്സല്യം പൗത്രവാത്സല്യമായി രൂപാന്തരപ്പെട്ടു് പുതുമയെ തേടുന്നു. ഇങ്ങനെ ശിശുത്തൊട്ടിൽതൊട്ടു് മരണക്കിടക്കവരെ നോക്കിയാൽ സ്നേഹത്തിൻെറ പുറകെ ഇളവില്ലാതെകണ്ടു് മനുഷ്യൻ സഞ്ചരിക്കുന്നതു കാണാം.



അരുവിത്തുറ വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ പണിചെയ്തിരിക്കുന്ന പുതിയ പള്ളിയുടെ മുൻഭാഗം

ജീവനിലും സത്യത്തിലും സ്നേഹത്തിലും മനുഷ്യർ അത്യധികം ആർത്തിയുള്ളവരാണു്. പക്ഷേ ഈ ആർത്തിക്കു് അടക്കം വരുവാൻ മാത്രം അവയെ നമ്മൾ അനുഭവിക്കുന്നുണ്ടോ? അതിനുവേണ്ട കരുത്തും, കഴിവും, പ്രതാപവും നമുക്കുണ്ടോ? ഈ ഉൽകൃഷ്ടവരങ്ങളെ വേണ്ടത്ര സമ്പാദിക്കുവാൻമാത്രം നമ്മുടെ ഭാവിയുടെ നിയന്താക്കളോ യജമാനന്മാരോ നമ്മൾ ആയിരിക്കുന്നുണ്ടോ? നമുക്കു് കുറച്ചുനാൾ ജീവിതം ഉണ്ടു്; കുറെ സത്യങ്ങളുമറിയാം; കുറച്ചൊക്കെ സ്നേഹവുമുണ്ടു്. എന്നല്ലാതെ, അവയെല്ലാം പരമാവധി അനുഭവിക്കുന്നവർ ആരെങ്കിലും ഉണ്ടോ?

നിശ്ചയമായും ജീവിതം മുഴുവൻ നമ്മുടെ നിയന്ത്രണത്തിലല്ല. ജീവിതത്തിലെ വിജയങ്ങൾ അവസാനിച്ചുപോകുന്നു. പദ്ധതികൾ കുഴഞ്ഞുപോകുന്നു. കീർത്തി മങ്ങിപ്പോകുന്നു. എന്തിനു്, നാഴികമണിയുടെ ടിക്കു് ടിക്കു് ശബ്ദങ്ങളിൽ ഓരോന്നും മരണത്തിലേക്കാണു് നമ്മെ ആവഹിക്കുന്നതു്. നമ്മുടെ ചങ്കുപോലും ശവക്കുഴിയിലേക്കു് നമ്മെ അകമ്പടി സേവിക്കുന്ന ഒരു ചെണ്ടമാത്രമാണു്. ഓരോനിമിഷവും നാം മരണത്തിനു പാകമായി വരുന്നു; അല്ല നമ്മുടെ ജീവിതംതന്നെ ഭേദിച്ചുവരുന്നു. ജീവൻ ഏതോ അക്ഷയപാത്രത്തിൽ നിന്നുമുള്ള ഒരു പ്രവാഹമാണു്. നമ്മുടെ ജീവിതമാകുന്ന ചഷകത്തിൽ അതിൻെറ ഒരു എളിയ അംശംമാത്രമേ നമുക്കു ലഭിക്കുന്നുള്ളു.

സത്യാന്വേഷണത്തിലും നമ്മൾ അശേഷം അമാന്തിച്ചിട്ടില്ല. പക്ഷേ യാഥാർത്ഥ്യങ്ങൾ മുഴുവനായി അറിയുവാൻ നമുക്കു സാധിക്കുന്നില്ല. എത്രമാത്രം പഠിക്കുന്നുവോ അത്രമാത്രം അറിവു കുറഞ്ഞവനെപ്പോലെയാണു് നമുക്കു അനുഭവപ്പെടുന്നതു്. സത്യമഹാസമുദ്രത്തിൻെറ തീരത്തുമാത്രമേ തങ്ങൾ എത്തിയിട്ടുള്ളു എന്നു് ഐസക്കു് ന്യൂട്ടനെപ്പോലുള്ള മഹാജ്ഞാനികൾപോലും വിലപിച്ചിട്ടുണ്ടു്. നമ്മുടെ സത്യാന്വേഷണത്തിൻെറ അപര്യാപ്തത ഇതിൽ നിന്നു വ്യക്തമാണല്ലോ.

സ്നേഹവും അതിൻെറ പൂർണ്ണമായ അളവിൽ നമുക്കു ലഭിക്കുന്നില്ല. തകർന്ന ഹൃദയങ്ങൾ, നശിച്ച വീടുകൾ, ഭർതൃവിരഹമനുഭവിക്കുന്ന യുവതികൾ, മാതാപിതാക്കന്മാരില്ലാത്ത കുട്ടികൾ, വിവാഹമോചനങ്ങൾ ഇവയെല്ലാം സ്നേഹത്തിൻെറ അഭാവത്തെയാണു് വിളിച്ചറിയിക്കുന്നതു്. ഉള്ള സ്നേഹം തന്നെയും കാലങ്ങൾ കഴിയുമ്പോൾ ഇല്ലാത്തതുപോലെയാകുന്നു. എന്നല്ല, ഏററവും വിശിഷ്ടമായ സ്നേഹം പോലും ഒരിക്കൽ അവസാനിച്ചുപോകുന്നു.

നമ്മൾ പ്രപഞ്ചത്തിൻെറ യജമാനന്മാരും ഉടമസ്ഥന്മാരുമാണു്. ജീവനിലും, ജ്ഞാനത്തിലും, സ്നേഹത്തിലും നമുക്കു് അതിയായ ആഗ്രഹമുണ്ടു്. പക്ഷേ ഈ ആഗ്രഹത്തിനു് തൃപ്തിവരുത്തുക എന്നതു് നമ്മാൽ അസാധ്യമാണു്. ജീ

---

* റൈററു് റവ. മോ. ഫൾട്ടൻ ജെ ഷീൻ ചെയ്ത ഒരു റേഡിയോ പ്രസംഗത്തിൻെറ സംഗ്രഹം.

വിമർശനവീഥി

# ഈശോയുടെ സഹോദരന്മാർ

നമ്മുടെ ചോദ്യകാരൻ പരിശുദ്ധ കന്യകമറിയത്തിന്റെ നിത്യകന്യാത്വത്തെപ്പററിയും സംശയങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. അതിനദ്ദേഹം ആശ്രയിക്കുന്നതു് പുതിയനിയമത്തിലെ ചില വാക്യങ്ങളാണു്. ഈശോയുടെ "സഹോദരന്മാർ" എന്നു മത്തായിയുടേയും മർക്കോസിന്റേയും യോഹന്നാന്റേയും സുവിശേഷങ്ങളിലും അപ്പസ്തോലനടപടിയിലും പൗലോസ് ശ്ലീഹായുടെ കൊറിന്ത്യാക്കാർക്കും ഗാലത്തായക്കാർക്കുമുള്ള ലേഖനങ്ങളിലും പറഞ്ഞിരിക്കുന്നതു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. "നിന്റെ ഭാര്യയായ മറിയം" എന്നു മാലാഖാ വിശുദ്ധ യൗസേപ്പിനോടു പറഞ്ഞതും, "മകനെ പ്രസവിക്കുംവരെ അവളെ പരിഗ്രഹിച്ചില്ല" എന്നു വിശുദ്ധ യൗസേപ്പിനെപ്പററി മത്തായി സുവിശേഷകൻ പറഞ്ഞിരിക്കുന്നതും ചോദ്യകാരൻ ചൂണ്ടിക്കാണിക്കുന്നു. എന്നിട്ട് അദ്ദേഹം ഇങ്ങനെ ചോദിക്കുന്നു: "ഈ വേദവാക്യങ്ങളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ യേശുവിന്റെ അമ്മ മറിയക്കു വേറെയും മക്കൾ ഉണ്ടായിരുന്നുവെന്നും അവൾ കർത്താവിന്റെ ജനനശേഷവും കന്യകയായി തന്നെ നിന്നിരുന്നില്ലെന്നും വിചാരിക്കുന്നതു ന്യായമല്ലേ?"

### വിശ്വാസസത്യം

പ. കന്യകമറിയത്തിന്റെ നിത്യകന്യാത്വം—ഈശോയെ പ്രസവിക്കുന്നതിനുമുൻപും പ്രസവിച്ചപ്പോഴും പ്രസവിച്ചതിനുശേഷവും കന്യകയായിരുന്നു എന്ന വസ്തുത—കത്തോലിക്കാസഭ ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണു്. 553-ൽ കൊൺസ്റ്റാന്റിനോപ്പിളിൽ കൂടിയ 5-ാമത്തെ ആകമാനസൂനഹദോസിലാണു് അതു പ്രഖ്യാപിച്ചതു്. 640-ൽ റോമിൽ കൂടിയ ലത്തറൻസൂനഹദോസിൽ ആ പ്രഖ്യാപനം ആവർത്തിച്ചു. ഈ വിശ്വാസസത്യം തിരുസ്സഭയുടെ ആരംഭംമുതൽ സഭാപിതാക്കന്മാർ ഏകകണ്ഠമായി സ്വീകരിച്ചിട്ടുള്ളതാണു്. കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും തമ്മിൽ വിശ്വാസസത്യങ്ങളുടെ ആധാരത്തെപ്പററിയുള്ള അഭിപ്രായവ്യത്യാസം ഞങ്ങൾ ഇതിനുമുൻപു് ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. പ്രോട്ടസ്റ്റന്റുകാർ വേദപുസ്തകത്തെ (വരമൊഴിയായ വെളിപാടിനെ) മാത്രം വിശ്വാസത്തിന്റെ ആധാരമായി സ്വീകരിക്കുന്നു. കത്തോലിക്കരാകട്ടെ അതിനുംപുറമെ സഭാപാരമ്പര്യത്തേയും (വാമൊഴിയായ വെളിപാടിനെ) സ്വീകരിക്കുന്നു. ആകയാൽ പ. മറിയത്തിന്റെ നിത്യകന്യാത്വത്തെപ്പററിയുള്ള വിവാദത്തിൽ അടിസ്ഥാനമായി നില്ക്കുന്നതു് വിശ്വാസസത്യങ്ങളുടെ ആധാരത്തെപ്പററിയുള്ള അഭിപ്രായവ്യത്യാസമാണെന്നു് ചോദ്യകാരനെ അനുസ്മരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

### സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

ആദ്യത്തെ നാലു നൂററാണ്ടുകളിലെ സഭാപിതാക്കന്മാർ മറിയത്തിന്റെ നിത്യകന്യാത്വം പഠിപ്പിച്ചിട്ടുള്ളതാണു്. ജസ്റ്റിൻ, അരിസ്റ്റിഡസ്, ഇറനേവൂസ്, ഓറിജൻ, ഹിലരി, എപ്പിഫാനിയസ്, ജറോം, അഗുസ്തീനോസ് എന്നീ പിതാക്കന്മാർ ഇവരിൽ പ്രമുഖരമാണു്. വിശുദ്ധ ജറോം മറിയത്തിന്റെ നിത്യകന്യാത്വം നിഷേധിച്ച ഇടത്തുട്ടുകാരെ ഖണ്ഡിച്ചു് ദീർഘമായ പ്രബന്ധങ്ങൾ തന്നെ എഴുതിയിട്ടുണ്ടു്. വിശുദ്ധ അഗുസ്തീനോസിന്റെ സംക്ഷിപ്തവും മനോഹരവുമായ ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിക്കാം.

"മാലാഖാ തന്റെ സന്ദേശം നല്കുന്നു. പ. കന്യക അതു കേൾക്കുകയും അതു വിശ്വസിക്കുകയും, ഗർഭം ധരിക്കുകയും ചെയ്യുന്നു. തന്റെ ആത്മാവിൽ വിശ്വാസത്തെ ധരിക്കുന്നു. തന്റെ ഉദരത്തിൽ ക്രിസ്തുവിനെ ധരിക്കുന്നു. കന്യകയായിരുന്നുകൊണ്ടു് ഗർഭം ധരിക്കുന്നു. ഇതത്ഭുതകരമാണു്. കന്യകയായിരുന്നുകൊണ്ടു പ്രസവിക്കുന്നു. ഇതു കൂടുതൽ അത്ഭുതകരമാണു്. പ്രസവത്തിനുശേഷവും കന്യകയായിത്തന്നെയിരിക്കുന്നു."

### വേദപുസ്തകസാക്ഷ്യം

മറിയത്തിന്റെ നിത്യകന്യാത്വത്തെപ്പററിയുള്ള ഈ വിശ്വാസത്തിനു് സഭാപിതാക്കന്മാർ വേദപുസ്തകത്തിലും, പഴയനിയമത്തിലും പുതിയനിയമത്തിലും, ആധാരം കാണാതിരുന്നിട്ടില്ല. "കണ്ടാലും ഒരു കന്യക ഒരു പുത്രനെ ഗർഭംധരിക്കും. അവന്റെ പേർ എമ്മാനുവേൽ എന്നായിരിക്കും" എന്നു ഏശയ്യാ ദീർഘദർശി ...... പറഞ്ഞിട്ടുള്ളതാണു്. ഈ വാക്യത്തിൽ കന്യക എന്നതിനുപയോഗിച്ചിരിക്കുന്ന പദം "ആൽമ" എന്നാണു്. പഴയനിയമത്തിൽ പലേടങ്ങളിലും ഈ പദം ഉപയോഗിച്ചിരിക്കുന്നതു് സാക്ഷാൽ കന്യകയെന്ന അർത്ഥത്തിലാണു്. ഹീബ്രുഭാഷയിൽനിന്നു പഴയനിയമം ഗ്രീക്കുഭാഷയിലേക്കു വിവർത്തനംചെയ്ത യഹൂദന്മാർ (286-246 B. C.) "ആൽമ" എന്നതിനുപയോഗിച്ച പദം "പാർത്തേനോസ്" എന്നാണു്. ഈ ഗ്രീക്കുപദത്തിന്റെ അർത്ഥം സാക്ഷാൽ കന്യകയെന്നാണു്. "ഞാൻ പുരുഷനെ അറിയുന്നില്ല" എന്നു പ. കന്യക ഗബ്രിയേൽ മാലാഖായോടു പറഞ്ഞ വാക്കുകളെ പിതാക്കന്മാർ ഗ്രഹിക്കുന്നതു്, മറിയം നിത്യകന്യാത്വം വ്രതംചെയ്തിരുന്നു എന്ന അർത്ഥത്തിലാണു്.

### "സഹോദരന്മാർ"

ഈശോയുടെ "സഹോദരന്മാർ" എന്നു പുതിയനിയമത്തിൽ കാണുന്ന പ്രയോഗം സഭാപിതാക്കന്മാരുടെ ദൃഷ്ടിയിൽ മറിയത്തിന്റെ നിത്യകന്യാത്വത്തിനു് എതിരായിരുന്നില്ല. അവരിൽ മഹാഭൂരിപക്ഷവും സഹോദരൻ എന്ന പദത്തിനു് ഇംഗ്ലീഷിൽ കസിൻ (Cousin) എന്ന പദത്തിന്റെ അർത്ഥമാണുകൊടുത്തിരിക്കുന്നതു്. ജ്യേഷ്ഠാനുജന്മാരുടേയും ജേഷ്ഠത്തി അനുജത്തിമാരുടേയും മററും മക്കൾക്കാണല്ലോ ഇംഗ്ലീഷിൽ കസിൻ എന്ന പദം ഉപയോഗിക്കുന്നതു്. ഈശോയുടെ "സഹോദരന്മാർ" എന്നതിനു് ഈ അർത്ഥം കൊടുക്കുവാൻ പിതാക്കന്മാരെ പ്രേരിപ്പിച്ചിട്ടുള്ള കാരണങ്ങൾ പറയാം.

1) മുകളിൽ പറഞ്ഞതുപോലെ "ഇതെങ്ങനെ സാധിക്കും. എന്തുകൊണ്ടെന്നാൽ ഞാൻ പുരുഷനെ അറിയുന്നില്ല" എന്നു മറിയം മാലാഖായോടു പറഞ്ഞ വാക്കുകളിൽ നിത്യകന്യാത്വം അടങ്ങിയിരിക്കുന്നു.

2) മറിയത്തിനു വേറെയും മക്കളുണ്ടായിരുന്നെങ്കിൽ ഈശോയെ മനഃപൂർവ്വം "മറിയത്തിന്റെ പുത്രൻ" (മർക്കോസു് VI—3) എന്നു വിളിച്ചിരിക്കുന്നതെന്തിനു്? മറിയത്തെ ഈശോയുടെ സഹോദരന്മാരുടെ അമ്മയെന്നു വിളിച്ചിട്ടില്ലാത്തതെന്തുകൊണ്ടു്?

3) ഈശോയുടെ സഹോദരന്മാർ ഈശോയെക്കാൾ പ്രായംകൂടിയവരാണെന്നാണു് സുവിശേഷവാക്യങ്ങളെല്ലാം സൂചിപ്പിക്കുന്നതു്. ഈശോയുടെ ജനപ്രീതിയിൽ അവർ അസൂയാലുക്കളായിരുന്നു. അവർ അവിടുത്തെ കുററംപറയുകയും ഉപദേശിക്കുകയും ചെയ്തിരുന്നു. ഒരു ഭ്രാന്തനാണെന്നുള്ള സങ്കല്പത്തിൽ അവിടുത്തെ കൈയേററംചെയ്യുവാൻ അവർ ശ്രമിക്കുകയും ചെയ്തിരുന്നു. (മർക്കോ. III—31; VI—4; യോഹ. VI—1.)

4) മറിയത്തിനു മററു മക്കളുണ്ടായിരുന്നെങ്കിൽ ഈശോ കുരിശിൽ മരിക്കുമ്പോൾ തന്റെ മാതാവിനെ വിശുദ്ധ യോഹന്നാന്റെ സൂക്ഷത്തിൽ ഏല്പിച്ചതെന്തുകൊണ്ടു്?

### ഹീബ്രുഭാഷയിൽ

"സഹോദരന്മാർ" എന്ന പദം അടുത്ത രക്തസംബന്ധികൾ എന്ന അർത്ഥത്തിൽ പഴയനിയമത്തിൽത്തന്നെ ധാരാളം ഉപയോഗിച്ചിട്ടുണ്ടു്. "അവിടുന്നു് എന്റെ സഹോദരന്മാരെ എന്നിൽനിന്നും അകലെ ആക്കിയിരിക്കുന്നു" (ജോബു് XIX-13). റബേക്കായുടെ ഭർത്താവായ നാക്കോറിനെ "അബ്രാഹത്തിന്റെ സഹോദരൻ" എന്നു വിളിച്ചിരിക്കുന്നു (സൃഷ്ടി XXIV-15). വേറേയും പല ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണു്. ഹീബ്രു, അറമയിക് എന്നീ ഭാഷകളിൽ ഇംഗ്ലീഷിലെ "കസിൻ" എന്ന പദത്തിനു പര്യായമായ പദമില്ല. അതുകൊണ്ടാണു് പഴയനിയമത്തിൽ പല പദവികളിലുമുള്ള അടുത്ത രക്തസംബന്ധികളെ കുറിക്കുവാൻ "സഹോദരൻ" എന്ന പദം ഉപയോഗിക്കുവാൻ നിർബന്ധപ്പെട്ടിരുന്നതു്. പൂർവ്വയാക്കോബു് സഹോദരന്റെ പുത്രനും റാക്കേൽ സഹോദരിയുടെ പുത്രിയുമായിരുന്നു. എന്നുവരികിലും റാക്കേലിനോടു സംസാരിച്ചപ്പോൾ യാക്കോബു പറഞ്ഞതു് താൻ അവളുടെ പിതാവിന്റെ "സഹോദരൻ" ആണെന്നായിരുന്നു. (സൃഷ്ടി XXIX-12). ആകയാൽ ഈശോയ്ക്കു കസിൻമാർ (മറിയത്തിന്റെ സഹോദരികളുടെ പുത്രന്മാരോ, യൗസേപ്പിന്റെ സഹോദരപുത്രന്മാരോ) ഉണ്ടായിരുന്നെങ്കിൽ ഹീബ്രുവും അറമയിക്കും ഭാഷകളനുസരിച്ചു് അവരെ "ഈശോയുടെ സഹോദരന്മാർ" എന്നു വിളിക്കാതെ ഗത്യന്തരമില്ലായിരുന്നു. ഇക്കാരണത്താൽ വിശുദ്ധ എപ്പിഫാനിയസു്, നിസായിലെ വി. ഗ്രിഗറി, അലക്സാണ്ഡ്റിയായിലെ വി. സിറിൽ എന്നീ ചുരുക്കം ചില പിതാക്കന്മാർ "കർത്താവിന്റെ സഹോദരന്മാർ" എന്ന പ്രയോഗത്തിനു കൊടുത്തിരിക്കുന്ന അർത്ഥം വിശുദ്ധ യൗസേപ്പിന്റെ മുൻവിവാഹത്തിലുള്ള പുത്രന്മാരെന്നാണു്.

ചുരുക്കിപ്പറഞ്ഞാൽ ജയിംസു്, ജോസഫ്, സൈമൺ, ജൂഡ് എന്നിവരെപ്പററിയും മററും "ഈശോയുടെ സഹോദരന്മാർ" എന്നു പുതിയനിയമത്തിൽ പറഞ്ഞിട്ടുള്ളതിന്റെ ശരിയായ അർത്ഥം, ഈശോയും അവരും തമ്മിലുള്ള രക്തബന്ധത്തിന്റെ ശരിയായ സ്വഭാവം, സൂക്ഷ്മമായിട്ടറിയാൻ നമുക്കൊരിക്കലും സാദ്ധ്യമല്ല. അവരാരും പരിശുദ്ധ മറിയത്തിന്റെ മക്കളായിരിക്കുവാൻ സാദ്ധ്യമല്ലെന്നുമാത്രം നമുക്കു തീർച്ചയായുമറിയാം. ആകയാൽ ഈശോയുടെ "സഹോദരന്മാർ" എന്ന പ്രയോഗത്തെ ആശ്രയിച്ചുകൊണ്ടു് പരിശുദ്ധ മറിയത്തിന്റെ നിത്യകന്യാത്വത്തെ സംശയിക്കുവാൻ യാതൊരു ന്യായവുമില്ല.

### "പ്രസവിക്കും വരെ"

"പ്രസവിക്കുംവരെ" എന്നു സുവിശേഷകൻ പറഞ്ഞിട്ടുള്ളതുകൊണ്ടു് പ്രസവത്തിന്റെശേഷം മറിയം കന്യകയായിരുന്നില്ലെന്നു അനുമിക്കുന്നതും വേദപുസ്തകഭാഷയനുസരിച്ചുതന്നെ അബദ്ധമാണു്. ഈ അനുമാനമെടുത്ത ഹെൽവിദിയസു് എന്ന നാലാംനൂററാണ്ടിലെ ഇടത്തുട്ടുകാരനു് സഭാപിതാവായ വിശുദ്ധ ജറാംതന്നെ ഏററവും സമർത്ഥമായി മറുപടി നൽകിയിട്ടുണ്ടു്. "വരെ" എന്ന പ്രയോഗംകൊണ്ടു് പിന്നീടുള്ള സംഭവത്തെപ്പററി അവശ്യം അനുമിക്കുന്നതു തെററാണെന്നു കാണിക്കുവാൻ ഈ സഭാപിതാവു് വേദപുസ്തകത്തിലെ അനേകം സാക്ഷ്യങ്ങൾ ഉദ്ധരിച്ചിരുന്നു. "നോഹ പെട്ടകത്തിന്റെ ജനാല തുറന്നു് ഒരു കാക്കയെ പുറത്തേക്കുവിട്ടു. അതുപോയിട്ടു് ഭൂമിയിൽ വെള്ളം വററുന്നതുവരെ മടങ്ങിയില്ല." (സൃഷ്ടി VIII-7). കാക്ക പിന്നീടു് ഒരിക്കലും മടങ്ങിവന്നില്ലെന്നു സ്പഷ്ടമാണല്ലോ. "അവൻ അദ്ദേഹത്തെ (മോശയെ) സംസ്കരിച്ചു. ഈ നാൾവരെ അദ്ദേഹത്തിന്റെ ശവകുടീരത്തെപ്പററി ഒരു മനുഷ്യനും അറിഞ്ഞുകൂടാ." (ആവർത്തനം XXXIV-6). മോശയെ സംസ്കരിച്ചതെവിടെയാണെന്നു് ആരും ഇതേവരെ കണ്ടുപിടിച്ചിട്ടില്ലെന്നു സ്പഷ്ടമാണു്. ആകയാൽ "വരെ" എന്ന വേദപുസ്തകത്തിലെ പ്രയോഗത്തിൽനിന്നു്, ആ സമയംവരെ ഉണ്ടായ സംഗതിയെപ്പററി പറയുന്നുവെന്നല്ലാതെ അതിനുശേഷമുള്ള കാലത്തെ സംഗതിയെപ്പററി എന്തെങ്കിലും പറയുന്നതായി അവശ്യം അനുമിക്കേണ്ടതില്ലെന്നു തെളിയുന്നു.

ഇക്കാരണങ്ങളാൽ ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വേദപുസ്തകസാക്ഷ്യങ്ങളൊന്നും പ. കന്യകമറിയത്തിന്റെ നിത്യകന്യാത്വത്തിനു ബാധകമാകുന്നില്ല. നിത്യകന്യാത്വത്തിന്റെ അനിഷേദ്ധ്യമായ തെളിവു് വായ്മൊഴിയായ വെളിപാടാണു്; അതായതു് സഭാപാരമ്പര്യം. വേദപുസ്തകത്തിൽ അതിനെ താങ്ങുന്ന വാക്യങ്ങളുമുണ്ടു്. ഇവയുടെ വെളിച്ചത്തിലും വേദപുസ്തകഭാഷയനുസരിച്ചും വേണം ചോദ്യകാരനുദ്ധരിച്ചിരിക്കുന്ന വേദവാക്യങ്ങളെ വ്യാഖ്യാനിക്കുവാൻ.

---

വനുണ്ടെങ്കിൽ മരണവുമുണ്ടു്; ജ്ഞാനമുണ്ടെങ്കിൽ അജ്ഞാനവും; സ്നേഹമുണ്ടെങ്കിൽ വിരോധവും. ഈ ലോകം നിശ്ചയമായും നമുക്കു അപൂർണ്ണമാണു്. ഞാനും നിങ്ങളും നമ്മളെല്ലാവരും ഇവിടേക്കുള്ളവരല്ല.

നമ്മുടെ ജീവൻ സൃഷ്ടികളിലല്ല; ജ്ഞാനം വാക്കുകളിലല്ല; സ്നേഹം വസ്തുക്കളിലുമല്ല. ഈ മൂന്നു യാഥാർത്ഥ്യങ്ങളുടെ ഉറവ മററവിടെയോ ആണു്. ജീവന്റേയും, ജ്ഞാനത്തിന്റേയും, സ്നേഹത്തിന്റേയും ഉടയവൻ ആരാണു്? അവയ്ക്കു് ഉത്ഭവസ്ഥാനം ഏതാണു്? നമ്മുടെ ജീവിതത്തെ അവയെങ്ങനെ പിടികൂടി?

ഈ ഉൽകൃഷ്ടഭാവങ്ങൾ വനാന്തരങ്ങളിൽനിന്നോ വ്യത്തിഹീനതയിൽനിന്നോ വന്നതാകുവാൻ തരമില്ല. മോശമായതിൽനിന്നും മേന്മയേറിയതു് എങ്ങനെ ഉണ്ടാകുവാനാണു്?

ഈ മുറിയിലുള്ള വെളിച്ചത്തിന്റെ ഉത്ഭവം ഞാൻ അന്വേഷിക്കുന്നെന്നിരിക്കട്ടെ. എവിടെയാണു് ഞാനതു കാണുക? ഇരിക്കുന്ന കസേരയുടെ കീഴിലായിരിക്കുമോ? അല്ല, അവിടെ നിഴലാണു്. മേശയുടെ അടിയിലായിരിക്കുമോ? അല്ല, അവിടം ഇരുളാണു്. വെളിച്ചമല്ലാതെ മററൊന്നുമല്ലാത്ത വെളിച്ചത്തിലേക്കാണു് ഞാൻ പോകേണ്ടിയിരിക്കുന്നതു്. അതെ, എരിഞ്ഞുകൊണ്ടിരിക്കുന്ന വിളക്കിന്റെ പ്രകാശത്തിലേക്കാണു് ഞാൻ പോകുന്നതു്. ഇതുപോലെ തന്നെ ജീവന്റേയും, ജ്ഞാനത്തിന്റേയും, സ്നേഹത്തിന്റേയും ഉത്ഭവം കാണുന്നതിനു്, മരണത്തിന്റെ മറവില്ലാത്ത ജീവനിലേക്കു നമ്മൾ പോകണം; അജ്ഞതയുടെ അന്ധകാരമില്ലാത്ത ജ്ഞാനത്തിലേക്കു് നമ്മൾ പോകണം; വിരോധത്തിന്റെ നിഴൽപോലുമില്ലാത്ത സ്നേഹത്തിലേക്കു നമ്മൾ പോകണം. ഇതിനു നമ്മൾ അതിദൂരം പോകേണ്ടിയിരിക്കുന്നു. പ്രപഞ്ചത്തിന്റെ അതിർത്തികളെ നമ്മൾ തരണംചെയ്യണം.

ശരിയായ ജീവൻ, ശരിയായ ജ്ഞാനം, ശരിയായ സ്നേഹം ഇതാണു് നമ്മുടെ പ്രാപ്യസ്ഥാനം. അതുതന്നെയാണു് ദൈവവും. അവിടുത്തെക്കുറിച്ചു സംസാരിക്കുവാൻ നമ്മുടെ വാക്കുകൾക്കു് നേർമ്മയില്ല; നമുക്കു പ്രാപ്തിയില്ല. വല്ലതും പറയുവാനാരംഭിച്ചാൽ ബാബേലിലെ കോട്ട കെട്ടിയവരുടെ ഭാഷാകുഴപ്പമാണു് നാമും അനുഭവിക്കുന്നതു്.

ജീവനും ജ്ഞാനവും സ്നേഹവും ദൈവത്തിൽനിന്നുള്ളതെങ്കിൽ നിശ്ചയമായും ദൈവത്തോടു നമ്മൾ കടപ്പെട്ടിരിക്കുന്നു. നമുക്കു ജ്ഞാനത്തെ തന്നിരിക്കുന്നതിനാൽ അവിടുത്തെ നാം അറിയണം. നമുക്കു സ്നേഹത്തെ തന്നിരിക്കുന്നതിനാൽ അവിടുത്തെ നാം സ്നേഹിക്കണം. നമുക്കു ജീവനെ പ്രദാനംചെയ്തിട്ടുള്ളതിനാൽ അവിടുത്തെ നാം സേവിക്കണം. ഈ ത്രിവിധ കടപ്പാടുകളെ നാം സമ്മതിക്കുമ്പോൾ മതത്തെ നാം സ്വീകരിച്ചു കഴിഞ്ഞു. വേദോപദേശത്തിൽ ആദ്യപാഠംതന്നെ ഇങ്ങനെയാണു്:—

"ദൈവം എന്തിനു നിന്നെ സൃഷ്ടിച്ചു? തന്നെ അറിഞ്ഞു സ്നേഹിച്ചു തനിക്കു സേവചെയ്തു് നിത്യരക്ഷ പ്രാപിക്കുവാനായി ദൈവം എന്നെസൃഷ്ടിച്ചു."

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സുർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളുംബോ സാരിവക്കീ, ബ്രോഡ്‌വെ- എറണാകുളം

കുടുംബപംക്തി

# എന്തിനീ പ്രത്യേകത?

(കുടുംബബന്ധു)

ഞാൻ ഒരു സ്നേഹിതന്റെ വീട്ടിൽ അയാളോടുകൂടി ഊണുകഴിച്ചുകൊണ്ടിരിക്കുമ്പോൾ ഫുൾസാരി ധരിച്ച ഒരു യുവതിയാണു ഞങ്ങൾക്കു വിളമ്പിക്കൊണ്ടിരുന്നതു്. ഒരു ചുവന്ന മുറിക്കൈയൻ ബ്ലൌസ്സും കറുത്ത സാരിയും. കഴുത്തിൽ വിചിത്രഡിസൈനിലുള്ള ഏതോ ഒരാഭരണവുമുണ്ടായിരുന്നു. ആകെക്കൂടി കണ്ടിട്ടു് അവൾ ഒരു ക്രിസ്തീയയുവതിയാണെന്നു എനിക്കു തോന്നിയില്ല. മററു പലതും സംസാരിച്ച കൂട്ടത്തിൽ സ്നേഹിതൻ, അതു തന്റെ മകളാണെന്നും കോളെജിൽ പഠിച്ചുകൊണ്ടിരിക്കയാണെന്നും പറഞ്ഞു. എന്താണു പേരെന്നു അന്വേഷിച്ചപ്പോൾ രാജമ്മയാണെന്നു മനസ്സിലായി. ഞാനപ്പോൾ ഒന്നും മിണ്ടിയില്ല.

ഊണുകഴിഞ്ഞു പാർലറിൽ വന്നപ്പോൾ ഞാൻ പറഞ്ഞു: "മകളെ കണ്ടിട്ടു ഒരു പട്ടത്തിയാണെന്നു ഞാൻ വിചാരിച്ചല്ലോ. പണ്ടൊക്കെ വേഷംകൊണ്ടു തിരിച്ചറിയാൻ നിവൃത്തിയില്ലാത്തപ്പോൾ പേരു ചോദിച്ചാലെങ്കിലും ഒരു രക്ഷയുണ്ടായിരുന്നു. ഇപ്പോൾ അതുകൊണ്ടും ഫലമില്ലാതായല്ലോ."

"എന്തിനാണച്ചാ, നമ്മൾ വേഷഭൂഷണാദികളിലെല്ലാം പ്രത്യേകത കാണിക്കുന്നതു്? നമ്മുടെ ക്രിസ്തീയത്വമൊക്കെ ഉള്ളിലിരുന്നാൽ പോരെയോ?" സ്നേഹിതൻ ചോദിച്ചു.

"തീർച്ചയായും പോരാ. 'മനുഷ്യരുടെ മുൻപിൽ എന്നെ ഏററുപറയുന്നവനെ എന്റെ പിതാവിന്റെ മുൻപിലും ഞാൻ ഏററുപറയും' എന്നു നമ്മുടെ കർത്താവീശോമിശിഹാ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാൻ ഒരു കത്തോലിക്കനാണെന്നു വഴിനീളെ വിളിച്ചുപറഞ്ഞുകൊണ്ടു നടക്കണമെന്നല്ല അദ്ദേഹം ഉദ്ദേശിക്കുന്നതു്. നമ്മുടെ വേഷഭൂഷണാദികളും സർവ്വപ്രധാനമായി സകല തുറകളിലുമുള്ള നമ്മുടെ പ്രവർത്തനരീതിയും കർത്താവിന്റെ ശിഷ്യരാണു നാമെന്നു കാണിക്കണം."

"നമ്മുടെ പ്രവർത്തനരീതികൊണ്ടു്—ക്രിസ്തീയ തത്വസംഹിതകളനുസരിച്ചുള്ള ഉത്തമജീവിതംകൊണ്ടു്—നാം കത്തോലിക്കരാണെന്നു കാണിച്ചുകൊടുക്കണമെന്നു പറയുന്ന ഭാഗം ഞാൻ സമ്മതിക്കുന്നു. പക്ഷേ ബാഹ്യവേഷം എന്തിനു വ്യത്യാസപ്പെടുത്തുന്നു?"

"ബാഹ്യവേഷത്തിനു നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതിനു ഒരു വലിയ ശക്തിയില്ലേ? സ്നേഹിതൻ ഒരു നല്ല നടനാണല്ലോ. വേഷംകെട്ടി സ്റ്റേജിൽ കയറുമ്പോൾ ഒരു നവജീവൻ പ്രാപിക്കുന്നതായി അനുഭവപ്പെട്ടിട്ടില്ലേ? വൈദികരും കന്യാസ്ത്രീകളും അൽമായരുടേതിൽനിന്നു വ്യത്യസ്തമായ ഡ്രസ്സു ധരിക്കണമെന്നു തിരുസഭ നിർദ്ദേശിച്ചിരിക്കുന്നതെന്തിനാണെന്നു സ്നേഹിതൻ ചിന്തിച്ചിട്ടുണ്ടോ?" ഞാൻ ചോദിച്ചു.

"അൽമായരിൽനിന്നു വ്യത്യാസപ്പെട്ട ഒരു ജീവിതരീതി അവർ തെരഞ്ഞെടുത്തിരിക്കുന്നതുകൊണ്ടു് അവരെക്കാൾ സുകൃതാഭ്യാസങ്ങളിൽ തങ്ങൾ ഉയർന്നിരിക്കേണ്ടതാണെന്നു വേഷം പോലും വൈദികരെയും കന്യാസ്ത്രീകളെയും സദാ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണമെന്നു തിരുസഭ ഉദ്ദേശിക്കുന്നുണ്ടെന്നാണു എനിക്കു തോന്നുന്നതു്."

"ശരി. ക്രിസ്ത്യാനികളെ സംബന്ധിച്ചും അവർ ഇതരമതസ്ഥരെ അപേക്ഷിച്ചു മെച്ചമായ ഒരു ജീവിതം നയിക്കണമെന്നു തിരുസഭയ്ക്കും ദൈവത്തിനുതന്നെയും ഉദ്ദേശമുണ്ടായിരിക്കയില്ലേ? ആ ഉദ്ദേശസാദ്ധ്യത്തിനു ക്രിസ്ത്യാനിയെ ഇതരമതസ്ഥരിൽനിന്നു തിരിച്ചറിയുന്ന ഒരു വേഷം ഉപകരിക്കയില്ലയോ? ഒരു ദാഹരണമെടുക്കാം. എല്ലാവർക്കും അറിയാം ഒരു കത്തോലിക്കൻ വെള്ളിയാഴ്ച മാംസം ഭക്ഷിച്ചുകൂടെന്നു്. അയാൾ ഒരു യാത്രയിൽ ഹോട്ടലിൽ കയറി ഊണു കഴിക്കേണ്ടിവരുന്നു എന്നിരിക്കട്ടെ. കഴുത്തിൽ ഉത്തരീയം ധരിച്ചുകൊണ്ടു മററുള്ളവർ കാൺകെ മാംസം ഭക്ഷിക്കാൻ നല്ലപേരിനെ ഓർത്തെങ്കിലും അയാൾ മുതിരുമോ? നേരെമറിച്ചു കത്തോലിക്കനെന്നു തിരിച്ചറിയാൻ നിവൃത്തിയില്ലെങ്കിൽ മനസ്സാക്ഷിമാത്രമേ ആ പ്രമാണലംഘനത്തിൽനിന്നു അയാളെ പ്രതിനിവർത്തിപ്പിക്കാൻ ഉണ്ടാകയുള്ളു."

"അച്ചൻ പറഞ്ഞതു് ശരിയാണു്. എനിക്കുതന്നെ ഈ അനുഭവം ചിലപ്പോഴെല്ലാം ഉണ്ടായിട്ടുണ്ടു്." അയാൾ സമ്മതിച്ചു.

"വേഷഭൂഷണാദികളിൽ വ്യത്യാസമുള്ളതുകൊണ്ടു വേറെയും ഒരു ഗുണമുണ്ടു്. കഴിഞ്ഞ യുദ്ധകാലത്തു കത്തോലിക്കാ ഭടന്മാരെ തിരിച്ചറിയുന്നതിനായി അവർ ഒരു കാശുരൂപം ധരിക്കണമെന്നു ചാപ്ലന്മാർ ഏർപ്പാടുചെയ്തിരുന്നു. അതു മുറിപ്പെട്ടു അവശരായി ഒന്നും മിണ്ടാൻ പാടില്ലാതെ കിടക്കുകയാണെങ്കിലും അവർക്കു അന്ത്യകൂദാശകൾ കൊടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാകുന്നതിനായിരുന്നു. മോട്ടോർ അപകടങ്ങളും മററും ധാരാളമുള്ള കാലമല്ലേ ഇതു്? മരണാപകടത്തിൽപ്പെട്ടു കിടക്കുന്നവർ കത്തോലിക്കരാണെന്നു അറിയുന്നപക്ഷം അന്ത്യശുശ്രൂഷകൾ ലഭിക്കുന്നതിനു വളരെ സൗകര്യമുണ്ടു്. തിരിച്ചറിയാൻ നിവൃത്തിയില്ലാത്തപ്പോൾ ചോദിച്ചറിയുക അത്ര എളുപ്പമായിരിക്കയില്ല. നമ്മുടെ രാജമ്മതന്നെ ഈ വേഷത്തിൽ വല്ല മോട്ടോർ അപകടത്തിലും പെട്ടുകിടക്കുകയാണെങ്കിൽ ഞാൻ ആ വശത്തേക്കു തിരിഞ്ഞുനോക്കുകപോലും ചെയ്യുമോ എന്നു സംശയമാണു്. ഒരു പട്ടത്തിയുടെ അടുക്കൽ കത്തോലിക്കാ വൈദികനു് എന്തു കാര്യം?"

"അച്ചന്റെ വാദം ഞാൻ സമ്മതിച്ചുതരാം. എന്നാൽ വേഷത്തിലും മററും എന്തു വ്യത്യാസം വരുത്തണമെന്നാണു് അച്ചൻ പറയുന്നതു്? പഴയ ചട്ടയും മുറിയുമെല്ലാം വേണമെന്നാണോ?"

"എന്നു ഞാൻ പറയുന്നില്ല. ഫുൾസാരി നല്ല അടക്കമൊതുക്കമുള്ള ഒരു വേഷമാണെന്നു ഞാനും സമ്മതിക്കുന്നു. എങ്കിലും നമ്മളെ തിരിച്ചറിയുന്നതിനു് എന്തെങ്കിലും മാറ്റമുണ്ടാകണം. അതിനു നിവൃത്തിയുള്ളിടത്തോളം വെള്ളനിറമുപയോഗിക്കുന്നതായിരിക്കും നല്ലതു്. വെള്ളയ്ക്കൊരു പ്രത്യേക മാഹാത്മ്യമുണ്ടു്. ഇനി മററു നിറങ്ങൾ വേണമെങ്കിൽത്തന്നെ ഇളംനിറങ്ങളേ ഉപയോഗിക്കാവൂ. സർവ്വപ്രധാനമായി ബ്ലൌസ്സിന്റെ കൈയ്ക്കു നല്ല നീളമുണ്ടായിരിക്കാൻ ശ്രമിക്കണം. അങ്ങനെ ചെയ്താൽ, മാർപ്പാപ്പായുടെയും മെത്രാന്മാരുടെയും നിർദ്ദേശം സ്വീകരിക്കുന്നു എന്നൊരു മെച്ചമുണ്ടെന്നുള്ളതുകൂടാതെ, ചില രാജ്യങ്ങളിൽ മററുള്ളവരെപ്പോലെ കോട്ടും കളസവും ധരിച്ചു നടക്കുന്ന വൈദികരെ അവരുടെ പ്രത്യേകതരം കോളറുകൊണ്ടു തിരിച്ചറിയാൻ സാധിക്കുന്നതുപോലെ കത്തോലിക്കാസ്ത്രീകളെ അവരുടെ കൈകണ്ടു മനസ്സിലാക്കാൻ സാധിക്കയും ചെയ്യും. കഴുത്തിൽ ധരിക്കുന്ന ആഭരണങ്ങളിലും ക്രിസ്തീയത്വം ഉണ്ടായിരുന്നാൽ കൊള്ളാം. ജപമാലയോ ഉത്തരീയമോ കുറഞ്ഞപക്ഷം ഉത്തരീയകാശുരൂപമെങ്കിലുമോ സദാ ധരിച്ചിരിക്കണം. ഇത്രയും കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ അത്യാവശ്യത്തിനു മതിയാകുമെന്നു തോന്നുന്നു."

——

പുസ്തകാഭിപ്രായം

## ത്യാഗധീരൻ

[രചയിതാക്കൾ: റവ. ഫാദേഴ്സ് ജയിംസ് താന്നിക്കൻ, ജേക്കബ് ഏറത്തേടം, ജേക്കബ് തേവർപാടം. എസ്സ്. എച്ച്. ലീഗ്, ആലുവാ. പക്ഷം 182. വില 1—10—0.]

മംഗലപ്പുഴ വൈദികകലാലയത്തിൽ പഠനം പൂർത്തിയാക്കി, ചിരപ്രതീക്ഷിതമായ പൗരോഹിത്യത്തിൽ പദമൂന്നിയിരിക്കുന്ന മൂന്നു യുവവൈദികർ, തങ്ങളുടെ ദിവ്യാഭീഷ്ടപ്രാപ്തിയുടെ സമുൽകൃഷ്ടസ്മാരകമായി കൈരളിയുടെ മുമ്പിൽ സമർപ്പിക്കുന്ന ഒരു ജീവചരിത്രഗ്രന്ഥമാണു് "ത്യാഗധീരൻ". ഒരു സന്യാസസഭാസ്ഥാപകൻ, അതിവിശാലമായ ഒരു രൂപതയുടെ അധികാരി, അനേകരുടെ ആദ്ധ്യാത്മികപാലകൻ, അപശ്ചിമനായ ഒരു ഗ്രന്ഥകാരൻ എന്നി വിവിധനിലകളിൽ വിശ്വവിശ്രുതനായി, പുണ്യപരിപൂർണ്ണതാസൗധത്തിന്റെ അത്യുച്ചിയിൽ വിരാജിക്കുന്ന വി. നോർബർട്ടിന്റെ ഹൃദയസ്പർശകമായ ജീവിതകഥ അനുവാചകരെ ആകർഷിക്കതന്നെ ചെയ്യും. പുസ്തകത്തിനു അന്വർത്ഥമായി നല്കിയിരിക്കുന്ന നാമംതന്നെ കഥാനായകനിൽ വെട്ടിത്തിളങ്ങിയിരുന്ന ക്രിസ്തീയാരൂപിയെ സുതരാം വിളിച്ചറിയിക്കുന്നുണ്ടു്.

ആധുനികലോകം സഹർഷം സ്വാഗതംചെയ്യേണ്ടതാണു് വിശുദ്ധരുടെ ജീവചരിത്രഗ്രന്ഥങ്ങൾ. അവരുടെ ജീവചരിതം വിളിച്ചറിയിക്കും അവർ പുണ്യവഴികളിൽ സ്വൈരം വിഹരിച്ചതിന്റെ പരമരഹസ്യം. ജീവിതക്ലേശങ്ങളുമായേററുമുട്ടി അവസാനം വൈജയന്തിയേന്തി വിളങ്ങുന്ന വിശുദ്ധർ ഏവർക്കും അനുകരണയോഗ്യരായി പരിലസിക്കേണ്ടവരാണു്.

എന്നാൽ അജ്ഞാതവസ്തുകൾ ആഗ്രഹിക്കപ്പെടുന്നില്ല. പരിത്യാഗത്തിന്റെ പരമൗന്നത്യം ഈ വിശുദ്ധന്റെ ജീവിതം വഴിഗ്രഹിച്ചു് അദ്ദേഹത്തിന്റെ ആദർശങ്ങളെ അനുകരിക്കുന്നവരായി പലരും മുന്നോട്ടുവരുവാൻ ഈ ഗ്രന്ഥം ഇടവരുത്തട്ടെ. 25 അദ്ധ്യായങ്ങളിലായി ലളിതഭാഷയിൽ ആകർഷകമായ രീതിയിൽ ഈ പുസ്തകനിർമ്മിതി സാധിച്ച രചയിതാക്കൾ അനുമോദനാർഹരാണു്. ത്യാഗധീരനെ സാഹിത്യവേദിയിൽ ഏകനായി വെടിയരുതേ എന്നാണു് ഗ്രന്ഥകർത്താക്കളോടു് ഇത്തരുണത്തിലുള്ള അപേക്ഷ. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു. (V. P.)

## ശാന്തി നികേതനത്തിലേക്കു്

[രചയിതാവു്: എ. ഡി. മാററം. വശം 164. വില. 1—6—0. എസ്സ്. എച്ച്. ലീഗ്, ആലുവാ]

മനുഷ്യബുദ്ധി സദാ സത്യാന്വേഷിയാണു്. അതു സത്യപ്രാപ്തിയിൽ മാത്രമേ വിശ്രമമനുഭവിക്കയുള്ളു. ഒരു യഥാർത്ഥ സത്യാന്വേഷിയുടെ ബുദ്ധിക്കു പരിപൂർണ്ണവിശ്രമം ലഭിക്കത്തക്ക തത്വങ്ങൾ ഒരു മതം ഉൾക്കൊള്ളുന്നുണ്ടെങ്കിൽ അതിനു സത്യമതമെന്ന പേരു നല്കാം. ഈ പ്രകാരമുള്ള സത്യതത്വങ്ങൾ കത്തോലിക്കാക്രിസ്തുമതം ഉൾക്കൊള്ളുന്നുണ്ടു്. സത്യമതമെന്നഭിമാനപൂർവ്വം സ്വയം അഭിസംബോധനചെയ്യുന്നതിനു് ഈ മതത്തിനുമാത്രമേ അവകാശമുള്ളു. ദൈവദത്തമായ ഈ അവകാശം അനിഷേധ്യമായി നിലകൊള്ളുന്നു. ഈ വസ്തുത പലരുടെയും അനുഭവസാക്ഷ്യങ്ങളാൽ ദൃഢതരമായിത്തീരുന്നു. ഈ സഭയുടെ ശാശ്വതതത്വങ്ങളെ യുക്തിയുടെ ദീപ്തിയിൽ ദർശിച്ചു് അതിനെ ആശ്ലേഷിച്ച മഹാന്മാർ നിരവധിയാണു്. കർദ്ദിനാൾ ന്യൂമൻ, അർണ്ണാൾഡ് ലൺ, ജി. കെ. ചെസ്റ്റർട്ടൺ എന്നി വിശ്വവിശ്രുതരുടെ നാമങ്ങൾ ഇവരുടെ കൂട്ടത്തിൽനിന്നും സ്ഥാലീപുലാകന്യായേന ഉദ്ധാര്യമാണു്.

ഈദൃശസന്തതികളുടെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോളാണു് നിരൂപണവിഷയമായ ഈ പുസ്തകത്തിന്റെ മാററു മനസ്സിലാകുന്നതു്. സാക്ഷാൽ "ശാന്തിനികേതന"മായ കത്തോലിക്കാതിരുസ്സഭയെ അഭയംഗമിച്ച 19 ആധുനികമഹാന്മാരുടെ മാനസാന്തരസംഭവങ്ങളാണു് ഇതിലെ ഉള്ളടക്കം. ജനിച്ചുവളർന്ന മതത്തെ വിട്ടുപേക്ഷിച്ചു് വിവിധ ദുർഘടസന്ധികളെ വിജയപൂർവ്വം തരണംചെയ്തു് ഒടുവിൽ സത്യമതത്തിലെത്തിച്ചേർന്ന ഇവരുടെ ജീവിതസംഭവവികാസങ്ങൾ ഏതൊരുവനും ഹൃദയാവർജ്ജകമായിരിക്കും. ജീവിതത്തിലെ വിവിധരംഗങ്ങളിൽ വ്യാപരിച്ചിരുന്ന ഈ മഹാന്മാരുടെ മാനസാന്തരകഥ, അനേകരെ ശാന്തിനികേതനത്തിലേക്കു് ആനയിക്കും. സംശയമില്ല. ഇപ്രകാരമുള്ള പുസ്തകങ്ങൾ വാങ്ങി അനാഗതർക്കും വായിക്കുവാൻ സൗകര്യപ്പെടുത്തുകയെന്നതു് നിസ്സാരമായ, എന്നാൽ സ്തുത്യർഹമായ ഒരു പ്രേഷിതവേലയായിരിക്കും.

ഇത്രകാലോചിതമായ ഒരമൂല്യനിക്ഷേപം ക്രൈസ്തവസാഹിത്യഭണ്ഡാഗാരത്തിൽ, തന്റെ പൗരോഹിത്യസ്മാരകമായി മുതൽക്കൂട്ടിയ ഗ്രന്ഥകാരൻ ഏവരുടേയും അതിയായ അഭിനന്ദനങ്ങൾക്കു് അർഹനാണു്. പ്രേഷിതവിജയത്തിനു സർവഥാ യോഗ്യമായ ഇത്തരം മധുനിഷ്യന്ദികളായ പുസ്തകകുസുമങ്ങൾ ഉൽഫുല്ലമാകട്ടെ ഇനിയും ഈ നവവൈദികന്റെ തൂലികാലതയിൽ. അവയിലെ മധുവുണ്ണുവാനായി നിരവധി മധുപങ്ങൾ വന്നണയുകയും ചെയ്യട്ടെ. (V. P.)



മുപ്പതോളം ഇടവകകളിലെ മരിയസൈന്യാംഗങ്ങളുടെ (Legion of Mary) പ്രതിനിധികളടങ്ങിയ കാഞ്ഞിരപ്പള്ളി ക്യൂരിയായുടെ കഴിഞ്ഞ ഫെബ്രുവരിമാസത്തിലെ സമ്മേളനാവസരത്തിൽ എടുത്ത ഫോട്ടോ.

കസേരയിൽ ഇരിക്കുന്നവർ (1) റവ: ഫാ: തോമസ് ഓലിക്കാലിൽ. (2) റവ: ഫാ: എൽ. ജെ. ചിററൂർ. (3) വെ: റവ: ഫാദർ സെബാസ്റ്റ്യൻ കുളക്കുത്തിയിൽ. (4) ക്യൂരിയാപ്രസിഡന്റു ബ്രദർ ജോർജ്ജ് തോമസ് ബി. എ. ബി. എൽ. (5) റവ: ഫാ: ഫ്രാൻസിസ് പാട്ടത്തിൽ. (6) റവ: ഫാ: ആന്റണി കുഴ്മാളശ്ശേരി.

ചെറുകഥ

# കരയുന്ന പുഷ്പങ്ങൾ

(ഏ. ററി. ദേവസ്യാ, ബി. എ.)

"ജോസേ, അവൾ പഠിച്ചതു മതി. നമ്മെക്കൊണ്ടൊക്കുമോ വലിയ പണക്കാരെപ്പോലെ ഗ്രേസിയെ ഒരുപാടു പഠിപ്പിക്കുവാൻ?"

"അല്ലമ്മെ, അച്ചായന്റെ മരണനേരത്തെ വാക്കുകൾ ഓർമ്മിക്കുന്നില്ലേ? എന്നെ ഞാൻ സ്നേഹിക്കുന്നതിലധികം അവളെ സ്നേഹിക്കണമെന്നും, അവളുടെ അഭ്യുദയത്തിനുവേണ്ടി എന്നെത്തന്നെ അർപ്പിക്കണമെന്നും. ആ സ്മരണ എന്നിൽ നിലനിൽക്കുമ്പോൾ ഞാൻ



എന്റെ കർത്തവ്യനിർവഹണത്തിൽനിന്നും പിൻവാങ്ങുകയില്ല."

"അതു ശരിയാണ്. എന്നാലും നാം സാധുക്കളല്ലേ. ഫാക്ടറിയിൽനിന്നും നിനക്കു കിട്ടുന്ന ശമ്പളംകൊണ്ടു് വീട്ടുചിലവും, അവളുടെ പഠിത്തവും നടക്കേണ്ടേ? നീ കിടപ്പിലായാൽ..."

"ഈശ്വരൻ അങ്ങനെ വരുത്തുകയില്ല. എല്ലാം അവിടുന്നു അറിയുന്നുണ്ടു്. കൂടാതെ എം. എ. ക്കു് പഠിക്കുവാൻ ഗ്രേസിക്കു കോളെജിൽനിന്നും വേതനവും കിട്ടുന്നുണ്ടല്ലോ. ഞാൻ പഠിക്കാതിരുന്നതിന്റെ ഫലം ഇപ്പോൾ അനുഭവിക്കുന്നുണ്ടു്. ഒരു കൊല്ലവുംകൂടി കഴിഞ്ഞാൽ..."

"അവൾക്കു ജോലി കിട്ടും." മാതാവു ബാക്കി പൂരിപ്പിച്ചു.

ആലപ്പുഴ കയർ ഫാക്ടറിയിലെ ഒരു സാധാരണ തൊഴിലാളിയാണു് ജോസു്. പ്രഭാതംമുതൽ പ്രദോഷംവരെ പണിയെടുക്കുവാൻ ജോസിനു മടിയില്ല. മാതാവിന്റെ ഹൃദയാകർഷകമായ പുഞ്ചിരി ദർശിക്കുകയും, ഗ്രേസി അയക്കുന്ന കത്തുകളിലെ സ്നേഹമസൃണവും കൃതജ്ഞതാനിർഭരവുമായ വാക്കുകൾ ഓർമ്മിക്കുകയും ചെയ്താൽ ക്ഷീണമെന്തെന്നു് ആ തൊഴിലാളി അറിയുകയില്ല. അമ്മയുടെ മുഖത്തു സന്താപത്തിന്റെ കരിനിഴൽ കണ്ടാൽ അയാളുടെ കണ്ണുകൾ നിറയും. ദാരിദ്ര്യത്തിന്റെ കരാളിന്ന പരമാർത്ഥങ്ങളുമായി ഏററുമുട്ടുവാൻ നിർബന്ധിതയായ സ്വസോദരിയുടെ എഴുത്തിന്റെ ഏതെങ്കിലും കോണിൽ പണമില്ലാഞ്ഞിട്ടു കണക്കുബുക്കു വാങ്ങിയില്ലെന്നു കണ്ടാൽമതി, ജോസിന്റെ ഹൃദയംപൊട്ടി അശ്രുബിന്ദുക്കൾ ധാരധാരയായി പ്രവഹിക്കാൻ. തന്റെ ആരോഗ്യം അപകടത്തിലായാലും വേണ്ടില്ല എന്ന മനസ്ഥിതിയോടെ ജോലിചെയ്തു പണം ഉണ്ടാക്കി അയച്ചാൽമാത്രമേ ആ സ്നേഹമൂർത്തിക്കു രാത്രിയിൽ ഉറങ്ങാൻ സാധിക്കൂ.

വെളുപ്പിനു അഞ്ചരമണിക്കുള്ള ബോട്ടിൽ യാത്രചെയ്താൽ ജോസിനു ജോലിസ്ഥലമായ ഫാക്ടറിയിൽ സമയത്തു എത്തുവാൻ കഴിയും. മാതാവു കാപ്പിയും തിളപ്പിച്ചു് ഉച്ചയ്ക്കു പൊതിച്ചോറും കെട്ടിക്കൊടുത്തയക്കും. അതും കൈയിൽ തൂക്കി ബോട്ടുകടവിൽ എത്തുന്ന ജോസു് തിരിച്ചു വീട്ടിൽ എത്തുമ്പോൾ മണി ആറാകാതിരിക്കയില്ല. തന്റെ ജീവിതാശകൾ പുഷ്പിച്ചുനിൽക്കുന്ന അരുമമകന്റെ തിരിച്ചുവരവു കാണുവാൻ അക്ഷമയായിരിക്കുന്ന മാതാവിന്റെ കുശലാന്വേഷണങ്ങൾ ശ്രവിച്ചു് കുളിർത്തഹൃദയത്തോടെ അയാൾ സന്ധ്യാകൃത്യങ്ങളിൽ വ്യാപൃതനാകും.

ചില അവസരങ്ങളിൽ അയാളുടെ വാത്സല്യജനനി പറയും "മകനേ, നീ ഒരു കല്യാണം കഴിച്ചു് ഒരു കൊച്ചുകാൽകണ്ടിട്ടു എനിക്കു മരിച്ചാൽ മതി. എനിക്കൊരു കൂട്ടുവേണ്ടേ ഇവിടെ?" എന്നൊക്കെ. ജോസിന്റെ മറുപടി എപ്പോഴും പുഞ്ചിരിയും ചുമതലാബോധവും ഇടകലർന്ന സ്വരത്തിലായിരുന്നു.

"ഗ്രേസി പഠിച്ചു പാസ്സായിക്കഴിഞ്ഞിട്ടുമാത്രമേ കൂടുതൽ ചിലവു താങ്ങാൻ ഞാൻ ചിന്തിക്കയുള്ളു. ഞങ്ങളുടെ സിരകളിൽക്കൂടി ഓടുന്നതും ഒരേരക്തമല്ലേ? അവളുടെ സുഖമാണു് എന്റെയും സുഖം." ഈ വിധത്തിലുള്ള ഉത്തരങ്ങൾ കേട്ടു ആ മാതൃഹൃദയം ത്രസിക്കാറുണ്ടു്. ഇത്ര സഹോദരീവാത്സല്യമുള്ള ഒരു സുതനെ പ്രസവിച്ചതിൽ അവർ അഭിമാനംകൊള്ളുക സാധാരണമായിരുന്നിരിക്കണം.

ഒരു ശനിയാഴ്ചദിവസം ദിനകരൻ പശ്ചിമാബ്ധിയിൽ സ്നാനത്തിനിറങ്ങി. പക്ഷികൾ ചേക്കേറുന്നതിനുമുമ്പു് തങ്ങളുടെ കളകൂജനത്താൽ അലയാഴിയിൽ മുഴുകിയ സൂര്യനു അന്ത്യാഭിവാദനങ്ങൾ എത്തിച്ചു കഴിഞ്ഞു. നീലാകാശപ്പരപ്പിൽ വെൺകല്ലുകൾ പതിച്ചതുപോലെ താരങ്ങൾ മിന്നിത്തിളങ്ങുന്നു. നിശീഥിനിയുടെ മാറിടത്തെ ഉള്ളച്ചുകൊണ്ടും, കൂരിരുട്ടിനെ തള്ളിമാററിക്കൊണ്ടും അകലെനിന്നും വരുന്ന നാട്ടുവെളിച്ചത്തെ ഒരു ചെററപ്പുരയുടെ മുമ്പിൽ നിൽക്കുന്ന വൃദ്ധ ആകാംക്ഷയോടെ നോക്കുകയാണു്. ക്ഷണത്തിൽ ആ വെളിച്ചം അണഞ്ഞു. അല്പസമയത്തിനുള്ളിൽ പുകഞ്ഞതിന്നു കററച്ചൂട്ടിന്റെ മുറിയുമായി ജോസു് മുററത്തെത്തി. ആ മാതാവിനു സ്വപുത്രന്റെ സുരക്ഷിതത്വത്തിൽ അത്യധികം താല്പര്യം ഉണ്ടായിരുന്നതിനാൽ ആയിരിക്കണം, പതിവിലധികം താമസിച്ചുവന്ന ജോസിനോടു് അവർ സ്നേഹസ്വരത്തിലും, എന്നാൽ അധികാരഭാവത്തിലും ഇങ്ങനെ ചോദിച്ചു:

"മകനേ, നീ എന്താണു് ഇത്ര അധികം താമസിച്ചതു്? നീ വരാതിരുന്ന ഓരോ നിമിഷവും എനിക്കു് ഓരോ നാഴികയായിത്തോന്നി."

"ഞാൻ വെറുതെ താമസിച്ചുവെന്നേയുള്ളു. ചില കൂട്ടുകാരോടൊത്തു് ഒരു മീററിംഗിൽ സംബന്ധിച്ചു." അയാൾ പരമാർത്ഥം പറഞ്ഞു.

"അപ്പോൾ, നീ എന്നെ മറന്നു അല്ലേ?" വൃദ്ധ ഉൽകണ്ഠയോടെ ചോദിച്ചു.

"അല്ല, കൂലി കൂടുതൽ കിട്ടുന്നതിനു വേണ്ടി ചിലർ ഫാക്ടറിയിൽ പണിമുടക്കം തുടങ്ങുവാൻ ആലോചിക്കുന്നുണ്ടു്. റഷ്യയിലേതുപോലെ എല്ലാവർക്കും സമത്വം ഉണ്ടാകണമെങ്കിൽ പണിമുടക്കി ഗവമ്മെന്റിനെ മറിക്കണമെന്നൊക്കെ ഒരാൾ പ്രസംഗിക്കുന്നതു കേട്ടു. നമ്മെപ്പോലുള്ളവർക്കൊക്കെ അന്നു നാട്ടുഭരിക്കാം എന്നൊക്കെയാണു് അയാൾ പറയുന്നതു്. സഹായംവേണ്ട ജോലിക്കാർ ആ പ്രസംഗിച്ച സഖാവു് ജോവിസ്കിയുടെ അടുക്കൽ ചെന്നാൽ മതിയെന്നും പറഞ്ഞു." ജോസ് മാതാവിന്റെ മുഖത്തേക്കു നോക്കി.

"കുഞ്ഞേ," അവർ ദൃഢസ്വരത്തിൽ പറഞ്ഞു. "അതൊന്നും വേണ്ട. നമുക്കു ഇതുപോലെ ജീവിച്ചാൽ മതി. തമ്പുരാന്റെ സഹായം മതി നമുക്കൊക്കെ. പിന്നെ നമ്മുടെ ഗ്രേസി ജയിച്ചു വന്നാൽ ബുദ്ധിമുട്ടും തീരും. അവളുടെ എഴുത്തുവന്നിട്ടുണ്ടു്. വിശേഷം നോക്കിക്കെ." വാതിൽപ്പടിമേൽ വച്ചിരുന്ന എഴുത്തു് അവർ പുത്രന്റെ കൈയിൽ കൊടുത്തു.

പുരയ്ക്കുള്ളിൽ മങ്ങിപ്രകാശിച്ചുകൊണ്ടിരുന്ന പാട്ടവിളക്കിന്റെ അടുക്കൽ എത്തി ജോസ് കത്തു വായിച്ചു. അതിൽ അനേകം കാര്യങ്ങൾ വർണ്ണിച്ചിരുന്ന കൂട്ടത്തിൽ കോപ്പറേഷൻ പ്രദർശനത്തിനു പോയതും ഘോഷയാത്രയിൽ വോളൻടിയർ ആയതും ഒക്കെ വിവരിച്ചിരുന്നു. കത്തിന്റെ അവസാനഭാഗം വായിച്ചതോടെ ജോസ് ഒന്നു ഞെട്ടി. 75 രൂപാ കോളെജ്ഫീസ് അടയ്ക്കാൻ ഉടൻ അയച്ചുകൊടുക്കണം. എവിടെനിന്നു് ഏതുവിധത്തിൽ ഇത്രപെട്ടെന്നു് അത്രയും പണം ഉണ്ടാക്കും? അയാൾ തന്നോടുതന്നെ ചോദിച്ചു. മാതാവിന്റെ രോഗവിമുക്തിക്കുവേണ്ടി അയാൾ അല്പാല്പം മിച്ചിച്ചിരുന്ന തുക ചിലവാക്കിക്കഴിഞ്ഞിരുന്നു. ചിന്താക്രാന്തനായി അയാൾ കിടക്കയിലേക്കു ചരിഞ്ഞു.

നിദ്രാദേവിയുടെ ദാസ്യത്തിൽനിന്നും രക്ഷപ്രാപിച്ച ജോസ് ഫാക്ടറിയിലേക്കു യാത്രയായി. അയാൾ തലേദിവസത്തെ പ്രാസംഗികനായിരുന്ന സഖാവു് ജോവിസ്കിയെ ബോട്ടിൽവച്ചു കണ്ടു. കാറൽമാർക്സിന്റെ ഒരു പുസ്തകവും വായിച്ചു്, സിഗററും പുകച്ചുകൊണ്ടിരിക്കുന്ന സഖാവു് ഗ്രന്ഥത്തിൽനിന്നും തലയുയർത്തി സമീപസ്ഥർക്കു ചിലപ്പോൾ തന്റെ വിജ്ഞാനഭണ്ഡാഗാരം തുറന്നുകൊടുത്തുകൊണ്ടിരിക്കയാണു്. ഏതാനും മിനിററുകൾ അങ്ങനെ കഴിഞ്ഞതോടെ അയാൾ ബോട്ടിന്റെ ഒരു വക്കിൽ നിന്നുകൊണ്ടു പുറത്തേക്കു തന്റെ നയനങ്ങളെ നയിക്കുവാൻ തുടങ്ങി. ഇതുതന്നെ അവസരമെന്നു കരുതി, ജോസു് തലേദിവസത്തെ സഹായവാഗ്ദാനത്തെ സ്മരിച്ചുകൊണ്ടു സഖാവിന്റെ അടുക്കലെത്തി തന്റെ നിസ്സഹായാവസ്ഥ അറിയിച്ചു. കമ്മ്യൂണിസ്റ്റു് പാർട്ടിയിൽ അംഗമായിച്ചേരാം, പ്രസിദ്ധീകരണങ്ങൾ തൊഴിലാളികളുടെയിടയിൽ വിതരണംചെയ്യാം, എന്നീ വ്യവസ്ഥകൾ പാലിക്കാമെങ്കിൽ പാർട്ടി അംഗങ്ങളോടാലോചിച്ചശേഷം 75 രൂപാ കൊടുക്കാമെന്നു് സഖാവു ഭരമേററു.

ജോസിന്റെ മുഖത്തു സദാ പ്രസരിച്ചിരുന്ന ഉന്മേഷഭാവം ഉടൻ മങ്ങി. ക്ഷണഭംഗുരമായ ധനത്തിനുവേണ്ടി ആദർശത്തെ ബലികഴിക്കുകയോ? ഇല്ല. തന്റെ സഹോദരിയും താനും മാതാവും ഒരുമിച്ചു തെരുവീഥികളിൽക്കൂടി ഭിക്ഷയാചിച്ചുനടന്നാലും, ഇഞ്ചിഞ്ചായി മരണമടഞ്ഞാലും, മഹത്തായ ഒരാദർശത്തിനുവേണ്ടി നിലനിൽക്കാൻ അയാൾ തീരുമാനിച്ചു. അപകടത്തിൽ മനുഷ്യനെ, സ്വസോദരനെ സഹായിക്കുന്നതിനു ചില നിബന്ധനകൾ നിർണ്ണയിച്ച സഖാവിൽനിന്നും പണം വാങ്ങുന്നതിൽ ഭേദം തന്റെ സഹോദരി വിദ്യാഭ്യാസം അവസാനിപ്പിക്കയാണെന്നു അയാൾക്കുതോന്നി. പിതാവിനോടുള്ള വാഗ്ദാനം; അടുത്ത നിമിഷത്തിൽ അതയാളെ ശ്വാസംമുട്ടിച്ചു. അയാളുടെ ആശാസൗധങ്ങൾ ഒന്നൊന്നായി ഇടിഞ്ഞുവീഴുകയാണു്. സ്വപിതാവിൽനിന്നും ലഭിച്ച മൂന്നു സെൻറു സ്ഥലം പണയപ്പെടുത്തി സഹോദരിക്കു കോളേജ്ഫീസുകൊടുക്കാൻ ആ സ്നേഹസമ്പന്നൻ അവസാനമായി നിശ്ചയിച്ചു. തന്റെ മുഖത്തേക്കു ഉററുനോക്കിക്കൊണ്ടിരുന്ന ജോവിസ്കിയുടെ നേരെതിരിഞ്ഞു് ജോസു് ഇങ്ങനെപറഞ്ഞു: "നിങ്ങളുടെ സഹായം എനിക്കാവശ്യമില്ല. ആപത്തിൽ ആരെയും സഹായിക്കാൻ തയാറാണെന്നു് ഇന്നലെ മൈതാനത്തുവച്ചു പ്രസംഗിച്ച താങ്കൾ തന്നെ ഒരു നൂറുകൂട്ടം വ്യവസ്ഥകൾ എന്റെ മേൽ അടിച്ചേൽപ്പിക്കുവാൻ നോക്കുന്നു. എന്റെ കിടപ്പാടം ഞാൻ പണയപ്പെടുത്തിക്കൊള്ളാം. നിങ്ങൾക്കു വന്ദനം."

ഒരു ചൂളംവിളിയോടെ ബോട്ടു കരയിലടുത്തു. പരിഹാസച്ചിരിയോടെ നേതാവു പാർട്ടി ആഫീസിലേക്കും, അദ്ധ്വാനായ യഥാർത്ഥതൊഴിലാളി ഫാക്ടറിയിലേക്കും പോയി.

ഫാക്ടറിയിലെത്തിയ ജോസ് നീറുന്ന ഹൃദയത്തോടെ തന്റെ അനുഭവങ്ങൾ ഏവരേയും ശോകാത്മകമായ രീതിയിൽ വിവരിച്ചുകേൾപ്പിച്ചു. കമ്മ്യൂണിസ്റ്റു് നേതാക്കന്മാർ തൊഴിലാളികളെ സംഘടിപ്പിക്കുന്നതു് അക്രമപൂർണ്ണവും നിണപങ്കിലവുമായ ഒരു സായുധവിപ്ലവം ഉൽഘാടനം ചെയ്യുന്നതിനാണെന്ന നഗ്നമായ പരമാർത്ഥം ഉദാഹരണസഹിതം അയാൾ തെളിയിച്ചു. തൊഴിലാളികളുടെ സംഘടിതശക്തിക്കു മുമ്പിൽ ചൂഷണം പുകഞ്ഞുപോകണമെങ്കിൽ അദ്ധ്വാനിക്കുന്നവരുടെ ക്ഷേമത്തെ മാത്രം ലാക്കാക്കി, രാഷ്ട്രീയോദ്ദേശം ഒന്നും കൂടാതെ പ്രവർത്തിക്കുന്ന സ്വതന്ത്രതൊഴിലാളിസംഘടനയിൽ ചേരേണ്ടതാണെന്നു അനേകർ അതോടെ തീർച്ചചെയ്തു.

II

മാസങ്ങൾ ചിലതു മുമ്പോട്ടുപോയി. ഗിരിശൃംഗങ്ങളിൽനിന്നും വെള്ളം അലക്കോടുകൂടി ഒലിച്ചുവന്നിരുന്ന അനേകം അരുവികൾ പാറകൾക്കിടയിൽക്കൂടി ചരിച്ചു് ലക്ഷ്യത്തിലെത്തുന്നതിനുമുമ്പുതന്നെ മണലാരണ്യത്തിൽ ലയിച്ചുചേർന്നു. ഭയജനകമായി തടിച്ചുനിന്നിരുന്ന വൻകാടുകൾ അശനിപാതംമൂലം ശുഷ്കിച്ചുപോയി. അതോടൊപ്പം അപ്രധാനമായി സ്ഥിതിചെയ്തിരുന്ന വിജനപ്രദേശങ്ങൾ വൻമരങ്ങളുടെ ആസ്ഥാനങ്ങളായി പഥികർക്കു അപ്രാപ്യങ്ങളായി. പ്രകൃതിയുടെ മായാവിലാസങ്ങൾ! ഈ പരിവർത്തനത്തിനനുസരണമായി അനേകം മനുഷ്യജീവിതനിർച്ചാലുകളും വ്യത്യസ്തഭാവങ്ങളെപ്പൂണ്ടു് ഗമനംചെയ്തുകൊണ്ടിരുന്നു.

ജോസ് ഇന്നു് ഒരു സ്വതന്ത്രതൊഴിലാളി പ്രവർത്തകനാണു്. വിദ്യാഭ്യാസത്തിൽ ഗണനീയനോ സമ്പത്തിൽ അസൂയാർഹനോ അല്ലാതിരുന്ന അയാൾക്കു തൊഴിലാളികളുടെയിടയിൽ നേതാവായിത്തീരാൻ സാധിച്ചതു ആത്മാർത്ഥതയുടെ വിജയവൈജയന്തിയായിരുന്നു. സഹജീവികളുടെ അവശതകൾ പരിഹരിക്കുന്നതിനും, അവകാശങ്ങൾ പിടിച്ചുവാങ്ങുന്നതിനുംവേണ്ടി അക്രമരഹിതമായ മാർഗ്ഗത്തിൽക്കൂടി പരിശ്രമിച്ചിരുന്ന അയാൾ അന്യപാർട്ടികളുടെ പിണിയാളുകളാകാതിരുന്ന സകലരുടേയും അനുമോദനാദരവുകൾക്കു പാത്രവാനായി.

ജോസിന്റെ നേതൃത്വത്തിലേക്കു അനേകർ വഴുതിപ്പോകുന്നതു ദർശിച്ച സഖാവു് ജോവിസ്കി അമ്പരന്നു. ഫാക്ടറി അധികാരികൾ സഖാവിനെ അത്ര വകവയ്ക്കാതായി. തമോമയമായ ഭാവിയിലേക്കുള്ള തന്റെ പ്രയാണത്തിനു വേഗതവർദ്ധിപ്പിക്കുന്ന ജോസിൽ അയാൾ ഒരു പ്രതിയോഗിയെ ദർശിച്ചു. തുലാം 22-ാം തീയതി അക്രമം പ്രയോഗിച്ചു തിരുവിതാംകൂർ ഭരണകൂടം പിടിച്ചെടുക്കണമെന്നുള്ള പാർട്ടിയുടെ രഹസ്യനിർദ്ദേശം പ്രാബല്യത്തിൽ വരുത്താൻ ജോസ് ഒരു പ്രതിബന്ധമാണു്. അതിനാൽ......അയാൾ എന്തൊക്കെയോ നിശ്ചയിച്ചുറച്ചു.

III

ശോകമൂകമായ ഒരു സംഭവത്തിനു സാക്ഷിയാകുവാൻ വൈമനസ്യംകൊണ്ടെന്നുതോന്നുമാറു് തുലാം 22-ാം തിയതി സൂര്യൻ ദൃഷ്ടിഗോചരനായില്ല. പുറംകടൽ കൊടുങ്കാററിൽപ്പെട്ടു സംഹാരരുദ്രനെപ്പോലെ തുള്ളിച്ചാടുകയാണു്. വർഷമാനമായിരുന്ന പേമാരി അവസാനിച്ചെങ്കിലും, പൊട്ടിപ്പുറപ്പെടുവാൻ മാർഗ്ഗംനോക്കിനിൽക്കുന്ന ജലബിന്ദുക്കളെയുംകൊണ്ടു് മേഘവൃന്ദങ്ങൾ നിശ്ചലമായി അന്തരിക്ഷത്തിൽ സ്ഥിതിചെയ്യുന്നു. വിശാലമായ തെങ്ങിൻതോപ്പുകൾ പ്രചണ്ഡവാതത്താൽ ജീവനുള്ള ഒരു മഹാവനം നീങ്ങിക്കൊണ്ടിരിക്കുന്നുവെന്ന പ്രതീതി പ്രേക്ഷകരിൽ ഉല്പാദിപ്പിക്കുന്നുണ്ടു്. കായലോരങ്ങളിലെ മണൽക്കൂമ്പാരങ്ങൾ വായുവിൽക്കൂടി അനുസ്യൂതം പാറുന്നുകൊണ്ടിരിക്കുന്നതിന്റെ ശല്യം സഹിക്കാവതല്ല.

അമ്മയ്ക്കു നല്ല സുഖമില്ലായിരുന്നെങ്കിലും ജോസു് അന്നും പതിവുപോലെ ബോട്ടുകടവിലെത്തി. കഴിയുന്നതും വേഗം തിരിച്ചെത്തിക്കൊള്ളാമെന്ന സമാശ്വാസവചനവുമായിപ്പോയ ജോസു് ബോട്ടിൽ കാലെടുത്തുവച്ചപ്പോൾത്തന്നെ എന്തോ ആപച്ഛങ്ക അയാളെ അലട്ടി. ബോട്ടിന്റെ പടിമേൽ നിന്നപ്പോൾ ഉയർന്നുവന്ന പാദപ്രക്ഷാളനകർമ്മം നിർവഹിച്ച അലകൾ ആഴിയിലേക്കു അയാളെ മാടിവിളിക്കുന്നതായിത്തോന്നാൻ പോരുന്നതായിരുന്നു. പിശറിലും കൊടുങ്കാററിലും പെട്ടുതകർന്നുപോകാനിടയുള്ള ജീവിതനൗക പ്രപഞ്ചസാഗരത്തിലെ ഓളപ്പാത്തികളിൽക്കൂടി യാത്രചെയ്യുന്നതിനോടു് ആ

യാനപാത്രത്തെയും താരതമ്യപ്പെടുത്തുവാൻ അയാൾക്കു കഴിഞ്ഞു. ഇളകിവരുന്ന തിരകളെ മുറിച്ചുകൊണ്ടു മുമ്പോട്ടുപോകുന്ന ബോട്ട് ഒരു മഹാരാക്ഷസന്റെ വദനഗഹ്വരത്തിലേക്കു പോകുകയാണോ എന്നും സംശയിക്കേണ്ടിയിരുന്നു. ബോട്ടിന്റെ പാർശ്വഭാഗങ്ങളിൽ ആഞ്ഞടിക്കുന്ന തിരമാലകളുടെ ശബ്ദം "മരണത്തിലേക്കു", "മരണത്തിലേക്കു" എന്നു വിളിച്ചുപറയുന്നതുപോലെ ജോസിനു തോന്നി. മാതൃസവിധത്തിൽ എത്തത്തക്കവിധത്തിൽ ബോട്ടുതിരിച്ചുവിടുവാൻ പറഞ്ഞാലോ എന്നും അയാൾ ചിന്തിക്കാതിരുന്നില്ല. പക്ഷെ അന്നത്തെ അഞ്ചലിനു അയക്കേണ്ടിയിരുന്ന സഹോദരിക്കുള്ള കത്ത് എഴുത്തുപെട്ടിയിൽ നിക്ഷേപിക്കുന്നതിനു അതു തടസ്സമാകും. അയാൾ കൂട്ടിലകപ്പെട്ട പക്ഷിയെപ്പോലെ ബോട്ടിൽക്കൂടി ഉഴറി അസ്വാസ്ഥനായി നടന്നു.

കരയിൽനിന്നും ബോട്ട് അര മൈൽ അകലെ എത്തിക്കഴിഞ്ഞിരിക്കും. അപ്പോൾ വയലാർഭാഗത്തുനിന്നും വെടിയുടെ പടഹധ്വനി കേട്ടുതുടങ്ങി. യന്ത്രത്തോക്കുകളിൽനിന്നും അനവരതം ചൊരിയുന്ന വെടിയുണ്ടയുടെ ചീററിപ്പാച്ചിലിൽ ആ പ്രദേശം മുഴുവൻ ഞെട്ടി. സ്റ്റെൻതോക്കു പ്രവർത്തനത്താൽ കേരവൃക്ഷങ്ങൾ തകർന്നു നിപതിക്കുന്ന ഘോരാരവം ശ്രാവ്യമായി. "അവർ ചതിച്ചു......തൊഴിലാളികളെ വഞ്ചിച്ചു. ആ കേൾക്കുന്ന ഓരോ വെടിയും, മാംസവും രക്തവുമുള്ള ഓരോ തൊഴിലാളിയുടെയും ജീവൻ അപഹരിക്കുകയാണ്. കമ്മ്യൂണിസ്റ്റുനേതാക്കളുടെ കുരുതി കൊടുക്കൽ...ഈശ്വരാ!" ജോസ് ദീനനായി പ്രലപിച്ചു.

ഏതാനും നിമിഷങ്ങൾക്കുള്ളിൽ ചില ചെറുശലാകകൾപോലെ വള്ളങ്ങൾ ബോട്ടിനെ വളയുന്നതായി ജോസ് കണ്ടു. ഒരു ചെങ്കൊടി പറത്തിയിരുന്ന വള്ളത്തിൽ സഖാവു ജോവിസ്കി എഴുന്നേററുനിൽക്കുന്നു. അയാൾ ഗംഭീരനായി ആക്രോശിച്ചു: "അതിൽ ഉണ്ട് ആ കരിങ്കാലി...കവിണികൾ പ്രയോഗിക്കുവിൻ!" തുരുതുരെ കല്ലുകൾ ബോട്ടിന്മേൽ പതിച്ചു.

"അവർ നിരപരാധികൾ. ബോട്ടു മുക്കരുത്. എന്നെ പിടിച്ചുകൊള്ളുവിൻ." ജോസ് സഹോദരന്മാർക്കുവേണ്ടി സ്വയംബലികഴിക്കാൻ സന്നദ്ധനായി.

"ഇല്ലെടാ. നിന്റെ സ്വതന്ത്രതൊഴിലാളിസംഘം എവിടെടാ, നിന്നെ രക്ഷിക്കുവാൻ?" സഖാവു നിന്ദാഭാവത്തിൽ പറഞ്ഞു. ഇതിനു മറുപടിയായി ജോസ് "സ്വതന്ത്രതൊഴിലാളിസംഘം" എന്നു പറഞ്ഞതും ബോട്ടിലിരുന്നവർ "സിന്താബാദ്" എന്ന് ഏററുവിളിച്ചതും ഒരുമിച്ചുകഴിഞ്ഞു. അലറിയടുക്കുന്ന തിരയോടൊപ്പം കല്ലുകളും നിരന്തരമായി ബോട്ടിൽ പതിച്ചപ്പോൾ സഖാക്കളുടെ പൗരാവകാശത്തിന്മേലുള്ള കൈയേററത്തെ പ്രതിഷേധിക്കുവാനെന്നവണ്ണം ആഴിയുടെ അഗാധതയിൽനിന്നും ചില കുമിളകൾ പുറപ്പെടുവിച്ചുകൊണ്ട് ആ ബോട്ടു പൊടിഞ്ഞുതെറിഞ്ഞു മുങ്ങി.

IV

വസന്തങ്ങൾ രണ്ടു കഴിഞ്ഞു. ഒരു പ്രഭാതം, വിളറിയ ചന്ദ്രക്കല നാണത്തോടുകൂടി പടിഞ്ഞാറൻ ചക്രവാളത്തിൽ ചുററിപ്പററി നിൽക്കുന്നുണ്ട്. മരംകോച്ചുന്ന തണുപ്പിനെയോ പൊടിഞ്ഞു വീഴുന്ന മഞ്ഞുതുള്ളികളെയോ വകവയ്ക്കാതെ വെള്ളസാരി ധരിച്ച ഒരു യുവതി ശീഘ്രഗതിയിൽ നടന്നുപോകുകയാണ്. പരിസരങ്ങളെ തെല്ലും ഗൗനിക്കാതെ അവൾ ഉദഗ്രതയായി എങ്ങോ പോകുകയായിരിക്കണം.

"ഗ്രേസി!" ആ വിളികേട്ട് ആ യുവതി പിന്തിരിഞ്ഞു നോക്കി.

"അല്ല. മേരിയോ? ബി. എസ്. സി കഴിഞ്ഞു പോയതിൽ പിന്നീട് ഇന്നാണല്ലോ കാണുന്നതു്." ഗ്രേസി അത്ഭുതസ്വരത്തിൽ പ്രതിവചിച്ചു.

"ഗ്രേസി, നീ ഇപ്പോൾ ഇത്ര നേരത്തെ, ഈ പുഷ്പങ്ങളുമായി എവിടെ പോകുന്നു?" മേരി ചോദിച്ചു.

"എന്റെ സോദരന്റെ, എനിക്കുവേണ്ടി ജീവിതം ബലിയർപ്പിച്ച കുഞ്ഞാങ്ങളയുടെ കുഴിമാടത്തിലേക്ക്." അവളുടെ കണ്ഠം ഇടറിയിരുന്നു.

"ഞാൻ എന്റെ ബന്ധുഗൃഹത്തിൽ വന്നതാണ്. ആദ്യത്തെ കുർബാന കണ്ടിട്ടു തിടുക്കത്തിൽ എനിക്കു ചങ്ങനാശ്ശേരിക്കു പോകണം." മേരി തന്റെ യാത്രോദ്ദേശം വ്യക്തമാക്കി.

"നമുക്കൊരുമിച്ചു പോകാം. തിരിച്ചു വീട്ടിൽവന്ന് അമ്മയെക്കൂടി കണ്ടിട്ടു പോയാൽ മതി. ഞാൻ പഠിപ്പിക്കുന്ന കോളെജിലെ ചില കുട്ടികളെയും കാണാം." ഗ്രേസി മുമ്പെ നടന്നു.

അവർ ശ്മശാനഭൂവിലെത്തി. മനുഷ്യന്റെ ആശകളും അഹങ്കാരങ്ങളും കുഴിച്ചുമൂടിയിരിക്കുന്ന വിസ്തൃതമായ ആ സ്ഥലം. അതങ്ങനെ മൂകമായി ശയിക്കുകയാണ്. ഏതൊരു കഠിനഹൃദയനും അവിടെ ശയിക്കുന്ന സ്വസഹോദരന്മാരെപ്പററി അല്പം ചിന്തിക്കാതിരിക്കയില്ല. ഏതൊരു ശ്മശാനഭൂമിയും മനുഷ്യന്റെ ബുദ്ധിവൈഭവത്തോടുള്ള ഒരു ചോദ്യചിഹ്നമായി കല്പാന്തകാലംവരെ നിലനിൽക്കുകതന്നെ ചെയ്യും.

വളരെ ശുചിയായി സൂക്ഷിച്ചിരിക്കുന്ന ഒരു കുഴിമാടത്തിന്റെ അടുക്കൽ ഗ്രേസി മുട്ടുകുത്തി. മേരിയും അതുതന്നെ ചെയ്തു. അതിൽ വിലയം പ്രാപിച്ചിരിക്കുന്ന ജോസിനുവേണ്ടി അവർ ഹൃദയം നൊന്ത് ഈശ്വരനോടു പ്രാർത്ഥിച്ചു. പൂക്കളുടെ ഭാരത്താൽ തലകുനിച്ചു ജോസിന്റെ കുഴിമാടത്തിന്മേൽ നിൽക്കുന്ന റോസച്ചെടിയുടെ നില കണ്ടാൽ അതു ശ്മശാനത്തിനുള്ളിലേക്കു നോക്കുകയാണോ എന്നു തോന്നുമെന്നു മേരിക്കനുഭവമായി. മേരി ഉററുനോക്കിക്കൊണ്ടിരിക്കെ ഗ്രേസി തന്റെ കൈയിലിരുന്ന പുഷ്പങ്ങൾ ആ ചെടിയുടെ ചുവട്ടിൽ അർപ്പിച്ചു മുഷിഞ്ഞ ഒരു കടലാസുകഷണം ഗ്രേസി പുറത്തെടുത്തു. വിങ്ങിപ്പൊട്ടുന്ന സ്വരത്തിൽ അവൾ പറഞ്ഞു.

"മേരി, എന്റെ കുഞ്ഞാങ്ങള ഇതെഴുതി പോസ്റ്റ് ചെയ്യുവാൻ പോയ അവസരത്തിലാണ് മരണമടഞ്ഞതു്. ഈ കത്തും ഇറുക്കിപ്പിടിച്ചുകൊണ്ടു കിടന്ന ശവശരീരമാണ്...........ഞങ്ങൾ കണ്ടെത്തി.........യതു്. ഈ കത്തു......ദിവസേന ഞാൻ ... ...ഇവിടെ വന്ന് വായിക്കും. കണ്ണീർകണങ്ങൾ......പൊഴിക്കും. വികാരങ്ങൾ ആവിയായി അശ്രുക്കളിലൂടെ ...... പോയിക്കഴിഞ്ഞാൽമാത്രമേ ഹൃദയവേദന ശമിക്കുകയുള്ളു."

ചുളുങ്ങിയിരുന്ന കടലാസ് നിവർത്തു് അവൾ വികാരസംയമനം ചെയ്യാൻ ശ്രമിച്ചുകൊണ്ടു വായിച്ചു.

"പ്രിയ ഗ്രേസി,

ഈ ഓമനസോദരൻ നീ അവധിക്കു വരുന്നതു കാണുവാൻ വെമ്പൽകൊണ്ടിരിക്കയാണ്. എന്റെ പൊന്നനുജത്തിക്കുവേണ്ടി ഞാൻ നിത്യവും പ്രാർത്ഥിക്കുന്നുണ്ട്. നീ വിചാരിക്കുന്നതുപോലെ എന്റെ ബുദ്ധിമുട്ടുകൾ അത്ര അധികമില്ല. നിന്റെ അഭിവൃദ്ധിയാണ് എന്റെ അഭിവൃദ്ധി. നമ്മുടെ രണ്ടുപേരുടെയും ശരീരവും ആത്മാവും തമ്മിൽ എന്താണ് വ്യത്യാസം. ഒരേപിതാവിൽനിന്നും മാതാവിൽനിന്നും ജനിച്ചവരല്ലേ നാം.........."


കത്ത് ഇത്രയും വായിച്ചപ്പോഴേക്കും ഗ്രേസി പൊട്ടിക്കരഞ്ഞു. കവിൾത്തടത്തിൽക്കൂടി കണ്ണീർ ധാരധാരയായി പ്രവഹിച്ചു. സ്നേഹിതയായ മേരി ഗ്രേസിയെ തഴുകി. ഒരു കുളിർകാററ് ഹൃദയവേദനയെ മാച്ചുകളയുവാൻ എന്നവണ്ണം അവിടെ തത്തിക്കളിച്ചു. അതിൽ ആ റോസച്ചെടി ഇളകിമറിഞ്ഞു. മേരി ആ പുഷ്പങ്ങളിൽനിന്നു തുഷാരബിന്ദുക്കൾ പൊടിഞ്ഞുവീഴുന്നതു ദർശിച്ചുകൊണ്ടു പറഞ്ഞു: "ഗ്രേസി, നോക്കൂ. ആ പുഷ്പങ്ങളും നമ്മോടൊത്തു കരയുകയാണ്."

---

ഇടപ്പള്ളി ഫൊ. പള്ളിയിൽ

# വി. ഗീവറുഗീസുസഹദായുടെ

# തിരുനാൾ



1950 മേയ് 4 (1125 മേടം 21)-ാംനു- വ്യാഴാഴ്ച ആഘോഷിക്കുന്നതാണ്.

പതിവുപോലെ എട്ടാമിടവുമുണ്ടായിരിക്കും

വികാരി

---

റവ. ഫാ. പോൾ ആലുങ്കൽ

## നിര്യാതനായി

ഇടവകഭരണാനന്തരം വിശ്രമജീവിതം നയിച്ചിരുന്ന റവ. ഫാ. പോൾ ആലുങ്കൽ 82-ാമത്തെ വയസ്സിൽ ഏപ്രിൽ 16-ാംനു- അന്തർവച്ചു നിര്യാതനായിരിക്കുന്നു. പിറേറദിവസം കൊച്ചി വികാരി ജനറാൾ മൊററ് റവ. മോൺ. ഫ്റാൻസിസ് ഫിഗരേദൊ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും ശവസംസ്ക്കാരകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാ. ബൊനവഞ്ചർ ഒ. സി. ഡി. ചരമപ്രഭാഷണം നടത്തി.

പരേതൻ ചെല്ലാനത്തെ പ്രശസ്തമായ ആലുങ്കൽകുടുംബാംഗവും ദിവംഗതനായ ജോർജ്ജ് അൽവരേസ് പാദ്രിയുടെ സഹോദരപുത്രനുമായിരുന്നു. കൊച്ചി സാൻറാക്രൂസ് ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം ചെയ്തശേഷം റോമിലെ ഉർബൻകോളെജിൽ വൈദികപഠനം നടത്തി. സ്വന്തം രൂപതയിൽ എത്തിയശേഷം പല ഇടവകകളിലും പ്രശസ്തമായി സേവനമനുഷ്ഠിക്കുകയുണ്ടായി. ഇദ്ദേഹം വികാരിജോലി നോക്കീട്ടുള്ള എല്ലാം ഇടവകകളിലും മരിയാഭക്തി പ്രചരിപ്പിക്കുന്നതിനു് അക്ഷീണം യത്നിച്ചിട്ടുണ്ട്. ദൈവഭക്തനും ദീനദയാലുവുമായിരുന്ന ഈ വന്ദ്യവൈദികന്റെ നിര്യാണത്തിൽ ഹൃദയംഗമമായി അനുശോചിച്ചുകൊള്ളുന്നു. R. I. P.

---




ഗൃഹനായകൻ: മേരി, ഈ മാറാമ്പലയുടെ കാര്യം നിന്നോടു എത്ര പ്രാവശ്യം പറയണം! ഇപ്പോൾത്തന്നെ കുറെ ഞാൻ അടിച്ചുകൊണ്ടുപോയി തീയിലിട്ടു.

വേലക്കാരി: കഷ്ടം! അതു കൊച്ചമ്മ ഇന്നലെ വാങ്ങിച്ച സാരിയായിരുന്നു.

* * *

പൗലോസ് സാർ കോട്ടു ഊരി മേശപ്പുറത്തുവച്ചശേഷം അതിനെപ്പററി കുറെ വാചകങ്ങൾ എഴുതാൻ കുട്ടികളോടു ആവശ്യപ്പെട്ടു. അല്പം കഴിഞ്ഞപ്പോൾ ഒരു കുട്ടി എഴുന്നേററ് ചോദിക്കയാണ്: "സാർ, 19 തുള എന്നെഴുതുമ്പോൾ, 19 അക്കത്തിൽ വേണോ അക്ഷരത്തിൽ വേണോ?"

* * *

ക്ഷൗരക്കാരൻ: ഞാൻ നിങ്ങളുടെ മുഖം നേരത്തേയും വടിച്ചിട്ടുള്ളതുപോലെ തോന്നുന്നല്ലോ.

ജോൺ: ആ പാട് യുദ്ധത്തിൽവച്ചു കിട്ടിയതാണ്.

* * *

വേലക്കാരൻ: എന്റെ ഏമാനൻ ഇന്നാളൊരു കാറപകടത്തിൽപെട്ടു. പക്ഷേ, മിടുക്കനായ ഒരു ഡോക്ടരെ കിട്ടി. അദ്ദേഹം പറഞ്ഞു, ഒരു മാസം കൊണ്ട് ഏമാനെ നടത്തിയേക്കാമെന്നു".

സ്നേഹിതൻ: എന്നിട്ടോ?

വേലക്കാരൻ: അതുപോലെതന്നെ. ഡോക്ടരുടെ ബില്ല് വന്നപ്പോൾ കാർ വില്ക്കേണ്ടിവന്നു.

* * *

Teacher: "Johnny, how do you spell 'imbecile'?"

Johnny: "I-m-b-u-s-s-u-l."

Teacher: "The dictionary spells it 'i-m-b-e-c-i-l-e'."

Johnny: "Yeah. But you asked me how I spell it."

# സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് നാഴവള്ളപ്പാടത്ത്

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM, APRIL 23 1950 || No. 33


# ഐ. എസ്. പി. യുടെ സാമ്പത്തിക നയപരിപാടി

സോഷ്യലിസം അതിന്റെ യഥാർത്ഥസ്വഭാവത്തിൽ കളക്ടിവിസമാണ്, അഥവാ സമൂഹവ്യവസ്ഥിതിയാണ്. സാമ്പത്തികമായ സമസ്തവും വ്യക്തികളിൽനിന്നു പിടിച്ചെടുത്തു സമൂഹത്തിന്റെ ഉടമയിലും നിയന്ത്രണത്തിലും വെക്കണമെന്നുള്ള സാമ്പത്തികസിദ്ധാന്തമാണിതു്. രാജ്യത്തിലുള്ള സകലസാമ്പത്തികവിഭവങ്ങളും താരതമ്യേന വളരെ ചുരുക്കം വ്യക്തികളുടെ ഉടമയിലും നിയന്ത്രണത്തിലും വെച്ചുകൊണ്ടിരിക്കുകയെന്ന ക്യാപ്പിററലിസത്തിന്റെ പ്രത്യാഘാതമായിട്ടാണ് കളക്ടിവിസം ആവിർഭവിച്ചതു്. ക്യാപ്പിററലിസ്റ്റുകാർ അവരുടെ വ്യക്തിപരങ്ങളായ അവകാശങ്ങളിൽ അനിയന്ത്രിതമായ ശ്രദ്ധപതിക്കുകയും രാജ്യത്തിലെ മഹാഭൂരിപക്ഷം വരുന്ന ഇതര വ്യക്തികളുടെ സാമ്പത്തികമായ അവകാശങ്ങളെ വിസ്മരിക്കുകയും ചെയ്തു. അതിന്റെ പ്രത്യാഘാതമായിവന്ന കളക്ടിവിസ്റ്റുകാർ സകലവ്യക്തികളുടേയും സാമ്പത്തികമായ അവകാശങ്ങളെ നിഷേധിക്കുകയും രാജ്യത്തിലെ സാമ്പത്തികപ്രവർത്തനം മുഴുവനും സമൂഹത്തിന്റെ കരങ്ങളിൽ ഇരിക്കേണ്ടതാണെന്നു വാദിക്കുകയും ചെയ്യുന്നു. കളക്ടിവിസത്തിന്റെ അവാന്തരവിഭാഗങ്ങളാണു കമ്മ്യൂണിസവും സോഷ്യലിസവും. സോഷ്യലിസത്തെ കമ്മ്യൂണിസത്തിലേക്കുള്ള ആദ്യപടിയായി കമ്മ്യൂണിസ്റ്റുകാർ പരിഗണിക്കുന്നു. സോവിയററു റഷ്യയെ ഭരിക്കുന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയാണല്ലോ. പല രാജ്യങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സോവിയററു റഷ്യക്കു് അവർ കൊടുത്തിരിക്കുന്ന പേരുതന്നെ യൂണിയനാഫ് സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് (യു. എസ്. എസ്. ആർ) എന്നാണ്. കമ്മ്യൂണിസമാണ് തങ്ങളുടെ അവസാനലക്ഷ്യമെങ്കിലും അതിന്റെ ആദ്യപടിയായ സോഷ്യലിസമാണ് ആ രാജ്യങ്ങളിൽ ഇപ്പോൾ നടപ്പിലിരിക്കുന്നതെന്നു സമ്മതിക്കുകയാണ് ഈ നാമസ്വീകരണംകൊണ്ടു സോവിയററു റഷ്യയിലെ കമ്മ്യൂണിസ്റ്റധികാരികൾ ചെയ്തിരിക്കുന്നതു്.

## ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി

സോഷ്യലിസം ആദർശമായി സ്വീകരിച്ചിരിക്കുന്ന പാർട്ടികൾ പലതും ഇന്ത്യയിലുണ്ടു്. അതിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി (ഐ. എസ്. പി) എന്ന നാമത്തിൽ അറിയപ്പെടുന്നതും, ജയപ്രകാശ് നാരായണൻ, അശോകമേത്ത മുതലായവർ നേതൃത്വം വഹിക്കുന്നതുമായ പാർട്ടിയാണ്. യൂറോപ്പിലെ മററുള്ള യഥാർത്ഥ സോഷ്യലിസങ്ങളെപ്പോലെ ഈ പാർട്ടിയുടെ സോഷ്യലിസവും കളക്ടിവിസത്തിന്റെ അവാന്തരവിഭാഗം തന്നെയാണോ എന്ന ചോദ്യം വളരെ പ്രസക്തമാണല്ലോ. ആണെങ്കിൽ അതു കത്തോലിക്കർക്കു തീർച്ചയായും നിഷിദ്ധമാകുന്നു. കാരണം, കളക്ടിവിസത്തിന്റെ അവാന്തരവിഭാഗമായ സോഷ്യലിസത്തെ 13-ാം ലെയോ മാർപ്പാപ്പാ റേരും നൊവാരും എന്ന 1891-ലെ തന്റെ വിശ്വലേഖനത്തിൽ സ്പഷ്ടമായും ഖണ്ഡിതമായും അപലപിച്ചിട്ടുണ്ടു്. പ്രസ്തുത അപലപനത്തെ 11-ാം പീയൂസ് മാർപ്പാപ്പാ ക്വാദ്രജെസിമോ ആന്നോ എന്ന 1931-ലെ തന്റെ വിശ്വലേഖനത്തിൽ സ്ഥിരീകരിച്ചിട്ടുമുണ്ടു്. എന്നാൽ ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ സാമ്പത്തികമായ സിദ്ധാന്തവും നയപരിപാടിയും ഈ അപലപനത്തിൽ ഉൾപ്പെടുന്ന തരത്തിലുള്ളതല്ലെന്നു പല കത്തോലിക്കർപോലും വിചാരിക്കുന്നതായി കാണുന്നു. ഈ ധാരണ തികച്ചും അയഥാർത്ഥമാണെന്നു് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയിലെ പ്രമുഖന്മാരുടെ പ്രസ്താവനകളിൽനിന്നും പാർട്ടിയുടെതന്നെ ഔദ്യോഗികമായ നയപ്രഖ്യാപനത്തിൽ നിന്നും തെളിയുന്നുണ്ടു്.

## ജയപ്രകാശ്

"സോഷ്യലിസം എന്തിനു്" എന്ന നാമത്തിൽ ശ്രീ ജയപ്രകാശ് കുറെ കൊല്ലങ്ങൾക്കുമുമ്പു് രചിച്ച ഗ്രന്ഥത്തിന്റെ ഒന്നാമത്തെ അദ്ധ്യായത്തിൽ "സോഷ്യലിസത്തിന്റെ അടിസ്ഥാനം" പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതിൽ സാമ്പത്തികകാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു ഭാഗം ഉദ്ധരിക്കാം:-

"ധനവിതരണത്തിൽ കാണുന്ന അനീതികൾക്കും അസമത്വങ്ങൾക്കും മൂലകാരണം പ്രകൃതിവിഭവങ്ങളും ഉല്പാദനോപകരണങ്ങളും ചുരുക്കം ചിലർ സ്വകാര്യ ഉടമയിൽ സ്വാർത്ഥലാഭത്തിനായി ഉപയോഗിച്ചു പോരുന്നതാണ്. ഇതു സാമ്പത്തികമായ ചൂഷണത്തിനു് ഇടയാക്കുന്നു; ഒരു നിശ്ചിത തോതിൽ ഉപജീവിക്കുന്നതിനു വേണ്ടതുമാത്രം യഥാർത്ഥപ്രയത്നക്കാർക്കു കൊടുത്തു് ബാക്കിയുള്ളതെല്ലാം പിടിച്ചുപററുന്നതിനു സ്വകാര്യ ഉടമകൾക്കു സാധിക്കുന്നു. ഈ ചൂഷണം പ്രത്യക്ഷമായും പരോക്ഷമായും നടക്കുന്നുണ്ടു്. കൂലിക്കാരെക്കൊണ്ടു് പ്രവൃത്തിയെടുപ്പിക്കുന്ന വ്യവസായശാലക്കാരന്റെ ചൂഷണം നേരിട്ടും പ്രത്യക്ഷമായും ഉള്ളതാകുന്നു; ജന്മഭൂമി നടപ്പിനുകൊടുത്തു പാട്ടവാരാദികൾ വസൂൽചെയ്യുന്ന ഭൂമിയുടമസ്ഥന്റെ ചൂഷണം ഏറെക്കുറെ പരോക്ഷമാണു്." (പക്കം 25)

ചൂഷണകാരണം ഇങ്ങനെ ചൂണ്ടിക്കാണിക്കുകയും കാര്യമായി വിശദീകരിക്കുകയും ചെയ്തശേഷം അതു പരിഹരിക്കുന്നതിനുള്ള "സോഷ്യലിസ്റ്റ്‌വഴി" ഗ്രന്ഥത്തിൽ ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നു:

"ഉല്പാദനോപകരണങ്ങളുടെ സ്വകാര്യഉടമ അവസാനിപ്പിക്കുക; പകരം സമുദായത്തിന്റെ കൂട്ടുടമ സ്ഥാപിക്കുക" (പക്കം 29)

ഒററ വാചകത്തിൽ പ്രകാശിപ്പിച്ചിരിക്കുന്ന ഈ പരിഹാരമാർഗ്ഗത്തെ അല്പസ്വല്പം വിശദീകരിച്ചിട്ടു് ഗ്രന്ഥം തുടരുന്നു:

"അപ്പോൾ ഉല്പാദനോപകരണങ്ങളെല്ലാം പൊതുവുടമയിൽ കൊണ്ടുവരിക — അതാണു് സോഷ്യലിസത്തിന്റെ അടിസ്ഥാനതത്വം. സോഷ്യലിസ്റ്റ്‌രീതിയിൽ സമുദായസംഘടനയുള്ള ഏതൊരു സംരംഭവും ഉല്പാദനോപകരണങ്ങളിൽ ഇന്നുള്ള സ്വകാര്യഉടമ അവസാനിപ്പിച്ചുകൊണ്ടു തുടങ്ങുന്നു."

"ആധുനികസമുദായങ്ങളിൽ ഉല്പാദനോപകരണങ്ങളോടൊപ്പം ബാങ്കുകൾ, ആപണശാലകൾ, ഗതാഗതമാർഗ്ഗങ്ങൾ തുടങ്ങിയ വിനിമയോപകരണങ്ങളും വിതരണോപകരണങ്ങളും ഉണ്ടായിരിക്കുന്നു. ഈ രണ്ടാമതു പറഞ്ഞവ ആദ്യത്തേവയിൽനിന്നു ഉത്ഭവിക്കുന്നവയാണു; അവയ്ക്കു താങ്ങുമാണു്. ഉല്പാദനചക്രങ്ങൾ ചുററിപ്പോകുന്നതു് അവയുടെ സഹായംകൊണ്ടാകുന്നു. ആകയാൽ ഉല്പാദനോപകരണങ്ങൾ പൊതുവുടമയിൽ കൊണ്ടുവരുമ്പോൾ വിനിമയോപകരണങ്ങളും വിതരണോപകരണങ്ങളും പൊതുവുടമയിൽ കൊണ്ടുവരേണ്ടതു അത്യാവശ്യം." (പക്കം 30)

തുടർന്നുള്ള അദ്ധ്യായത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ പരിപാടിയിലെ കാര്യങ്ങൾ ചേർത്തിട്ടുണ്ടു്. അതിൽ ചിലതു് ഉദ്ധരിക്കാം.

"ഉല്പാദനത്തിനു, വിതരണത്തിനു, വിനിമയത്തിനും ഉള്ള എല്ലാ ഉപകരണങ്ങളും ക്രമത്തിൽ പൊതുവുടമയിൽ കൊണ്ടുവരണമെന്നുള്ള ഉന്നംവച്ചു് നിയാമകവ്യവസായങ്ങളും പ്രധാനവ്യവസായങ്ങളും (ഉദാഹരണത്തിനു് ഉരുക്ക്, പരുത്തി, ചണം, റെയിൽവേ കപ്പൽ, റബർ, ചായ—കാപ്പിത്തോട്ടങ്ങൾ, ഖനികൾ) ബാങ്കുകൾ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, പൊതുജനോപയോഗപദ്ധതികൾ ഇവയും ആദ്യംതന്നെ പൊതുവുടമയിൽ കൊണ്ടുവരിക.

"വിദേശവ്യാപാരം ഗവർമ്മെന്റിന്റെ കുത്തകയിലാക്കുക.

"രാജാക്കന്മാരേയും ജന്മിമാരേയും മററു ചൂഷകവർഗ്ഗക്കാരേയും നീക്കം ചെയ്യുക." (പക്കം 45)

## ഇന്ത്യൻ സോഷ്യലിസ്റ്റ്‌പാർട്ടി

ശ്രീ ജയപ്രകാശ് പ്രസ്തുതഗ്രന്ഥം രചിച്ചകാലത്തു് ഈ സോഷ്യലിസ്റ്റ് പാർട്ടി അഖിലേന്ത്യാ കോൺഗ്രസ്സിന്റെ ഇടതുപക്ഷവിഭാഗമായിട്ടാണു് നിന്നിരുന്നതു്. ഇന്നാകട്ടെ അതു കോൺഗ്രസ്സ് വിട്ടു് സ്വതന്ത്രകക്ഷിയായി നില്ക്കുന്നു. എന്നുവരികിലും സാമ്പത്തികമായ സിദ്ധാന്തത്തിലും പരിപാടിയിലും യാതൊരു മാററവും അതിലുണ്ടായിട്ടില്ല. അതിനു തെളിവു് പ്രസ്തുത പാർട്ടിയുടെ ജനറൽകൗൺസിൽ 1947 ആഗസ്റ്റിൽ നാസിക്കിൽവച്ചു സ്വീകരിച്ചതും 1949 ഒക്ടോബറിൽ ബാംഗളൂരിൽവച്ചു പരിഷ്കരിച്ചതുമായ നയപ്രഖ്യാപനമാണു് (Policy Statement) പാർട്ടി സ്വീകരിച്ചിരിക്കുന്ന സാമ്പത്തികസിദ്ധാന്തവും പരിപാടിയും അതിൽ കൊടുത്തിരിക്കുന്നതിങ്ങനെയാണു്:—

"ക്യാപ്പിററലിസ്റ്റ് സമുദായവ്യവസ്ഥിതി സ്വകാര്യലാഭത്തിനായി തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിലാണു് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്......സോഷ്യലിസ്റ്റ് സമുദായവ്യവസ്ഥിതിയിൽ ഈ അടിസ്ഥാനം പൂർണ്ണമായും മൗലികമായും മാറുന്നു. ഈ വ്യവസ്ഥിതിയിൽ ക്യാപ്പിററലിസമേ ഉണ്ടായിരിക്കുകയില്ല. അതായതു് കൂടുതൽ കൂടുതൽ വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ വേണ്ടി തൊഴിലാളികളുടെ പ്രയത്നശക്തി ഉപയോഗിക്കുന്ന ഉല്പാദകവസ്തുക്കളുടെ സ്വകാര്യഉടമക്കാരായ ഒരു വർഗ്ഗവും ഉണ്ടായിരിക്കുകയില്ല......

"ക്യാപ്പിററലിസത്തിന്റെ കീഴിൽ ക്യാപ്പിററലിസ്റ്റുകളുടേയും ജന്മികളുടേയും വകയായിരുന്ന വസ്തുക്കൾ സോഷ്യലിസത്തിന്റെ കീഴിൽ തൊഴിലാളികളുടെ വകയായിരിക്കും, വ്യക്തിപരമായിട്ടല്ല, പ്രത്യുത സമൂഹപരമായി. മററുവാക്കുകളിൽപ്പറഞ്ഞാൽ, രാഷ്ട്രം, അതിന്റെ കീഴുള്ള അവയവങ്ങൾ, മുനിസിപ്പാലിററികൾ, ഗ്രാമസമൂഹങ്ങൾ, കോഓപ്പറേററീവുകൾ, തത്തുല്യങ്ങളായ സംഘാതസ്ഥാപനങ്ങൾ ഇവയായിരിക്കും വസ്തുക്കളുടെ ഉടമസ്ഥന്മാർ. അവരെല്ലാവരുംകൂടി സകല സാമ്പത്തികപ്രവർത്തനങ്ങളുടേയും മാനേജർമാരും ഡയറക്ടർമാരുമായിരിക്കും. വൻതോതിലുള്ള സകല വ്യവസായങ്ങളും, [illegible] രാജ്യരക്ഷണത്തിനുള്ളതും അടിസ്ഥാനങ്ങളുമായ വ്യവസായങ്ങൾ, രാഷ്ട്രത്തിന്റെ ഉടമയിലും മേനേജ്മെന്റിലുമായിരിക്കും. ഉപഭോഗവ്യവസായങ്ങളും ചെറിയ തോതിലും മദ്ധ്യതോതിലുമുള്ള വ്യവസായങ്ങളും ഇതരസംഘാതസ്ഥാപനങ്ങളുടെ ഉടമയിലിരിക്കും. ഭൂമിയുടെ ഉടമ മൊത്തത്തിൽ ഗ്രാമസമൂഹത്തിന്റേതായിരിക്കും. വ്യക്തികളായ കൃഷിക്കാർക്കു് അവരിൽനിന്നുവേണം ഭൂമി കിട്ടാൻ. അതു ഏററവും കുറഞ്ഞതും ഏററവും കൂടിയതും ഇത്ര ഏക്കറെന്നു് ക്ലിപ്തപ്പെടുത്തുകയും ചെയ്തിരിക്കും. കൃഷി സാക്ഷാൽ നടത്തുന്നതു് കോഓപ്പറേററീവുകൾവഴിയായോ, കോഓപ്പറേററീവുസൊസൈററിയുടെ അംഗങ്ങളെന്ന നിലയിൽ പ്രവർത്തിക്കുന്ന വ്യക്തികളായ കൃഷിക്കാർവഴിയായോ ആയിരിക്കും.

"കച്ചവടസ്ഥാപനങ്ങളും രാഷ്ട്രത്തിന്റെയോ കോഓപ്പറേററീവുകളുടെയോ വസ്തുക്കളായിരിക്കും. അവരായിരിക്കും സകല കച്ചവടങ്ങളും നടത്തുന്നതു്. അയൽവക്കവുമായുള്ള ഏററവും ചെറിയ കച്ചവടം മാത്രമേ ഇതിൽനിന്നൊഴിവാക്കപ്പെടുന്നുള്ളൂ. അതു വ്യക്തികളുടെ കരങ്ങൾക്കു വിട്ടുകൊടുക്കാവുന്നതാണു്. ബാങ്കിങ്ങു സമസ്തവും രാഷ്ട്രത്തിന്റെ കരങ്ങളിലായിരിക്കും."

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി വിഭാവനംചെയ്യുന്ന സാമ്പത്തികവ്യവസ്ഥിതിയിൽ വലുതോ ചെറുതോ ആയ സമൂഹങ്ങൾക്കല്ലാതെ സ്വകാര്യവ്യക്തികൾക്കു ഉടമസ്ഥരായിരിക്കാനോ നടത്തിപ്പിനോ സ്വാതന്ത്ര്യമായ യാതൊരു സ്ഥാനവുമില്ലെന്നു പ്രസ്പഷ്ടമല്ലേ? വ്യവസായത്തിലും കൃഷിയിലും സാമ്പത്തികമായ മററു പ്രവർത്തനങ്ങളിലും സ്വാതന്ത്ര്യമായ സ്ഥാനം വ്യക്തികൾക്കു സമൂലം നിഷേധിക്കുന്നതും സമൂഹങ്ങൾക്കു മാത്രം അനുവദിക്കുന്നതുമായ ഈ സാമ്പത്തികവ്യവസ്ഥിതിയെയാണു് മാർപ്പാപ്പാമാർ അപലപിച്ചിട്ടുള്ളതു. ലെയോ മാർപ്പാപ്പായുടെ വാക്കുകൾ കേട്ടാലും.

## 13-ാം ലെയോ

"(ക്യാപ്പിററലിസത്തിന്റെ) മേൽപ്പറഞ്ഞ വിഷമങ്ങളെ പരിഹരിക്കുവാൻ വേണ്ടി സോഷ്യലിസ്റ്റുകാർ ധനവാന്റെനേർക്കു ദരിദ്രന്റെ അസൂയയെ ഇളക്കിവിട്ടുകൊണ്ടു, സ്വകാര്യസ്വത്തു നശിപ്പിക്കുവാൻ ശ്രമിക്കുന്നു. വ്യക്തികളുടെ സ്വത്തുക്കൾ സകലരുടേയും പൊതുസ്വത്തായിത്തീരണമെന്നും, അതു രാഷ്ട്രത്തിന്റെയോ മുനിസിപ്പൽസമിതികളുടെയോ ഭരണത്തിൽ വരണമെന്നും വാദിക്കുകയും ചെയ്യുന്നു."

"പ്രസ്തുത നിർദ്ദേശങ്ങൾ ന്യായപ്രകാരമുള്ള ഉടമസ്ഥന്റെ പക്കൽനിന്നു സ്വത്തിനെ അപഹരിക്കുകയും, രാഷ്ട്രത്തിനു സ്വാധീനമല്ലാത്ത ഒരു രംഗത്തിലേക്കു് അതിന്റെ വ്യാപാരങ്ങളെ വ്യതിചലിപ്പിക്കുകയും, ജനസമുദായത്തിൽ കലശലായ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നതിനാൽ അവ തികച്ചും മതവിരുദ്ധങ്ങളാകുന്നു."

"ആകയാൽ പൊതുസ്വത്തുടമയാണു് വേണ്ടതെന്നുള്ള സോഷ്യലിസത്തിന്റെ ആ പ്രധാനപ്പെട്ട സിദ്ധാന്തം തന്നെ നിശ്ശേഷം പരിവർജ്ജിക്കേണ്ടതാണെന്നു തെളിയുന്നു. കാരണം ആരുടെ ഗുണത്തിനായി അതു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അവർക്കുതന്നെ അതു ഉപദ്രവകരമാകുന്നു; മനുഷ്യവംശത്തിന്റെ പ്രകൃതിസിദ്ധങ്ങളായ അവകാശങ്ങൾക്കു അതു കടകവിരുദ്ധമാകുന്നു. മാത്രമല്ല, അതു ജനസമുദായത്തിൽ കുഴപ്പവും ക്രമക്കേടും ഉണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ടു ജനസാമാന്യത്തിന്റെ ജീവിതസ്ഥിതി നന്നാക്കുവാനായി നമ്മൾ ഉദ്യമിക്കുമ്പോൾ നമ്മൾ അവശ്യം സ്വീകരിക്കേണ്ട പ്രഥമവും ഏററം മൗലികവുമായ പ്രമാണം സ്വകാര്യസ്വത്തുടമയുടെ അലംഘനീയതയായിരിക്കണം." (കീഴ്‌വരകൾ ഞങ്ങളുടേതാണു)

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ സാമ്പത്തികസിദ്ധാന്തവും നയപരിപാടികളും കത്തോലിക്കർക്കു നിഷിദ്ധമാണെന്നു തെളിയുന്നില്ലയോ?


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |



For favours received.



By a Teacher, Irinjalakuda

# തീർത്ഥയാത്രാവിശേഷങ്ങൾ

(റവ. ഫാദർ പോൾ കുഴിക്കാട്ടു ബി. എ.)

മദ്രാസ്, 11—4—1950. പുതിയപറമ്പിൽ ബ. യൗസേപ്പച്ചൻ ബി. എ. (ചങ്ങനാശ്ശേരി), മുട്ടത്തുപാടത്തു ഔസേപ്പ് മാണി (ബ. അൽഫോൻസാമ്മയുടെ ഇളയപ്പൻ) ഇവർ ഒരുമിച്ചു ആലുവായിൽനിന്നും മദ്രാസിലേക്കു ഞങ്ങൾ 9-ാം തീയതി 2 30നു പുറപ്പെട്ടു മദ്രാസിൽ തിങ്കളാഴ്ച 9-30 നു എത്തി. റയിൽവെ സ്റ്റേഷനിൽ ഞങ്ങളെ സ്വീകരിക്കുവാൻ ആലുവാ സ്വദേശിയും ഇവിടത്തെ ഉയർന്ന ഒരു ഗവർമ്മെണ്ടു മെഡിക്കൽ ഉദ്യോഗസ്ഥനുമായ ഡാക്ടർ കെ. പി. തോമസ്സ് അദ്ദേഹത്തിൻ്റെ കാറുമായി കാത്തു നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിൻ്റെ വീട്ടിൽ ഞങ്ങളുടെ സാമാനങ്ങൾ ഇറക്കിയിട്ടു മൈലാപ്പൂർ ഭദ്രാസനദേവാലയത്തിൽ വി. തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽ പോയി കർബാന ചൊല്ലി. അതിനുശേഷം സാൻതോം സെമ്മിനാരിയിൽ വന്നു ഞങ്ങൾ വിശ്രമിച്ചു. ബ. റെക്ടറച്ചനും വൈദികവിദ്യാർത്ഥികളും തീർത്ഥകരായ ഞങ്ങളോടു അതിവാത്സല്യവും ഔദാര്യവും കാണിച്ചു. വൈകുന്നേരം ഞങ്ങൾ മദ്രാസ് മെത്രാപ്പോലീത്താ തിരുമേനിയെ അരമനയിൽ ചെന്നു സന്ദർശിച്ചു. തിരുമേനി ദീർഘനേരം കേരളീയരുടെ ഭക്തിതീക്ഷ്ണതയെക്കുറിച്ചു സംസാരിക്കുകയും ഒടുവിൽ തിരുമേനിയുമൊരുമിച്ചു ഫോട്ടോ എടുത്തു ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. ഡോക്ടർ കെ. പി. തോമസ്സിൻ്റെ വസതിയിൽ അത്താഴം കഴിച്ചതിനുശേഷം ഞങ്ങൾ മൈലാപ്പൂർ സെമ്മിനാരിയിൽ ഇന്നലെ രാത്രി താമസിച്ചു. ഇന്നു (ചൊവ്വാഴ്ച) നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ രക്തസാക്ഷിമകുടം സ്വീകരിച്ച സെൻ്റ് തോമസ് മൗണ്ടിലുള്ള ദേവാലയത്തിലേക്കു ഞങ്ങൾ പോയി. മലയുടെ അടിവാരത്തുനിന്നും ഞങ്ങൾ നടകൾ കയറി കുരിശിൻ്റെ വഴി കഴിച്ചു മുകളിൽ എത്തി. ഞങ്ങളുടെ കൂട്ടത്തിൽ സെമ്മിനാരി പ്രിഫെക്ട് റവ. ഫാദർ ഡിസൂസായും ഉണ്ടായിരുന്നു. പുരാതനവും ഭക്തിസംവർദ്ധകവുമായ ആ ദേവാലയം ചരിത്രപ്രസിദ്ധമായ പല സംഭവങ്ങളെയും അനുസ്മരിപ്പിക്കുന്നുണ്ട്. ദേവാലയം സ്ഥിതിചെയ്യുന്ന മലയുടെ അടിവാരങ്ങളിൽ നിരനിരയായിക്കാണുന്ന മനോഹരഹർമ്മ്യങ്ങൾ, അപ്പസ്തോലനെ വധിച്ചതിൻ്റെ ശിക്ഷയെന്നോണം വരണ്ടു ഫലപുഷ്ടിയില്ലാതായി കിടക്കുന്ന ഭൂപ്രദേശം, എങ്കിലും തീർത്ഥകർക്കു സർവ്വദാ സഹർഷം സ്വാഗതമരുളുന്ന മന്ദമാരുതൻ, ആകാശത്തിൽക്കൂടി പറന്നു. ഭാരതപ്രേഷിതപ്രഥമൻ്റെ പാദപത്മങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നതിനെന്നു തോന്നുമാറു സെൻ്റ് തോമസ് മൗണ്ടിനടിവാരത്തിലുള്ള വിമാനത്താവളത്തിൽ വന്നിറങ്ങുന്ന യാത്രക്കാർ ദിവ്യനാഥൻ്റെ കുഴിമാടത്തിങ്കൽ കരഞ്ഞുകൊണ്ടുനിന്ന ഭക്തസ്ത്രീകളെപ്പോലെ മലയിലെ ദേവാലയത്തിനു സമീപം ദീനശുശ്രൂഷ, വിദ്യാദാനം, അനാഥസംരക്ഷണം, ഇവയിൽ ജീവിതം അവസാനിപ്പിക്കുന്ന ത്യാഗമൂർത്തിനികളായ കന്യകകൾ (Sisters of the Missionaries of St. Francis of Assis) ഇവയെല്ലാം ഞങ്ങളെ ചിന്താകുലരാക്കി.

ദേവാലയത്തിനു 400 കൊല്ലത്തെ പഴക്കമുണ്ട്. വലിയ അൾത്താരയിൽ വി. അപ്പസ്തോലൻ തന്നെ പാറക്കഷണത്തിൽ കൊത്തിയുണ്ടാക്കിയ ഒരു കുരിശുരൂപം സ്ഥാപിച്ചിട്ടുണ്ട്. ആ കുരിശുരൂപം നോക്കി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോളാണ് ശത്രുക്കൾ തന്നെ കുത്തിയതെന്നും, അതിൻ്റെ സ്മാരകമായി അനേകവർഷങ്ങൾ ആ കുരിശുരൂപം രക്തം പുറപ്പെടുവിച്ചിരുന്നെന്നും ഐതിഹ്യമുണ്ട്. തോമാശ്ലീഹാ ആത്മീയമായ അരമന പണികഴിച്ച ഒരു ശില്പിമാത്രമല്ല കലാവിദഗ്ദ്ധനായ ഒരു ഭൗതികശില്പികൂടിയായിരുന്നെന്നുള്ളതിനു ഈ കുരിശിൻ്റെ ആകൃതിയും മതിയായ സാക്ഷ്യം വഹിക്കുന്നു.

പ്രധാനബലിപീഠത്തിൽ ഈ കുരിശിനു താഴെ മാതാവിൻ്റെ പുരാതനമായ ഒരു രൂപം സ്ഥാപിച്ചിട്ടുണ്ട്. അതു വി. ലൂക്കാ എവൻഗേലിസ്താ വരച്ചതും മാർ തോമ്മാശ്ലീഹാ കൊണ്ടുവന്നതും അനേകനാൾ ഭൂമിയിൽകിടന്നതിനുശേഷം ഏതാണ്ടു 400 വർഷങ്ങൾക്കുമുമ്പ് ഭൂമിയിൽനിന്നും കുഴിച്ചെടുത്തതുമാണെന്നു പറയപ്പെടുന്നു. വെച്ചൂർ പള്ളിയിൽ ഞാൻ ഇതുപോലെയുള്ള രൂപം കണ്ടിട്ടുണ്ട്. എന്നാൽ ഇതു അത്രയും വലിപ്പമുള്ളതല്ല. ഉണ്ണീശോയെ കൈയിൽ താങ്ങി, യഹൂദവനിതക്കു യോജിച്ച അലങ്കാരങ്ങളോടുകൂടി വസ്ത്രം ധരിച്ചിട്ടുള്ള സുന്ദരിയായ ഒരു യുവതിയായിട്ടാണ് മേൽപ്പറഞ്ഞ രൂപത്തിൽ മാതാവിനെ ചിത്രീകരിച്ചിട്ടുള്ളതു്. ദീർഘനാൾ മണ്ണിനടിയിൽ കിടന്നതുകൊണ്ട് പറയത്തക്ക കേടുപാടുകൾ ഒന്നും സംഭവിച്ചിട്ടില്ലെങ്കിലും മുഖത്തു ഒന്നു രണ്ടു പാടുകളും മറ്റും കാണുന്നുണ്ട്. ഒരു ശില്പിവന്നു ഈ രൂപം ഒന്നുകൂടി ആകർഷകമാക്കുവാൻ ശ്രമിച്ചതിൽ അയാളുടെ കൈകൾ വിറച്ചു ബോധരഹിതനായെന്നു ഐതിഹ്യമുണ്ടെന്നും മറ്റും ബ. സഹോദരികൾ ഞങ്ങളോടു പറഞ്ഞു. ഭാരതപ്രേഷിതൻ മാതൃഭക്തിയിൽ അടിയുറച്ച ആളായിരുന്നെന്നും, അതിൻ്റെ ഫലമാണു ഭാരതമാകെ പൊതുവിലും കേരളം പ്രത്യേകിച്ചും ഇന്നു കന്യകാംബികയുടെ വിശ്വസ്തസന്താനങ്ങളായിരിക്കുന്നതെന്നു അനുമാനിക്കാം. ഞങ്ങൾ രണ്ടുപേരും ഈ ബലിപീഠത്തിൽ ബലി അർപ്പിച്ചു തീർത്ഥാടനത്തിൻ്റെ ചൈതന്യം കന്യകാംബികയോടും വി. തോമ്മായോടും അഭ്യർത്ഥിച്ചു. വിദേശീകളും സ്വദേശീകളുമായ സഹോദരികൾ ഭക്തിയോടും കൂടുതൽ കൗതുകത്തോടും വി. തോമ്മാശ്ലീഹാ ഏതു റീത്തിൽ, ഭാഷയിൽ, ആ വിശുദ്ധസ്ഥലത്തു ബലി അർപ്പിച്ചുവോ ആ റീത്തിലും ഭാഷയിലും ഞങ്ങൾ ബലി അർപ്പിച്ചതു കണ്ടുകൊണ്ടിരുന്നു. കർബാന കഴിഞ്ഞു ഇംഗ്ലീഷുകാരിയായ മദർ വ്യക്തമായും ഭംഗിയായും ആംഗ്ലേയഭാഷയിൽ സംഭാഷണം തുടങ്ങി. റോമിൽ ഞങ്ങൾ എത്തുമ്പോൾ അവരുടെ മദർ ജനറലിനെ അറിയിക്കുവാൻ ചില സന്ദേശങ്ങളും ഞങ്ങളെ അറിയിച്ചു. പ്രഭാതഭക്ഷണം കഴിച്ചു ഞങ്ങൾ വീണ്ടും മൈലാപ്പൂർ അരമനയിൽ എത്തി മെത്രാൻ തിരുമേനിയെ സന്ദർശിച്ചു. തിരുമേനി കേരളത്തെക്കുറിച്ചും മററു ദീർഘമായി സംഭാഷണം നടത്തി. തിരുമേനിയും വിമാനമാർഗ്ഗം ഈ മാസത്തിൽ റോമിലേക്കു പോകുന്നുണ്ടെന്നും അവിടെവച്ചു വീണ്ടും കാണാമെന്നും പറഞ്ഞു. വീണ്ടും വി. അപ്പസ്തോലൻ്റെ കുഴിമാടത്തിങ്കൽ (ഭദ്രാസനദേവാലയത്തിൽ—മൈലാപ്പൂർ) പ്രാർത്ഥിച്ചതിനുശേഷം ഞങ്ങൾ മടങ്ങി. നാളെ ബോംബെ എക്സ്പ്രസ്സിനു പോകുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. മദ്രാസിൽ മഴ ഇല്ലാത്തതുകൊണ്ടു ചൂടു സഹിക്കുവാൻ വയ്യ. അസുഖങ്ങൾ എല്ലാം തീർത്ഥാടനതൃപ്തിയിൽ സഹിക്കുന്നു.

ബോംബെ, 14-4-1950. മദ്രാസിൽനിന്നും ഞങ്ങൾ ബോംബെ എക്സ്പ്രസ്സിൽ ഇന്നലെ ബോംബെ മെത്രാപ്പോലീത്തായച്ചൻ്റെ അരമനയിൽ ഉച്ചകഴിഞ്ഞു 2 മണിക്കു സസുഖം വന്നുചേർന്നു. ഈ മാസം 18-ാം തീയതി തീർത്ഥകർക്കായി പ്രത്യേകം ഏർപ്പാടുചെയ്തിരിക്കുന്ന വിമാനത്തിൽ 27 പേർ യാത്രചെയ്യുന്നുണ്ട്. അധികവും കേരളീയരാണ്. വൈദികരായി തൃശ്ശൂർനിന്നും റവ. ഡോക്ടർ പോൾ കാക്കശ്ശേരി, ചങ്ങനാശ്ശേരിയിൽനിന്നും റവ. ഫാ. ജോസഫ് പുതിയപറമ്പിൽ ബി. എ., എറണാകുളത്തുനിന്നും ഞാനും മാത്രമേയുള്ളു. വിമാനം തിങ്കളാഴ്ച രാത്രി 12 മണികഴിഞ്ഞു ഒരു മിനിട്ടാകുമ്പോൾ പുറപ്പെടും. തീർത്ഥകർ അവരവരുടെ സൗകര്യംപോലെ താമസിക്കുന്നു. തീർത്ഥകരോടു ബോംബെയിലുള്ള വൈദികരും അൽമായരും അതിവ ബഹുമാനവും ഉപചാരവും കാണിക്കുന്നുണ്ട്. ഞാനും ബ. പുതിയപറമ്പിലച്ചനും താമസിക്കുന്നതു പട്ടണത്തിലെ പ്രധാനദേവാലയമായ ഗ്ലോറിയാ (Gloria) പള്ളിയിലാണ്. ഇന്നലെ രാത്രി 7 മണിക്കു ആ പള്ളിയിൽ വി. കർബാനയുടെ വാഴ്വിനുശേഷം ബ. വികാരിയച്ചൻ്റെ ആഗ്രഹപ്രകാരം അരമണിക്കൂർ ഞാൻ ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു. ഇവിടത്തെ ശീതോഷ്ണാവസ്ഥ മദ്രാസിലെക്കാൾ നല്ലതാണ്. ഇന്നു കർബാനക്കുശേഷം മെത്രാനച്ചൻ ഞങ്ങളെ ഫോൺ മാർഗ്ഗം അരമനയിലേക്കു വിളിച്ചു. അരമനയും ഈ പള്ളിയുമായി ഏകദേശം 4 മൈൽ ദൂരം വരും. ഞങ്ങൾക്കാവശ്യമായ, വിസാ, വിദേശപണമിടപാട് മുതലായവകൾക്കുവേണ്ട ഏർപ്പാടുകൾ ചെയ്തു പട്ടണത്തിൻ്റെ പല ഭാഗങ്ങളും ഞങ്ങൾ കാറിൽ ചുററിനടന്നു കണ്ടുകൊണ്ടിരിക്കുന്നു. തീർത്ഥകർക്കാവശ്യമായ ഒരു പ്രാർത്ഥനപുസ്തകം, ബാഡ്ജ്, ഗയിഡുബുക്ക് മുതലായവകൾ റോമിൽനിന്നും അയച്ചിരുന്നതു ഞങ്ങൾക്കു ലഭിച്ചുകഴിഞ്ഞു. പലസ്തീനാ സന്ദർശിക്കുന്നതിനു ഞാനും ഫാദർ പുതിയപറമ്പിലും മദ്രാസിൽനിന്നും പാസ്സ്പോർട്ടിൽ പ്രത്യേകം എൻഡോഴ്സ്മെൻ്റു വാങ്ങിച്ചിട്ടുണ്ട്. എല്ലാവരും സമ്മതിക്കുന്നപക്ഷം പ്ലെയിൻ മിതമായ നിരക്കിൽ വിടാമെന്നു കമ്പനിക്കാർ സമ്മതിച്ചിട്ടുണ്ട്. എന്നാൽ അറബികളും യഹൂദന്മാരുമായുള്ള ആഭ്യന്തരകലാപങ്ങൾ അവസാനിക്കാത്തതിനാൽ പാലസ്തീനാസന്ദർശനം സുരക്ഷിതമല്ലെന്നു സംശയിക്കുന്നവരും ഉണ്ട്. അറിയിക്കത്തക്ക മററു വിശേഷങ്ങൾ തൽക്കാലം വേറെ ഒന്നുമില്ല.

National Indian Life Insurance Company Ltd.,
(Established 1906)
**Head Office: Calcutta**
*Unique opportunity for field workers under new business expansion scheme.*
*Apply to:-*
**M/S. Kunnuthara Bros.,**
Chief Agents for West Coast, Ernakulam

## പ്രാദേശികവാർത്തകൾ

മുരിക്കുംപുഴ സെൻ്റ് വിൻസെൻ്റ് ഡി പോൾ സംഘത്തിൻ്റെ ആഭിമുഖ്യത്തിലും വികാരി വെരി റവ. ഫാ. മാർക്ക് ഫെർണാണ്ടസിൻ്റെ അദ്ധ്യക്ഷതയിലും ഏപ്രിൽ 16-ാംനു ഒരു പൊതുയോഗം കൂടുകയുണ്ടായി. സംഘത്തെ എല്ലാവരും ഉള്ളഴിഞ്ഞു സഹായിക്കേണ്ടതിൻ്റെ ആവശ്യകതയെ പരാമർശിച്ചു ശ്രീ ജോസഫ് ടി. പെരേര ബി. എ. പ്രസംഗിച്ചു.

—കുടല്ലൂർ ഇടവകയിലെ വിവിധ സംഘടനകളുടെ സംയുക്തവാർഷികം റവ. ഫാ. തോമസ് കൊച്ചുമുങ്കാനാൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 16-ാംനു നടന്നിരിക്കുന്നു. റവ. കുര്യാക്കോസ് ഏണാക്കാട്ട് ബി. എ., റവ. ജേക്കബ് നരിക്കുഴി എന്നിവർ പ്രസംഗിച്ചു.

—റോമിലേക്കു യാത്രപുറപ്പെടുന്ന തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനിക്കു സ്വന്തം ഇടവകയായ കാറാഞ്ചിറയിലെ നിവാസികൾ ഏപ്രിൽ 16-ാംനു ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു.

—തൃശ്ശിവപേരൂർ സെൻ്റ് മേരീസ് അനാഥശാലയിലെ ദേവാലയത്തിനരികിൽ നവമായി പണിചെയ്തിട്ടുള്ള ഫാത്തിമാമാതാവിൻ്റെ ഗ്രോട്ടോയുടെ ആശീർവ്വാദകർമ്മം, തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു മേടം 3-ാംനു നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ റൈററ് റവ. മോൺ ആൻറണി പുതുശേരി ഒരു പ്രസംഗം ചെയ്തു.

—കണ്ടശാങ്കടവ് സി. എ. സി. യുടെ വാർഷികത്തോടനുബന്ധിച്ച് മാസ്റ്റർ ടോം ജോസിൻ്റെ കഥാപ്രസംഗം വിജയപ്രദമായി നടന്നിരിക്കുന്നു. കാഥികനു സദസ്യരുടെ വകയായി പല സമ്മാനങ്ങളും സി. എ. സി. വകയായി ഒരു മെഡലും നല്കപ്പെട്ടു.

—

## തി-കൊ. വാർത്തകൾ

തമിഴ്നാട്ടു് കോൺഗ്രസ് പ്രസിഡണ്ട് മി. നഥാനിയേൽ തൽസ്ഥാനം രാജിവച്ചിരിക്കുന്നു.

—ഇൻഡ്യയിലെ കർഷകത്തൊഴിലാളികളുടെ സ്ഥിതിഗതികളെപ്പററി കേന്ദ്രഗവമ്മെൻ്റിൻ്റെ ലേബർ മിനിസ്ട്രി ഒരന്വേഷണം നടത്തിവരുന്നു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലേക്കു നിയോഗിച്ചിരിക്കുന്ന ഒരു ചെറിയ സ്ക്വാഡ് ഇവിടത്തെ ഏതാനും വില്ലേജുകൾ സന്ദർശിക്കുന്നതാണ്.

—കൊല്ലത്തേ പുതിയ കോളെജ് അടുത്ത വർഷാരംഭത്തിൽ പ്രവർത്തനമാരംഭിക്കുന്നതാണെന്നു പറയപ്പെടുന്നു.

—വ്യയന്യൂനീകരണാർത്ഥം ജൂൺ 1-ാംനു സെക്രട്ടേറിയേററിൽനിന്നു 4 അസിസ്റ്റൻ്റ് സെക്രട്ടറിമാർ, 9 സൂപ്രണ്ടുമാർ, 12 ടൈപ്പിസ്റ്റുകളുൾപ്പെടെ 80 ക്ലാർക്കുമാർ എന്നിവരെ പിരിച്ചുവിടുന്നതാണെന്നറിയുന്നു.

— ഐക്യസംസ്ഥാനനിയമസഭയിൽ തൊഴിൽത്തർക്കബിൽ, കാർഷികാദായനികുതിബിൽ എന്നിവ പാസായിരിക്കുന്നു.

—കാർഷികാദായനികുതിവകുപ്പും വില്പനനികുതിവകുപ്പും സംയോജിപ്പിച്ച് ഒരു വകുപ്പദ്ധ്യക്ഷൻ്റെ കീഴിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.

—കയർവ്യവസായ പുനസ്സംഘടനസംബന്ധിച്ചു നിയുക്തനായ സ്പെഷൽ ഓഫീസർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് ഗവമ്മെൻ്റ് അംഗീകരിച്ചിരിക്കുന്നു. അതനുസരിച്ച് 22 സഹകരണസംഘങ്ങൾ സ്ഥാപിക്കുവാനുദ്ദേശിച്ചിരിക്കുന്നു.

—

## ഇൻഡ്യാവാർത്തകൾ

ചന്ദ്രനഗറിൻ്റെ ഭരണം മേയ് 2-ാംനു മുതൽ ഇൻഡ്യാഗവമ്മെൻ്റ് ഏറെറടുക്കുന്നതാണെന്നു ഫ്രഞ്ചുഗവമ്മെൻ്റിൻ്റെയും പശ്ചിമബംഗാൾ ഗവമ്മെൻ്റിൻ്റെയും ഇൻഡ്യാഗവമ്മെൻ്റിൻ്റെയും പ്രതിനിധികൾ ചേർന്നു നടത്തിയ കോൺഫറൻസിൽ തീരുമാനിച്ചിരിക്കുന്നു.

—കേന്ദ്രഗവമ്മെൻ്റിലെ വ്യവസായമന്ത്രി ഡോക്ടർ ശ്യാമപ്രസാദ് മുക്കർജിയും വാണിജ്യമന്ത്രി ശ്രീ കെ. സി. നിയോഗിയും തങ്ങളുടെ മന്ത്രിസ്ഥാനങ്ങൾ രാജിവയ്ക്കുകയും, പ്രസിഡണ്ട് രാജേന്ദ്രപ്രസാദ് രാജി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത മന്ത്രിമാർ വഹിച്ചിരുന്ന വകുപ്പുകൾ തല്ക്കാലത്തേക്കു പണ്ഡിററ് നെഹ്റു ഏറെറടുത്തിരിക്കുന്നതാണ്.

—കേന്ദ്രഗവമ്മെൻ്റിൻ്റെ ജനപ്രതിനിധിസഭയിൽ 720,000 പേർക്ക് ഒരു പ്രതിനിധി എന്ന കണക്കനുസരിച്ച് ആകെ 496 അംഗങ്ങൾ ഉണ്ടായിരിക്കുമെന്നു തീരുമാനിച്ചിരിക്കുന്നു.

—1950 മാർച്ച് 1-ാംനു ഇൻഡ്യയിലെ ജനസംഖ്യ 3473.4 ലക്ഷമാണെന്നു സെൻസസ് കമ്മീഷണർ കണക്കാക്കിയിരിക്കുന്നു.

—അടുത്ത സ്കൂൾവർഷാരംഭം മുതൽ മദ്രാസ് പ്രവിശ്യയിലെ സ്കൂളുകളിലെ ഒന്നാം ഫാറം മുതൽ ആറാംഫാറം വരെയുള്ള ക്ലാസ്സുകളിൽ ഹിന്ദി ഒരു നിർബന്ധവിഷയമായി പഠിപ്പിക്കുന്നതാണ്.



## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

പ്രിയ കുഞ്ഞുങ്ങളേ,

ദൈവം തന്റെകൂടെ ഉണ്ടായിരുന്ന ഒരു ചെറുബാലനു് ഭയങ്കരനായ അവന്റെ ശത്രുവിന്റെമേൽ ലഭിച്ച അത്ഭുതവിജയം വിവരിക്കാമെന്നാണല്ലോ കഴിഞ്ഞപ്രാവശ്യം വല്യച്ചൻ പറഞ്ഞിരുന്നതു്. പഴയ നിയമത്തിൽ രാജാക്കന്മാരുടെ ഒന്നാംപുസ്തകം പതിനേഴാം അദ്ധ്യായത്തിൽ ഭംഗിയായി വിവരിച്ചിരിക്കുന്ന ഒരു സംഭവത്തിന്റെ ചുരുക്കമാണു് ഇതു്.

ഇസ്രായേൽക്കാർക്കു് ഓരോ കാലഘട്ടങ്ങളിൽ ഓരോ ശത്രുക്കൾ ഉണ്ടായിരുന്നു. ശാവോൽ രാജാവു് ഇസ്രായേൽക്കാരെ ഭരിച്ചിരുന്നകാലത്തു് അവർക്കുണ്ടായിരുന്ന പ്രധാന ശത്രുക്കൾ പ്ലിസ്തായക്കാരായിരുന്നു. ഇവർ ശക്തികൊണ്ടും, പ്രതാപംകൊണ്ടും, യുദ്ധസാമർത്ഥ്യംകൊണ്ടും വളരെയധികം ഉയർന്ന ഒരു നിലയിലായിരുന്നു. ഇവർ തമ്മിലുണ്ടായ ഒരു യുദ്ധമാണു് നമ്മുടെ പ്രതിപാദ്യവിഷയം. പ്ലിസ്തായക്കാർ യുദ്ധത്തിനൊരുങ്ങി, ഇസ്രായേൽക്കാരെ നിഷ്പ്രയാസം തോല്പിക്കുന്നതിനു് മതിയാകുന്ന എല്ലാ യുദ്ധസന്നാഹങ്ങളോടുംകൂടെ ദോമിന്റെ അതിർത്തികളിലുള്ള ഒരു മലയിൽ പാളയമടിച്ചു. പ്രസ്തുത മലയുടെ മറുവശത്തുള്ള ഒരു മലയിൽ ഇസ്രായേൽക്കാരും ആസ്ഥാനമുറപ്പിച്ചു. ഇരുകൂട്ടരുടെയും മദ്ധ്യത്തിൽ ഒരു താഴ്‌വരയും ഉണ്ടായിരുന്നു. യുദ്ധത്തിനുള്ള ഒരുക്കം പൂർത്തിയായിക്കഴിഞ്ഞപ്പോൾ പ്ലിസ്തായക്കാരുടെ പാളയത്തിൽനിന്നും അതിഭയങ്കരനായ ഒരു മനുഷ്യൻ പുറത്തേക്കു് ഇറങ്ങിവന്നു. ഏഴടിയിൽ കൂടുതൽ ഉയരമുള്ള മനുഷ്യരെ നിങ്ങളിൽ ആരും കണ്ടിരിക്കയില്ല. വല്യച്ചനും കണ്ടിട്ടില്ല. എന്നാൽ ഈ ഭീമന്റെ പൊക്കം പത്തടിയിൽ കുറയുകയില്ല. തലയിൽ പിച്ചളകൊണ്ടുള്ള ഒരു തലക്കോരി; ഉടലിൽ 156 റാത്തലിൽപ്പരം തൂക്കംവരുന്ന ഒരു ഇരുമ്പുചട്ട; കാലുകളിൽ പിച്ചളകൊണ്ടുള്ള കാൽച്ചട്ട; തോളിൽ ഒരു പിച്ചളപ്പരിച; ഇവയൊക്കെയാണു് സ്വയരക്ഷാർത്ഥം അവൻ ധരിച്ചിരുന്നതു്. ആളിന്റെ വലിപ്പത്തിനു് യോജിച്ച ഒരു വലിയ കുന്തം അവന്റെ കൈയിലും ഉണ്ടായിരുന്നു. എന്തൊരു ഭയങ്കര സത്വം! ഗോലിയാത്തു് എന്നായിരുന്നു ഇയാളുടെ പേരു്. ഈ ഭീമസേനനെ കണ്ടമാത്രയിൽ ഇസ്രായേൽഭടന്മാർ ഞെട്ടിവിറച്ചു. പാളയത്തിൽനിന്നും ഇറങ്ങിവന്ന ഈയാൾ ഇസ്രായേൽക്കാരെ പോരിനു വിളിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "അല്ലയോ ശാവോൽ രാജാവിന്റെ സേവകന്മാരേ, നിങ്ങളുടെ ഇടയിൽനിന്നും ഒരാളെ തിരഞ്ഞെടുത്തു് എന്റെ പക്കലേക്കു് അയക്കുവിൻ. ഞങ്ങൾ മെയ്യോടു മെയ്യു് ചേർന്നു് യുദ്ധം ചെയ്യാം. യുദ്ധത്തിൽ അവൻ എന്നെ കൊല്ലുകയാണെങ്കിൽ ഞങ്ങൾ നിങ്ങൾക്കു് അടിമകളായിരുന്നുകൊള്ളാം. എന്നാൽ ഞാൻ അവനെ തോല്പിക്കുകയാണെങ്കിൽ നിങ്ങൾ ഞങ്ങൾക്കു് അടിമവേല ചെയ്യണം." പ്ലിസ്തായന്റെ ഈ വാക്കുകൾകേട്ടു ശാവോലും ഇസ്രായേൽക്കാരെല്ലാവരും ഭയപ്പെട്ടു. ഗോലിയാത്തു് ഇപ്രകാരം 40 ദിവസം കാലത്തും വൈകിട്ടും പാളയത്തിനു് പുറത്തു പ്രത്യക്ഷപ്പെട്ടു് ഇസ്രായേൽക്കാരെ വിളിച്ചിട്ടും അവരിൽ ആരും അയാളോടു യുദ്ധം ചെയ്യുന്നതിനു് ധൈര്യപ്പെട്ടില്ല.

ഇസ്രായേൽ പടയാളികളുടെ കൂട്ടത്തിൽ ഈശായി എന്നു പേരുള്ള ഒരു വൃദ്ധന്റെ മൂത്ത മൂന്നു മക്കൾ ഉണ്ടായിരുന്നു. ഈശായിക്കുണ്ടായിരുന്ന എട്ടു മക്കളിൽ ഇളയ ആൾ ദാവീദായിരുന്നു. ബാല്യപ്രായം കഴിയാത്ത അവനു് ആടുകളെ മേയിക്കുകയായിരുന്നു ജോലി. ഗോലിയാത്തിന്റെ പോർവിളിയുടെ ദിവസങ്ങളിലൊരിക്കൽ ഈശായി ദാവീദിനെ വിളിച്ചു് ഇപ്രകാരം പറഞ്ഞു: "മകനേ, നീ ഈ പത്തു അപ്പവും വറുത്ത ധാന്യവുമെടുത്തു് പാളയത്തിലേക്കു പോയി നിന്റെ സഹോദരന്മാർക്കു കൊടുക്കുകയും അവർക്കു് സുഖമായിരിക്കുന്നുവോ എന്നറിഞ്ഞുവരികയും ചെയ്യുക."

അപ്പന്റെ നിർദ്ദേശാനുസരണം പിറേറദിവസം അതിരാവിലെ ദാവീദ് പാളയത്തിലേക്കു പുറപ്പെട്ടു. അവൻ അവിടെ എത്തി തന്റെ സഹോദരന്മാരോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഗോലിയാത്തു് പതിവുപോലെ അയാളുടെ പാളയത്തിനു പുറത്തു് പ്രത്യക്ഷപ്പെടുകയും ഇസ്രായേൽക്കാരെ പോരിനുവിളിക്കുകയുംചെയ്തു. ഇതു കണ്ടും കേട്ടും അമ്പരന്നുനിന്നുപോയ ദാവീദിനോടു് ഒരു ഇസ്രായേൽക്കാരൻ പറഞ്ഞു: "നീ ആ പൊണ്ണത്തടിയനെ കണ്ടുവോ? അവൻ ഇസ്രായേൽക്കാരെ പോരിനു വിളിക്കുകയാണു്. അവനെ കൊല്ലുന്ന ആളിനെ ധനസമൃദ്ധികൊണ്ടും അവന്റെ പിതൃഭവനത്തെ കരം ഒഴിവുകൊണ്ടും സമ്മാനിക്കാമെന്നാണ് ശാവോൽ രാജാവു് പറഞ്ഞിരിക്കുന്നതു്. മാത്രമല്ല രാജാവിന്റെ പുത്രിയെ അയാൾക്കു് ഭാര്യയായി കൊടുക്കുന്നതാണെന്നും രാജാവു് ഉറപ്പുനൽകിയിട്ടുണ്ടു്. പക്ഷെ അവനോടു് എതിരിടുന്നതിനു് ഞങ്ങളിൽ ആർക്കും ധൈര്യമുണ്ടായിട്ടില്ല." ഈ വിവരങ്ങളെല്ലാം കേട്ടുകഴിഞ്ഞപ്പോൾ ഒരു ഭാവഭേദം ദാവീദിൽ പ്രത്യക്ഷപ്പെട്ടു. ഭയമെല്ലാം അയാളിൽനിന്നും ഓടിയൊളിച്ചു. ധൈര്യം അവനെ ഉന്മേഷചിത്തനാക്കിത്തീർത്തു. ഏതു പ്രതിബന്ധവും തരണംചെയ്യുന്നതിനും ഏതു ആപത്തിനോടും എതിരിടുന്നതിനും അഭിമാനം അവനെ പ്രാപ്തനാക്കി. ഹീനജാതനായ ആ പ്ലിസ്തായനിൽനിന്നും ദൈവത്തിന്റെ ജനമായ ഇസ്രായേൽക്കാരെ രക്ഷിക്കുന്നതിനു് അവൻ ഉറച്ചുകഴിഞ്ഞു. കാര്യം മനസ്സിലാക്കിയ അവന്റെ സഹോദരന്മാർ അവനെ ശാസിച്ചു. അവർ പറഞ്ഞു: "നിനക്കു് യുദ്ധം ചെയ്യണം അല്ലേ? ഇതിനാണോ നീ ഇങ്ങോട്ടുവന്നതു്? ആടുകളെ എല്ലാം എവിടെയോ വിട്ടിട്ടു് അവൻ വന്നിരിക്കുന്നു! ക്ഷണംപോയി ആടുകളുടെ കാര്യം അന്വേഷിച്ചുകൊള്ളുക. അല്ലെങ്കിൽ...."

ദാവീദിനെക്കുറിച്ചുള്ള വിവരങ്ങൾ രാജാവിന്റെ ചെവികളിൽ എത്തി. അവൻ രാജസന്നിധിയിലേക്കു് ആനയിക്കപ്പെട്ടു. വിനയപുരസ്സരം അവൻ തിരുമനസ്സുണർത്തിച്ചു: "അല്ലയോ തിരുമേനി, അങ്ങയുടെ ഭൃത്യനായ അടിയൻ പോയി ആ പ്ലിസ്തായനോടു യുദ്ധം ചെയ്തു് അവനെ തോല്പിച്ചുവരാം." ആശ്ചര്യഭരിതനായ ശാവോലാകട്ടെ: "നീ ഇതിനു പ്രാപ്തനല്ല. എന്തുകൊണ്ടെന്നാൽ നീ ഒരു ബാലൻമാത്രം. അവനോ എന്നാൽ യൗവനംമുതൽ ഒരു യോദ്ധാവാണു്." ദാവീദ് പ്രതിവചിച്ചു: "അടിയൻ അടിയന്റെ പിതാവിന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്ന ഒരവസരത്തിൽ ഒരു സിംഹവും, മറെറാരവസരത്തിൽ ഒരു കരടിയുംവന്നു് ആടുകളെ പിടിച്ചു. അടിയൻ അവയുടെ തൊണ്ടയ്ക്കു പിടിച്ചു് അവയെ ഞെക്കിക്കൊന്നുകളഞ്ഞു. ഇതുപോലെതന്നെ ഈ പ്ലിസ്തായനേയും അടിയൻ കൊന്നുകളയാം. സിംഹത്തിന്റെ നഖങ്ങളിൽനിന്നും കരടിയുടെ നഖങ്ങളിൽനിന്നും അടിയനെ രക്ഷിച്ച ആ കർത്താവുതന്നെ ഈ ഹീനജാതന്റെ കൈകളിൽനിന്നും എന്നെ രക്ഷിക്കുകയും അവന്റെമേൽ എന്നെ വിജയിപ്പിക്കുകയുംചെയ്യും." ദാവീദിന്റെ അസാധാരണമായ ധൈര്യവും അസാമാന്യവിശ്വാസവും ശാവോലിനെ സംതൃപ്തനാക്കി. അയാൾ പറഞ്ഞു: "നീ പോയി യുദ്ധംചെയ്തുകൊള്ളുക. കർത്താവു നിന്റെകൂടെ ഉണ്ടായിരിക്കും." അനന്തരം രാജാവു് തന്റെ ഉടുപ്പുകൾ ദാവീദിനെ അണിയിക്കുകയും, പിച്ചളകൊണ്ടുള്ള ഒരു തലക്കോരിയും ഒരു കവചവും അവനെ ധരിപ്പിക്കുകയും ചെയ്തു. എന്നാൽ അവയുടെ ഭാരംകൊണ്ടു് നിവർന്നുനിൽക്കുവാൻപോലും ആ ബാലനു് കഴിഞ്ഞില്ല. അതുകൊണ്ടു് അവൻ അവ ഊരിക്കളഞ്ഞു. അതിനുശേഷം അവൻ പതിവായി ഉപയോഗിച്ചിരുന്ന വടിയും, അരുവിയിൽനിന്നു് പെറുക്കിയെടുത്ത മിനുസമുള്ള അഞ്ചു കല്ലുകളും, ഒരു കവണിയും (കാക്കയേയും മററു പക്ഷികളേയും എറിഞ്ഞുപിടിക്കുവാൻ റബർതെററാലികൾ നിങ്ങൾ ഉപയോഗിക്കുന്നുണ്ടല്ലോ. പണ്ടുകാലങ്ങളിൽ ശത്രുക്കളോടു യുദ്ധംചെയ്യുവാൻ ഉപയോഗിച്ചിരുന്ന ഒരായുധമാണു് കവണി.) കൈയിൽ എടുത്തുകൊണ്ടു് ഗോലിയാത്തിനെതിരായി പുറപ്പെട്ടു.

സുമുഖനും കോമളഗാത്രനുമെങ്കിലും കേവലം ബാലനായ ഒരുവൻ തന്നോടു യുദ്ധത്തിനു വരുന്നതു കണ്ടു് ഹാസ്യഭാവത്തിൽ ഗോലിയാത്തു് ഗർജ്ജിച്ചു: "ഒരു വടിയുംകൊണ്ടു് നീ എന്റെ പക്കലേക്കു വരുവാൻ ഞാൻ ഒരു പട്ടിയാണോ? നീ എന്റെ അടുക്കലേക്കു വരിക. ഞാൻ നിന്നെ ഭസ്മമാക്കിക്കളയും." ഇതിനു് ദാവീദ് ഇപ്രകാരം മറുപടി പറഞ്ഞു: "നീ ഒരു വാളും ഒരു കുന്തവും ഒരു പരിചയുമായി എന്റെ പക്കലേക്കു് വന്നിരിക്കുന്നു. ഞാനോ എന്നാൽ നീ പോരിനു വിളിച്ച ഇസ്രായേൽസേനകളുടെ ദൈവമായ, സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിൽ നിന്റെ പക്കലേക്കു വരുന്നു. ഇന്നേദിവസം കർത്താവു നിന്നെ എന്റെ കൈയിൽ ഏല്പിക്കും. ഞാൻ നിന്നെ വധിക്കുകയും നിന്നിൽനിന്നും നിന്റെശിരസ്സിനെഎടുത്തുകളയുകയുംചെയ്യും. ഇസ്രായേലിൽ ഒരു ദൈവമുണ്ടെന്നു ലോകമെല്ലാം അറിയുന്നതിനായി പ്ലിസ്തായ സൈന്യത്തിന്റെ മൃതശരീരങ്ങളെ ആകാശത്തിലെ പറവകൾക്കും ഭൂമിയിലെ മൃഗങ്ങൾക്കും ഞാൻ കൊടുക്കും. കർത്താവു് വാളും കുന്തവുംകൊണ്ടല്ല രക്ഷിക്കുന്നതെന്നു് അപ്പോൾ എല്ലാ ജനങ്ങളും അറിയുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ഇതു് തന്റെ യുദ്ധമാകുന്നു."

ദാവീദിന്റെ പ്രസ്തുത വാക്കുകൾ കേട്ടു് കുപിതനായ ഗോലിയാത്തു് ദാവീദിനെ ഭസ്മമാക്കുന്നതിനു് അലറിക്കൊണ്ടു് പാഞ്ഞടുത്തു. ദാവീദാകട്ടെ സഞ്ചിയിൽ കൈ ഇട്ടു് ഒരു കല്ലെടുത്തു കവണിയിൽവച്ചു് വീശിച്ചുററിച്ചു് ആ പ്ലിസ്തായന്റെ നേരെ ഒരേറു്. വെടിയുണ്ട പോലെ മിന്നൽവേഗത്തിൽ പാഞ്ഞുപോയ ആ കല്ലു് ഗോലിയാത്തിന്റെ നെററിക്കുകൊണ്ടതും ചുവടുവെട്ടിയ ഒററത്തടിമരംപോലെ അവൻ നിലംപതിച്ചതും ഒരുമിച്ചു കഴിഞ്ഞു. ഉടൻതന്നെ ദാവീദ് ഓടിച്ചെന്നു് ഗോലിയാത്തിന്റെ മുകളിൽ കയറിനിന്നു് അയാളുടെ ഉറയിൽനിന്നും വാൾ ഊരിയെടുത്തു് അവന്റെ തലവെട്ടി. തങ്ങളുടെ യുദ്ധവീരൻ മരിച്ചതുകണ്ടുനിന്ന പ്ലിസ്തായക്കാർ ഓടി രക്ഷപെടുവാൻ ആരംഭിച്ചു. ഇസ്രായേൽക്കാരാകട്ടെ അവരുടെ പുറകെ ഓടിയെത്തി അവരെയെല്ലാം കൊന്നൊടുക്കി. ദാവീദ് ഗോലിയാത്തിന്റെ ശിരസ്സെടുത്തുകൊണ്ടുവന്നു് രാജാവിനു് സമർപ്പിക്കുകയും വാഗ്ദാനപ്രകാരമുള്ള പ്രതിഫലങ്ങൾക്കു് അർഹനായിത്തീരുകയും ചെയ്തു.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങളുടെ പ്രായമുള്ള ഒരു കുട്ടി അതിഭയങ്കരനായ ഒരു രാക്ഷസനേയും ഒരു രാജ്യക്കാരേയും എത്ര എളുപ്പം തോല്പിച്ചു എന്നു നാം കണ്ടുകഴിഞ്ഞു. ദാവീദിന്റെ ഈ മഹാവിജയത്തിന്റെ രഹസ്യം എന്താണു്? ദൈവം അവനോടുകൂടി ഉണ്ടായിരുന്നു എന്നുള്ളതുതന്നെ. തിരുസ്സഭയുടെ ആരംഭകാലംമുതൽ പല ഗോലിയാത്തുമാരും പ്ലിസ്തായക്കാരും അവളോടു യുദ്ധംചെയ്യുന്നതിനും അവളെ ഭസ്മമാക്കുന്നതിനു് ശ്രമിച്ചിട്ടുണ്ടു്. എന്നാൽ അവരെല്ലാം ഒന്നിനു പുറകെ ഒന്നായി തോററുപോകുകയാണുണ്ടായിട്ടുള്ളതു്. കമ്മ്യൂണിസമാകുന്ന ഭയങ്കരസത്വത്തിനും ഇതുതന്നെയാണു് ഉണ്ടാകുവാൻപോകുന്ന അനുഭവം. പക്ഷെ നമ്മുടെ സഹകരണം ദൈവം ആവശ്യപ്പെടുന്നുണ്ടു്. പ്രസ്തുത സഹകരണം ഔദാര്യപൂർവ്വം നാം നൽകണം. ഇതു നൽകിയില്ലെങ്കിൽ നാം പരാജിതരാകുകയും കമ്മ്യൂണിസം വിജയം വരിക്കുകയും ചെയ്യുമെന്നാണു് മാതാവു് മുന്നറിയിപ്പു നൽകിയിരിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ പരി. അമ്മയുടെ നിർദ്ദേശാനുസരണം നമുക്കു് ഒന്നിച്ചുചേർന്നു് നമ്മുടെ പൊതുശത്രുവിനോടു് ആത്മാർത്ഥമായി യുദ്ധംചെയ്യാം. കേവലം ഒരു ബാലനായ ദാവീദിനു് പ്ലിസ്തായക്കാരെ എല്ലാം തോല്പിക്കുവാൻ സാധിച്ചെങ്കിൽ നാം പലർകൂടിയാൽ വിജയം നിശ്ചയമാണു്. സ്പെയിനിൽ ഉണ്ടായ കമ്മ്യൂണിസ്റ്റു് വിപ്ലവകാലത്തു് അവിടത്തെ ബാലന്മാരും ബാലികമാരും ഒരുമിച്ചുചേർന്നു് പ്രാർത്ഥനയും പ്രായശ്ചിത്തവും അനുഷ്ഠിച്ചുകൊണ്ടു് അവിടത്തെ കമ്മ്യൂണിസത്തെ തോല്പിച്ചു. നമുക്കും ആ കുട്ടികളെ അനുകരിക്കാം. കേരളത്തിലെ കുട്ടികളായ നമ്മോടുകൂടി ലോകത്തിലെ മിക്കവാറും എല്ലാ കത്തോലിക്കാകുട്ടികളുമുണ്ടു്. അതുകൊണ്ടു് ഒരു മഹാശക്തിയാണു് നാം. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും നമ്മുടെ പരി. അമ്മയുടെ സംരക്ഷണയിലും നിർദ്ദേശപ്രകാരവും ദൈവത്തിന്റെയും നമ്മുടെയും ശത്രുവിനെതിരായി നമുക്കു് പ്രവർത്തനമാരംഭിക്കാം. അപ്പോൾ കേരളത്തിലും ഇൻഡ്യയിലും മാത്രമുള്ളതല്ല പ്രത്യുത ലോകം മുഴുവനിലുമുള്ള വിധ്വംസക പ്രസ്ഥാനങ്ങളെ പരാജയപ്പെടുത്തുന്നതിനു നമുക്കു സാധിക്കും. ഇപ്പോൾ ലോകത്തെ ആവരണംചെയ്തിരിക്കുന്ന അന്ധകാരത്തെ ദൂരെപായിച്ചിട്ടു് മിശിഹായുടെ വെളിച്ചത്തിൽ ലോകത്തെ പ്രകാശപൂരിതമാക്കുന്നതിനു് നമുക്കു് ഇടവരും. ഇതിനു് ഫാത്തിമാമാതാവു് നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കുളങ്ങര പൗലോ തോമ്മാ
മൂക്കന്നൂർ

---

## നിങ്ങൾക്കറിയാമോ?

1 നായാട്ടുകാരുടെ മദ്ധ്യസ്ഥ ആരാണു്? 2 വിദ്യാർത്ഥിനികളുടെ മദ്ധ്യസ്ഥ ആരാണു്? 3 നാടകക്കാരുടെ മദ്ധ്യസ്ഥൻ ആരാണു്?

ഉത്തരങ്ങൾ

1 വി. ബാർബര. 2 അലക്സാണ്ഡ്റിയായിലെ വി. കത്രീന. 3 വി. ഗൈവാറസ്.

വിൻസെൻറ ഡി പോൾ സഖ്യം 1

# വിത്തിൻെറ വളർച്ച

ദിവ്യനാഥനായ ക്രിസ്തു തൻെറ തിരുസഭയെ നിലത്തുവീണു മുളച്ച് ശാഖോപശാഖകളോടുകൂടിയ വൻവൃക്ഷമായിത്തീൎന്ന ഒരു ചെറിയ വിത്തിനോട് ഉപമിച്ചിട്ടുണ്ടു്. കത്തോലിക്കാസഭയിലെ സന്യാസസമൂഹങ്ങളുടേയും ഭക്തസംഘങ്ങളുടേയും ചരിത്രം പഠിക്കുന്ന ഒരുവനു് ഇവയെ സംബന്ധിച്ചും പ്രസ്തുത ഉപമ അന്വത്ഥമാണെന്നു കാണുവാൻ പ്രയാസമില്ല. തിരുസഭയിലെ ഭക്തസംഘങ്ങളിൽ പ്രമുഖസ്ഥാനം വഹിക്കുന്ന വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ ഉത്ഭവവും വളച്ച്യും ദൈവപരിപാലനയുടെ അത്ഭുതകരമായ പ്രവത്തനത്തിൻെറ മകുടോദാഹരണമായി പരിലസിക്കുന്നു. 1833 മേയ്മാസത്തിൽ കേവലം ആറു യുവാക്കന്മാർ ഒരു മദ്ധ്യവയസ്കൻെറ നേതൃത്വത്തിൽ ആരംഭിച്ച ഒരു ചെറുസംഘം ഇന്നു് കത്തോലിക്കാചൈതന്യത്തിൽ അധിഷ്ഠിതമായ പരസ്നേഹപ്രവത്തനങ്ങളെ ദിഗന്തങ്ങളിൽ പ്രസരിപ്പിച്ചുകൊണ്ടു് വിശ്വവ്യാപകമായ ഒരു ഭക്തസംഘമായി വളൎന്നിരിക്കുന്നു. തങ്ങളുടെ ചെറുസംഘം ഇങ്ങനെ ആഗോളവ്യാപകമായ ഒരു സംഘടനയായിത്തീരുമെന്നു് ആ യുവാക്കന്മാർ സ്വപ്നേപി വിചാരിച്ചിരുന്നില്ലെന്നുമാത്രമല്ല തങ്ങളുടെ സംഘത്തെ വിപുലീകരിക്കുന്ന ആശയത്തിനു് അവർ എതിരായിരുന്നുതാനും.

പതിനഞ്ചു വയസ്സു പ്രായമുണ്ടായിരുന്ന ഫ്റെഡറിക്ക് ഒസാനാമിനു് വിശ്വാസവിഷയകമായി ചില സംശയങ്ങൾ ഉണ്ടായി. അവ ആ യുവാവിനെ അതിയായി അലട്ടിക്കൊണ്ടിരുന്നു. അവിശ്വാസവും ഭക്തിരാഹിത്യവും വർദ്ധിച്ചുവന്നിരുന്ന ഒരു യുഗത്തിലാണു് ഒസാനാം ജീവിച്ചിരുന്നതു്. വിശ്വാസത്തിൻെറ പാവനതയേയും ആവശ്യകതയേയുംപററി പണ്ഡിതന്മാരായി പരിഗണിക്കപ്പെട്ടിരുന്ന പലക്കും ബോധ്യമില്ലാതിരുന്ന കാലമായിരുന്നു അതു്. സവ്വകലാശാലകളിൽ മതവിശ്വാസവും സന്മാൎഗ്ഗബോധവും ക്ഷയിച്ചുവന്നിരുന്നു. അവിടത്തെ അദ്ധ്യാപകവര്യന്മാർതന്നെ മതവിരുദ്ധാശയങ്ങളുടെ പ്രണേതാക്കളായി പരിണമിച്ചിരുന്നു. കാലത്തിൻെറ ഈ അടിയൊഴുക്കിൽ യുവാവായ ഒസാനാം ഉൾപ്പെട്ടുപോയതു് അസ്വാഭാവികമല്ലല്ലോ.

ബുദ്ധിപരമായ വൈഷമ്യങ്ങൾ വളരെ അപൂവ്വമായി മാത്രമേ ഒരുവനെ അവിശ്വാസിയാക്കാറുള്ളു. സാധാരണ വിശ്വാസം നഷ്ടപ്പെട്ടുപോകുന്നതു് ഔദ്ധത്യം മുതലായ ധാമ്മികദൂഷ്യങ്ങൾ നിമിത്തമാണു്. വിശ്വാസവിഷയകമായ സംശയങ്ങൾ തന്നെ അലട്ടിയ അവസരത്തിൽ അഹങ്കാരത്തിനു് അടിപ്പെട്ടുപോകാതെ ഒരുത്തമകത്തോലിക്കനു് അനുയോജ്യമായവിധം പണ്ഡിതനായ ഒരു വൈദികനെ സമീപിച്ചു് വിനയപൂവ്വം അദ്ദേഹത്തിൻെറ സഹായം തേടുകയാണു് ഒസാനാം ചെയ്തതു്. തൽഫലമായി ആ യുവാവിൻെറ സംശയങ്ങൾ നീങ്ങിക്കിട്ടുകയും, ദൈവാനുഗ്രഹത്താൽ പ്രേരിതനായി സത്യത്തിൻെറ സേവനത്തിനായി സ്വജീവിതം വിനിയോഗിക്കുന്നതാണെന്നു് ആ വിനയശീലൻ ദൃഢപ്രതിജ്ഞ ചെയ്കയും ചെയ്തു. ഈ പ്രതിജ്ഞാപാലനത്തിൽ യുവാവായ ഒസാനാം പ്രദശിപ്പിച്ച തീക്ഷ്ണതയാണു് സെയിൻറു വിൻസെൻറു ഡി പോൾ സംഘത്തിൻെറ ആവിർഭാവത്തിനു നിദാനമായിത്തീൎന്നതെന്നു് ഒരുവിധത്തിൽ പറയാം.

സത്യസേവനത്തിൽ ദത്തശ്രദ്ധനായിത്തീൎന്ന ആ യുവവിദ്യാത്ഥി കത്തോലിക്കാമതത്തിൻെറ ദിവ്യത്വത്തേയും സത്യാത്മകത്വത്തേയും യുക്തിപൂവ്വം സ്ഥാപിക്കുന്നതിനു് ഉപയുക്തമായ വിവിധവിഷയങ്ങളെ അവധാനപൂവ്വം പഠിച്ചു തുടങ്ങി. 1832-ൽ പാരിസിലെ സർബോൺ സവ്വകലാശാലയിൽ ഒസാനാം നിയമാദ്ധ്യയനം ചെയ്തുകൊണ്ടിരിക്കയായിരുന്നു. തദവസരത്തിൽ ആ വിദ്യാകേന്ദ്രത്തിലും പരിസരദേശങ്ങളിലും പ്രചരിച്ചുകൊണ്ടിരുന്ന അവിശ്വാസത്തിൻേറയും അധർമ്മത്തിൻേറയും പുരോഗതിയെ തടയുന്നതിനു പരിശ്രമിച്ച ഒരുകൂട്ടം യുവാക്കന്മാർ തൽസിദ്ധിക്കായി ഒസാനാമിൻെറ സഹായം തേടി. പണ്ഡിതനായിരുന്ന അദ്ദേഹത്തെ അവർ തങ്ങളുടെ നേതാവായി വരിച്ചു. ഇങ്ങനെ ലഭിച്ച നേതൃസ്ഥാനം തൻെറ ഉദയശാലിനതയെ ഭഞ്ജിക്കുവാൻ ഒസാനാം സമ്മതിച്ചില്ല. തൻെറ സഹപ്രവത്തകന്മാരെക്കാൾ പ്രമുഖമായ ഒരു നില അദ്ദേഹം ഒരിക്കലും അവലംബിച്ചിരുന്നില്ല. ശാലീനനും സൽഗുണസമ്പന്നനും ആയിരുന്ന ഒസാനാമിനെ അവരെല്ലാം അതിവം ആദരിക്കയും സ്നേഹിക്കയുംചെയ്തിരുന്നു.

ഒസാനാമിൻേറയും സഹപ്രവത്തകന്മാരുടേയും പരിശ്രമഫലമായി, മതവിശ്വാസം നഷ്ടിഭവിച്ചു് ഭൗതികവാദികളായിത്തീൎന്നിരുന്ന പല പ്രഫസറന്മാരും സത്യവിശ്വാസത്തിലേക്കും ആദ്ധ്യാത്മികചൈതന്യത്തിലേക്കും പുനരാനയിക്കപ്പെട്ടു. ഇന്നത്തെ ചില യുക്തിവാദികളെപ്പോലെ ഈ പ്രഫസറന്മാരും കത്തോലിക്കാമതത്തെ അധിക്ഷേപിക്കുന്നതിനായി വോൾട്ടയർ പ്രഭൃതികളുടെ പഴഞ്ചൻവാദങ്ങൾ അതേപടി ആവത്തിച്ചിരുന്നുവെന്നു് ഒസാനാം പ്രസ്താവിക്കുന്നു. ഇങ്ങനെ മതവിരോധികളുമായുള്ള വിവാദങ്ങളിൽ ഏപ്പെട്ടിരുന്ന കാലത്തു് ഒസാനാം ബെയിലിയെ കണ്ടുമുട്ടുന്നതിനിടയായി.

അന്നു് ജോസഫ് എമ്മാനുവൽ ബെയിലിക്കു് ഉദ്ദേശം നാല്പതുവയസ്സു പ്രായമുണ്ടായിരുന്നു. ഒരു കത്തോലിക്കാപത്രത്തിൻെറ ഉടമസ്ഥനും പ്രസാധകനുമായിരുന്നു അദ്ദേഹം. ഭക്തനും വിനീതനും വിവേകിയും ആയിരുന്ന ഈ പത്രപ്രവത്തകൻെറ വ്യക്തിവിലാസം ബുദ്ധിശാലികളായിരുന്ന പല യുവാക്കന്മാരേയും ആകർഷിച്ചു. ഈ യുവഹൃദയങ്ങളിൽ ലീനമായിരുന്ന കഴിവുകളെ വികസിപ്പിച്ചു് അവയ്ക്കു് ശരിയായ നേതൃത്വം നൽകി അൽമായപ്രേഷിതത്വത്തിനായി യുവജനങ്ങളെ ഒരുക്കുന്നതിൽ ബെയിലി ഉത്സുകനായി. യുവാക്കന്മാക്കു് വിവിധതുറകളിൽ വിജ്ഞാനം പ്രദാനംചെയ്യുന്നതിനായി അദ്ദേഹം സ്വഗൃഹത്തിൽ ഒരു സംഘം സ്ഥാപിക്കുകയും കത്തോലിക്കായുവാക്കന്മാരെ അതിലേക്കു ക്ഷണിക്കുകയുംചെയ്തു. ബെയിലിയുടെ ക്ഷണമനുസരിച്ചു് ഒസാനാം ഈ സംഘത്തിൽചേന്നു. വിനാവിളംബം തൻെറ സ്നേഹിതന്മാരെ അദ്ദേഹം ബെയിലിക്കു പരിചയപ്പെടുത്തി. ഇവർ ആ സംഘത്തിനുള്ളിൽ ചരിത്രകോൺഫറൻസ് (Conference of History) എന്ന പേരിൽ ഒരു വാദപ്രതിവാദവിഭാഗം രൂപവൽക്കരിച്ചു. ഇതിൽ കത്തോലിക്കരെപ്പോലെതന്നെ അകത്തോലിക്കക്കും പ്രവേശനമുണ്ടായിരുന്നു. ഏതു വിഷയത്തെപ്പററിയും അവർ വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു; അവ സാധാരണമതവിഷയങ്ങളെ സ്പശിക്കാതിരുന്നില്ല. അങ്ങനെയുള്ള അവസരങ്ങളിൽ യുവാക്കന്മാക്കു സഹജമായവിധം വിവേകത്തെക്കാൾ വികാരത്തിനായിരുന്നു അവിടെ സ്ഥാനം. പലപ്പോഴും വിവാദങ്ങൾ അവിഹിതമാംവിധം രൂക്ഷമായി പരിണമിച്ചിരുന്നു. ആകയാൽ സത്യപ്രകാശനത്തെ സംബന്ധിച്ചിടത്തോളം ഈ കോൺഫറൻസുകൾകൊണ്ടു് പ്രതീക്ഷിതമായ ഫലം ഉളവായില്ല.

ഈ ഘട്ടത്തിൽ മതാനുഷ്ഠാനനിരതരായ കത്തോലിക്കരെ മാത്രം ഉൾപ്പെടുത്തി, പ്രവത്തനങ്ങൾകൊണ്ടു് വിശ്വാസചൈതന്യത്തെ പ്രദ്യോതിപ്പിക്കുവാൻ പര്യാപ്തമായ, ഒരു സംഘം രൂപവൽക്കരിക്കയാണു് നല്ലതെന്നു് ലെടെയിലാൻഡിയർ അഭിപ്രായപ്പെടുകയുണ്ടായി. ഈ അഭിപ്രായം വിൻസെൻറു ഡി പോൾ സംഘത്തോടു് ആ യുവാക്കന്മാരെ ഒന്നുകൂടി അടുപ്പിച്ചു. ചരിത്രകോൺഫറൻസിലെ വിവാദങ്ങൾ അതിരൂക്ഷമായിത്തീൎന്ന ഒരു സന്ധിയിൽ ലെടെയിലാൻഡിയറിൻെറ അഭിപ്രായം കഴിയുംവേഗം പ്രായോഗികമാക്കേണ്ടതിൻെറ ആവശ്യകത പ്രസ്പഷ്ടമായി. അതിൽപ്പിന്നെ ഒസാനാമും സഹപ്രവത്തകന്മാരുംകൂടി പുതിയ സംഘത്തിൻെറ സ്വഭാവത്തെപ്പററി ആലോചിച്ചുതുടങ്ങി. ഇക്കാര്യത്തിൽ അഭിപ്രായവും ഉപദേശവും ആരാഞ്ഞുകൊണ്ടു് ഒസാനാം ബെയിലിയെ സമീപിച്ചു. പരസ്നേഹപരമായ പ്രവത്തനങ്ങളെ ലക്ഷ്യമാക്കി പരസ്നേഹകോൺഫറൻസ് (Conference of charity) സ്ഥാപിക്കണമെന്നുള്ള യുവാക്കന്മാരുടെ അഭിപ്രായത്തെ ബെയിലി അംഗീകരിച്ചു. കോൺഫറൻസിൻെറ പരിപാടി ഏതുവിധമായിരിക്കണമെന്നു തീരുമാനിക്കുന്നതിനായി വിനയശാലിയായ ഒസാനാം ഒരു വൈദികനെ സമീപിച്ചു് അദ്ദേഹത്തിൻെറ ഉപദേശം തേടി. സാധുക്കളായ കുട്ടികളെ വേദോപദേശം പഠിപ്പിക്കുന്നതിനുള്ള ജോലിയാണു് ആ വൈദികൻ ആ യുവസംഘത്തിനു നിശ്ചയിച്ചുകൊടുത്തതു്.

പക്ഷേ വേദോപദേശം പഠിപ്പിക്കുന്ന ജോലി സംഘാംഗങ്ങൾക്കെല്ലാം ആകർഷകമായിത്തോന്നിയില്ല. അതിനാവശ്യമായ കൃത്യനിഷ്ഠയും സഹനശക്തിയും എല്ലാവക്കും ഉണ്ടായിരുന്നുമില്ല. ആകയാൽ വിദ്യാത്ഥിജീവിതത്തിൻെറ സാഹചര്യങ്ങളിൽ കൂടുതൽ ആകർഷകമായ പ്രവത്തനങ്ങൾ അവർ അന്വേഷിച്ചുതുടങ്ങി. സാധുക്കളുടെ വീടുകൾ സന്ദശിച്ചു് അവക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതു് ആ യുവാക്കന്മാക്കു വളരെ ആകർഷകമായി തോന്നി. ഇക്കാര്യത്തിൽ അവർ ബെയിലിയുടെ അഭിപ്രായം തേടുകയും ഉപദേഷ്ടാവായ വൈദികനെ വീണ്ടും സമീപിച്ചു് തങ്ങളുടെ ആഗ്രഹം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. അവരുടെ ആഗ്രഹത്തെ ആ വൈദികസത്തമൻ അംഗീകരിക്കുകയും അവക്കുവേണ്ടസഹായങ്ങൾ വാഗ്ദാനംചെയ്കയും ചെയ്തു.

അനന്തരം മേയ്മാസത്തിലെ ഒരു സുപ്രഭാതത്തിൽ ഒസാനാം ഉൾപ്പെടെ ആറു യുവാക്കന്മാർ ബെയിലിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി. പരസ്നേഹകോൺഫറൻസിൻെറ ആദ്യത്തെ യോഗമായിരുന്നു അതു്. "റൂഹാദക്കുദശാതമ്പുരാനേ, എഴുന്നള്ളിവരിക" എന്നുള്ള പ്രാത്ഥനചൊല്ലുകയും "ക്രിസ്ത്വാനുകരണ"ത്തിൽനിന്നും ഒരു ഭാഗം വായിക്കുകയും ചെയ്തു. ഓരോ അംഗത്തേയും ഓരോ സാധുകുടുംബത്തിൻെറ കാര്യം ഭരമേല്പിച്ചു. സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ജനനമുഹൂത്തമായിരുന്നു അതു്. ഫ്റെഡറിക്ക് ഒസാനാമിനു് അപ്പോൾ ഇരുപതുവയസ്സുപ്രായമുണ്ടായിരുന്നു.

കോൺഫറൻസിൻെറ ആദ്യത്തെ യോഗങ്ങൾ പരിപൂണ്ണയോജിപ്പിലും സൗഹാദ്ദതയിലും കഴിഞ്ഞുകൂടി. മൂന്നാമത്തെയോ നാലാമത്തെയോ യോഗത്തിൽ തൻെറ ഒരു സ്നേഹിതനെ പുതിയ ഒരംഗമായി സ്വീകരിക്കണമെന്നു് ഒരാൾ അഭ്യർത്ഥിച്ചു. പുതിയ അംഗത്തെ ചേക്കുന്നതുമൂലം മീററിംഗുകളിലെ ഐക്യത്തിനും സമാധാനത്തിനും ഭംഗംവന്നേക്കാമെന്നുള്ള കാരണത്തിന്മേൽ ചിലർ ഈ അഭ്യർത്ഥനയെ ശക്തിയായി എതിത്തു. എങ്കിലും അവസാനം എല്ലാവരും സമ്മതിക്കുകയും ആ പുതിയ അംഗത്തെ സ്വീകരിക്കുകയും ചെയ്തു. വിനാവിളംബം കോൺഫറൻസിൽ പ്രവേശനം അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകൾ ധാരാളം വന്നുതുടങ്ങി. യോഗ്യരായവരുടെ അപേക്ഷകൾ നിരസിക്കുവാൻ നിവൃത്തിയില്ലാതെ വന്നുകൂടി. 1834 അവസാനമായപ്പോഴേക്കും കോൺഫറൻസിൽ നൂറ് അംഗങ്ങൾ ഉണ്ടായിരുന്നു.

1834 ഫെബ്രുവരി 4-ാംനു കോൺഫറൻസു വിൻസെൻറ് ഡി പോൾ പുണ്യവാൻെറമാദ്ധ്യസ്ഥത്തിനു സമപ്പിക്കുകയും പരസ്നേഹകോൺഫറൻസ് എന്ന പേരുമാററി "സെയിൻറു വിൻസെൻറു ഡി പോൾ കോൺഫറൻസ്" എന്ന പേരു് അതിനു കൊടുക്കുകയും ചെയ്തു. ഒസാനാമിൻെറ അഭിപ്രായമനുസരിച്ചു് കോൺഫറൻസു് പരിശുദ്ധകന്യകയുടെ സംരക്ഷണത്തിനു പ്രതിഷ്ഠിക്കുകയും ഈ നാഥയുടെ അമലോത്ഭവത്തിരുനാൾ ആഘോഷപൂവ്വം കൊണ്ടാടുവാൻ തീരുമാനിക്കുകയും ചെയ്തു. കോൺഫറൻസിൻെറ പ്രാത്ഥനകളോടുകൂടി "നന്മനിറഞ്ഞമറിയം" എന്ന ജപംകൂടി ചേക്കുവാനും നിശ്ചയിച്ചു. ഇങ്ങനെ വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ അടിത്തറ പൂത്തിയായി.

അംഗങ്ങളുടെ സംഖ്യ വർദ്ധിച്ചുവന്നതോടുകൂടി എല്ലാവരേയും ഒരു കോൺഫറൻസിൻെറ നിയന്ത്രണത്തിൽ പെടുത്തുക സാദ്ധ്യമല്ലാതെ വന്നതിനാൽ 1835 ൽ കോൺഫറൻസിനെ മൂന്നായി വിഭജിച്ചു. അതിൽപ്പിന്നെ കോൺഫറൻസുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു.

1835-ൽ അമലോത്ഭവനാഥയുടെ തിരുനാൾ പ്രമാണിച്ചു കൂടിയ പൊതുയോഗത്തിൽബെയിലി സഖ്യത്തിൻെറ നിയമാവലി സമപ്പിച്ചു. സ്വന്തമായി ഒരു ആമുഖവും അദ്ദേഹം അതിനോടു ചേത്തിരുന്നു. സംഖ്യത്തിൻെറ ആദശത്തെ സുതരാം പ്രകാശിപ്പിക്കുന്നതായിരുന്നു ആ ആമുഖം. പുതിയ നിയമാവലി അനുസരിച്ചു ബെയിലിതന്നെ സഖ്യത്തിൻെറ ആദ്യത്തെ പൊതുപ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു (A. V. T.)

[വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആദർശങ്ങളെ അധികരിച്ചുള്ള ഒരു ലേഖനപരമ്പര ഇതോടുകൂടി ആരംഭിക്കുന്നു. പത്രാധിപർ]

"ഹിന്ദിശിക്ഷക്" നെപ്പററി ഇൻഡ്യൻ പാർലിമെൻറു് സ്പീക്കർ ശ്രീ ജി. വി. മൗലങ്കറുടെ അഭിപ്രായം:—

പ്രിയപ്പെട്ട പണ്ഡിററു് ജോസഫ്,

നിങ്ങളുടെ "ഹിന്ദിശിക്ഷക്" എന്ന പുസ്തകം ഞാൻ സശ്രദ്ധം വായിച്ചു. ഹിന്ദിഭാഷയുമായി ജനങ്ങളെ അടുപ്പിക്കുന്നതിനു് അഭിനന്ദനാർഹമായ പരിശ്രമമാണു് നിങ്ങൾ നടത്തിയിട്ടുള്ളതു്. ഹിന്ദി ഇൻഡ്യയുടെ ഔദ്യോഗികഭാഷയാക്കാൻ തീരുമാനിച്ചിട്ടുള്ള ഈ ഘട്ടത്തിൽ നിങ്ങളുടെ ഈ പ്രസിദ്ധീകരണം തികച്ചും അവസരോചിതമായിട്ടുണ്ടു്. ഈ ഗ്രന്ഥം സശ്രദ്ധം പഠിക്കുന്ന ഏതൊരാൾക്കും ഹിന്ദിയിൽ ആശയവിനിമയം ചെയ്യുവാൻ സാധിക്കും.

വിജയാശംസകളോടെ

ജി. വി. മൗലങ്കർ.

വില 8 ണ.

"ഹിന്ദി കഥാകലികാ"

by Pandid C. V. Joseph R. B. V. P. H. P.

വില 10 ണ.

ആവശ്യപ്പെടുക.

പണ്ഡിററു് സി. വി. ജോസഫ്

ററീച്ചർ, ഹൈസ്കൂൾ, തേവര.

സെൻറ ഫ്റാൻസീസ്

ഫർണീച്ചർമാർട്ടു്

സ്വരാജ് റൌണ്ടു് വെസ്റ്റ്, തൃശ്ശൂർ

എല്ലാവിധ ഫർണീച്ചറുകളും, നവീനരീതിയിൽ ഏററവും കുറഞ്ഞ വിലക്കു ലഭിക്കുന്നതാണു്. കല്യാണം, പാർട്ടികൾ, മീററിംഗുകൾ മുതലായവക്കു് ആവശ്യമുള്ള കസേരകൾ വാടകക്കു് കൊടുപ്പാൻ എപ്പോഴും തയ്യാർ.

പ്രമാഷണം

# പത്രങ്ങൾ

"അസത്യം പറയുന്ന അധരങ്ങൾ ആത്മാവിനെ ഹനിക്കുന്നു" (ജ്ഞാന. I—11)

ലോകമഹാശക്തികളെ അതിശയിക്കയും അവയെ നിയന്ത്രിക്കയുംചെയ്യുന്ന മഹത്തായ മഹാശക്തിയാണ് പത്രമാസികകളെന്നു നെപ്പോളിയൻതന്നെ ഏററുപറഞ്ഞിട്ടുണ്ട്. സാമ്രാജ്യങ്ങളെ തകിടംമറിക്കുവാനും ഭരണകൂടങ്ങളെ ഉടച്ചുവാർക്കുവാനും ഭരണമേധാവികളെ സ്ഥാനഭ്രംശരാക്കുവാനും പത്രമാസികകൾക്കു കഴിയും. ബോമ്പുകൾ, പീരങ്കികൾ, യുദ്ധക്കപ്പലുകൾ മുതലായ പോർസന്നാഹങ്ങളോ സമരസന്നദ്ധമായ സൈന്യവ്യൂഹമോ അവയ്ക്കില്ല. എന്നാൽ പൗരാവലി അവയുടെ പിന്നിലുണ്ട്; അവ പൊതുജനജിഹ്വകളാണ്. മാത്രമല്ല, പൊതുജനങ്ങളുടെ ആശയഗതികളേയും അഭിപ്രായങ്ങളേയും രൂപവൽക്കരിക്കുവാനും യഥേഷ്ടം നിയന്ത്രിക്കുവാനുമുള്ള ശക്തിയും പത്രങ്ങൾക്കുണ്ട്. തന്നിമിത്തം പൊതുജനങ്ങളുടെമേൽ അന്യാദൃശമായ സ്വാധീനശക്തിയും അവയ്ക്കു കൈവന്നിരിക്കുന്നു. രാഷ്ട്രീയകാര്യങ്ങളിൽമാത്രമല്ല സാന്മാർഗ്ഗികരംഗങ്ങളിലും പത്രമാസികകൾ വലിയ സ്വാധീനശക്തി ചെലുത്തുന്നുണ്ടെന്നുള്ളതു് നാം പ്രത്യേകം സ്മരിക്കേണ്ടതാണ്. ഒരു നവീനാശയമോ ആദർശമോ—നല്ലതോ തീയതോ ആയിക്കൊള്ളട്ടെ—ജനസാമാന്യത്തിനിടയിൽ പ്രചരിപ്പിക്കയും അവരെ തദാശയാനുവർത്തികളാക്കിത്തീർക്കുകയും ചെയ്യണമെങ്കിൽ പത്രങ്ങളെ ശരണംഗമിച്ചാൽമതി.

അത്ഭുതാവഹമായ ഈ സ്വാധീനശക്തിക്കു കാരണമെന്താണ്? ജീവസന്ധാരണത്തിനുള്ള വ്യഗ്രത കൂടിവരുന്നതോടുകൂടി ജനങ്ങൾ വലിയ ഗ്രന്ഥങ്ങളോ നീണ്ട വിവരണങ്ങളോ വായിക്കുവാൻ ഇഷ്ടപ്പെടുന്നില്ല; അതിനുള്ള സമയമോ സൗകര്യമോ അവർക്കില്ല. ലോകത്തിൽ ദൈനംദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അറിയുവാൻ അവർക്കു അതിയായ ആഗ്രഹമുണ്ടെങ്കിലും അതിനു ലഭിക്കുന്ന സമയം വളരെ പരിമിതമാണ്. ഏതൽസാഹചര്യങ്ങളിൽ അറിവിനുള്ള അവരുടെ അഭിലാഷത്തെ പൂർത്തീകരിക്കുന്നതു് ദിനപ്പത്രമാണ്. അരയണയോ ഒരണയോ ചെലവാക്കിയാൽ സ്വദേശത്തും വിദേശത്തും നടക്കുന്ന സംഭവങ്ങളും, പ്രസംഗങ്ങളുടെ സംഗ്രഹങ്ങളും, പത്രാഭിപ്രായങ്ങളും അഞ്ചോ പത്തോ മിനിട്ടുകൊണ്ടു് ഗ്രഹിക്കുവാൻ സാധിക്കും. പത്രങ്ങൾ എല്ലാവർക്കും സുപ്രാപ്യമാണുതാനും. റിക്ഷാത്തൊഴിലാളിക്കും വർത്തകപ്രമാണിക്കും കമ്പനിജോലിക്കാരനും കർഷകത്തൊഴിലാളിക്കും ജന്മിമുതലാളികൾക്കും ഒന്നുപോലെ സാദ്ധ്യമാണ് പത്രപാരായണം. പത്രാനുവാചകരിൽ അധികംപേരും വിവിധകാര്യങ്ങളെപ്പററി സ്വാഭിപ്രായം രൂപവൽക്കരിക്കുവാൻ തുനിയില്ലാത്തവരാണ്. തന്നിമിത്തം അവർ വായിക്കുന്ന പത്രത്തിന്റെ അഭിപ്രായങ്ങളും വീക്ഷണഗതിയും അവർ സ്വന്തമായി സ്വീകരിക്കുന്നു. കൂടാതെ, പത്രം സർവ്വഗാമിയാണ്. ഗൃഹങ്ങളിലും, സ്കൂളുകളിലും, വാഹനങ്ങളിലും, ചന്തയിലും, ചായക്കടകളിലും, ബസ്സ്റ്റാന്റിലും സർവ്വദിക്കിലും പത്രം തന്റെ ആശയങ്ങളും വഹിച്ചുകൊണ്ടു് കയറിച്ചെല്ലുന്നു. ജനങ്ങൾ കൂടുന്ന സ്ഥലങ്ങളിലെല്ലാം പത്രാഭിപ്രായങ്ങൾ സംസാരവിഷയമായിത്തീരുന്നു. അതുല്യമായ ഈ സ്വാധീനശക്തിയെ മനസ്സിലാക്കിക്കൊണ്ടാണു കത്തോലിക്കാമതസിദ്ധാന്തങ്ങളേയും സാന്മാർഗ്ഗികതത്വങ്ങളേയും പ്രചരിപ്പിക്കുവാനും വിരുദ്ധതത്വങ്ങളെ നിർമ്മൂലനംചെയ്യുവാനും നിരവധി കത്തോലിക്കാപത്രമാസികകൾ ഇന്നു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. വി. പൗലോസ് അപ്പോസ്തലൻ ഈ നൂററാണ്ടിലാണ് ജീവിച്ചിരുന്നതെങ്കിൽ തീർച്ചയായും ഒരു പത്രപ്രവർത്തകനാകുമായിരുന്നു എന്നുള്ള അഭിപ്രായത്തിൽ അന്തർലീനമായിരിക്കുന്ന തത്വവും ഇതുതന്നെയാണ്.

സത്യം ഗ്രഹിക്കുന്നതിനുവേണ്ടി ഓരോ കത്തോലിക്കനും കത്തോലിക്കാ പത്രമാസികകൾ വായിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. പ്രോട്ടസ്റ്റന്റു് രാജ്യങ്ങളിൽ കത്തോലിക്കാസഭയ്ക്കെതിരായി നടന്നിട്ടുള്ള പ്രചരണവേലകൾ കുപ്രസിദ്ധങ്ങളാണല്ലോ. ആ സമുദായത്തിന്റെ പരിപാവനമുഖത്തു കരിതേക്കുവാൻ അവർ എന്തെല്ലാം കള്ളക്കഥകളും തെററായ കുററാരോപണങ്ങളും ജനമദ്ധ്യത്തിൽ പ്രചരിപ്പിച്ചു! ചരിത്രഗ്രന്ഥങ്ങളിൽ സഭയെപ്പററി അവർ എഴുതിപ്പിടിപ്പിച്ച അസത്യസംഭവങ്ങൾ ഇന്നും വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു! ഈവിധമായ പ്രചരണങ്ങളുടെ ഫലമായി അമേരിക്കയിലെ ചില സ്ഥലങ്ങളിൽ ജനങ്ങൾ കത്തോലിക്കരെ കാണുമ്പോൾ ദൂരെ മാറിനിന്നുകൊണ്ടു പിശാചുക്കളെപ്പോലെ അവർക്കും വാലുണ്ടോ എന്നു നോക്കിയിരുന്നുവത്രെ!! നമ്മുടെ ഈ ഭാരതഭൂമിയിലും ക്രിസ്തുവിനേയും കത്തോലിക്കാസഭയേയും പററി പല തെററിദ്ധാരണകളും പ്രചരിപ്പിക്കുവാൻ പലരും പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ക്രിസ്തു ദൈവമല്ലെന്നും, അവിടുന്നു പരിപൂർണ്ണനല്ലായിരുന്നുവെന്നും ചിലർ വാദിക്കുന്നു; കത്തോലിക്കാസഭ ഒരു യൂറോപ്യൻ സ്ഥാപനമാണെന്നും മിഷനറിമാരും കത്തോലിക്കരും പാശ്ചാത്യരാഷ്ട്രങ്ങളുടെ ഏജന്റുമാരാണെന്നും സഭ ഇന്ത്യൻ സംസ്കാരത്തിനു യോജിച്ചതല്ലെന്നും മററു പലരും തട്ടിമൂളിക്കുന്നു. യൂറോപ്പിൽനിന്നു് കമ്മ്യൂണിസം, മതനിന്ദ, അധികാരവിദ്വേഷം, ഭൗതികത്വം തുടങ്ങിയ അബദ്ധസിദ്ധാന്തങ്ങൾ പത്രമാസികകൾവഴിയായി ഇന്ത്യയിലേക്കു ഇറക്കുമതിചെയ്യപ്പെടുന്നു. വിവാഹത്തിന്റെ പരിശുദ്ധിയെ മലിനമാക്കുന്ന ആശയങ്ങളും ചിത്രങ്ങളുമാണ് അവയിൽ പ്രമുഖസ്ഥാനമലങ്കരിക്കുന്നതു്. കേരളത്തിലെ പത്രമാസികകളും ഇവയെ അതേപടി പകർത്തുന്നു. ഒരു തുണിച്ചുരുക്കു പീടികയിൽ ജോലിചെയ്തിരുന്ന തയ്യൽക്കാരൻ ഒഴിവുകിട്ടുമ്പോഴെല്ലാം അവിടെ കിടന്നിരുന്ന ഒരു നിരീശ്വരപത്രം വായിക്കുക പതിവായിരുന്നുവെന്നും ക്രമേണ അവൻ ഒരു നിരീശ്വരനായിത്തീർന്നുവെന്നും അനുഭവത്തിൽനിന്നും അറിയാനിടവന്നിട്ടുണ്ട്. "പുരോഗമന"സാഹിത്യം ഉളുമ്പുന്ന ചില മാസികകളിലെ ലേഖകർ എത്രയോ യുവതിയുവാക്കന്മാരെ അവിശ്വാസത്തിന്റേയും അശുദ്ധിയുടേയും അടിത്തട്ടിലേക്കു് ആഴ്ത്തിയിട്ടുണ്ട്!

കത്തോലിക്കരായ യുവതിയുവാക്കന്മാരും ഈ വിഷസങ്കലിതമായ അന്തരീക്ഷത്തിലാണ് ജീവിക്കുന്നതു്. അകത്തോലിക്കാ മാസികകളിൽ വെണ്ടയ്ക്കാക്ഷരങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ആശയങ്ങൾ അവർ കണ്ണുംപൂട്ടി വിശ്വസിക്കുന്നു. വെൽസോ, ഷായോ, നെഹ്റുവോ, ജയപ്രകാശോ വല്ലതും പറഞ്ഞാൽ അതു സഭയുടേയും മാർപ്പാപ്പമാരുടേയും പ്രബോധനങ്ങളെക്കാൾ വിശ്വാസയോഗ്യമായി അവർ വിചാരിക്കുന്നു. അധികാരവിദ്വേഷവും വിപ്ലവമനസ്ഥിതിയും അവരിൽ കുത്തിവയ്ക്കപ്പെടുന്നു. ഒരു യഥാർത്ഥ കത്തോലിക്കനു ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റോ സോഷ്യലിസ്റ്റോ ആയിരിപ്പാൻ സാദ്ധ്യമല്ലെന്നുള്ള മാർപ്പാപ്പായുടെ ഉൽബോധനത്തെ അവഗണിച്ചുകൊണ്ടു് എത്രയോ കത്തോലിക്കാ യുവാക്കന്മാരാണ് ഹീചകുപ്രചരണങ്ങളുടെ പിടിയിൽപ്പെട്ടു ഈ "ഇസ"ങ്ങളുടെ പിന്നാലെ പാഞ്ഞുപോകുന്നതു്! മാർപ്പാപ്പയ്ക്കു യൂറോപ്പിലെ വലിയ കമ്പനികളിൽ വമ്പിച്ച ഷെയറുകൾ ഉള്ളതുകൊണ്ടാണ് കമ്മ്യൂണിസത്തെ എതിർക്കുന്നതെന്നും കർദ്ദിനാൾ മിൻസെന്തി നിഷ്കണ്ടകനായ ഒരു കോടീശ്വരനാണെന്നും മററുമുള്ള ചില പ്രചരണങ്ങളിൽ പലരും കുടുങ്ങിപ്പോകുന്നു. പള്ളിയും പട്ടക്കാരും മുതലാളികളും മുതലാളിത്തത്തിന്റെ മൂട്ടതാങ്ങികളും പിൻതിരിപ്പന്മാരുമാണെന്നും സ്വാർത്ഥലാഭത്തിനായി അവർ കെട്ടിയുണ്ടാക്കിയ സന്മാർഗ്ഗതത്വങ്ങളുടെ ചട്ടക്കൂട്ടിലിട്ട പാവങ്ങളായ ജനങ്ങളെ അവർ ഞെരുക്കുകയാണെന്നും, ശാസ്ത്രീയപുരോഗതിക്കും മാനവസ്വാതന്ത്ര്യത്തിനും സഭ എതിരാണെന്നും—ഇങ്ങനെ പലതും ഇന്നത്തെ അകത്തോലിക്കാപത്രങ്ങളിൽ കാണാം. സ്ത്രീപുരുഷബന്ധത്തിൽ സർവ്വവിധ സ്വാതന്ത്ര്യങ്ങളും ഈ പ്രസിദ്ധീകരണങ്ങൾ അനുവദിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നു. ഇവയുടെയെല്ലാം തിക്തഫലങ്ങളും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ടെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഇപ്രകാരം വിഷസമ്മിളിതമായ ഒരു അന്തരീക്ഷത്തിലാണ് തങ്ങളും തങ്ങളുടെ സന്താനങ്ങളും ജീവിക്കുന്നതെന്നു കുടുംബനാഥന്മാർ മനസ്സിലാക്കണം. സത്യത്തിന്റെയും പരിശുദ്ധിയുടേയും ഒരന്തരീക്ഷം സന്താനങ്ങൾക്കു സജ്ജീകരിച്ചുകൊടുക്കേണ്ട ചുമതലയും കാരണവന്മാർക്കുണ്ട്. ശ്വസിച്ച വിഷവായുവിനെ ഉച്ഛ്വസിച്ചുകളഞ്ഞുകൊണ്ടു തൽസ്ഥാനത്തു ശുദ്ധവായുവിനെ ഉൾക്കൊള്ളുന്നതിനു കത്തോലിക്കാ പത്രമാസികകൾ കൂടിയേ കഴിയൂ. മതത്തേയും സഭയേയും സന്മാർഗ്ഗത്തേയും പററിയ യഥാർത്ഥമായ ജ്ഞാനം അവർക്കു ലഭിക്കുന്നതു് കത്തോലിക്കാ പത്രമാസികകളിൽനിന്നാണ്. കത്തോലിക്കാലോകത്തിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്ന പ്രധാന സംഭവങ്ങൾ, മാർപ്പാപ്പമാരുടേയും മെത്രാന്മാരുടേയും മററും ഉൽബോധനങ്ങൾ, ഓരോ രാജ്യങ്ങളിലും കത്തോലിക്കരുടെ രാഷ്ട്രീയവും മതപരവുമായ നില, ഇരുമ്പുയവനികയ്ക്കുള്ളിലുള്ള രാജ്യങ്ങളിലെ കത്തോലിക്കരുടെ സ്ഥിതി, മിഷൻരാജ്യങ്ങളിലെ വിശേഷങ്ങൾ, ആധുനികപ്രശ്നങ്ങളെ സംബന്ധിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ ആദ്ധ്യാത്മികോപദേശങ്ങൾ എന്നിങ്ങനെയുള്ള വിഷയവൈവിദ്ധ്യങ്ങളോടുകൂടിയ കത്തോലിക്കാപത്രമാസികകൾ കുടുംബങ്ങളിലുണ്ടായിരിക്കണം. അവയെ കുടുംബാംഗങ്ങളെല്ലാവരും വായിച്ചു് ഫലമെടുക്കുകയും വേണം. സത്യം മനസ്സിലാക്കിക്കഴിഞ്ഞാൽ അസത്യപ്രചരണങ്ങളുമായി ഏററുമുട്ടുമ്പോൾ പരിഭ്രമിക്കുകയോ, അടിതെററുകയോ തലതിരിഞ്ഞു പോകുകയോ ചെയ്കയില്ല. അന്നന്നു് കൂലിപ്പണിചെയ്തു കഴിയുന്ന തൊഴിലാളികൾപോലും അരയണകൊടുത്തു ദിവസേന പത്രംവാങ്ങി വായിക്കുമ്പോൾ കത്തോലിക്കരിൽ ഏതദ്വിഷയകമായി കാണുന്ന അനാസ്ഥ ഒരിക്കലും ക്ഷന്തവ്യമല്ല. ആഴ്ചയിൽ രണ്ടണകൊടുത്തു് ഒരു വാരികയെങ്കിലും വാങ്ങുവാൻ എല്ലാവർക്കും സാധിക്കുന്നതാണ്. നന്മനസ്സിന്റെ അഭാവവും കാര്യത്തിന്റെ ഗൗരവത്തെക്കുറിച്ചുള്ള അജ്ഞതയുമാണ് ഈ അനാസ്ഥയ്ക്കു കാരണം. വളർന്നുവരുന്ന തലമുറ സാക്ഷരതയിലും രാഷ്ട്രീയബോധത്തിലും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അവർ പത്രമാസികകൾ എങ്ങനെയെങ്കിലും വായിക്കാതിരിക്കയില്ല. എന്നാൽ കത്തോലിക്കാ പത്രമാസികകൾ വായിക്കുവാൻ അവർക്കു സൗകര്യപ്പെടുത്തിക്കൊടുക്കുകയാണെങ്കിൽ അവർ യഥാർത്ഥകത്തോലിക്കരായി ജീവിക്കും; തങ്ങളുടെ കടമ നിർവ്വഹിച്ചുവെന്നു കാരണവന്മാർക്കു സമാധാനിക്കയും ചെയ്യാം. മക്കളുടെ ലൗകികാഭിവൃദ്ധിക്കുവേണ്ടി പണം വാരിക്കോരി ചെലവുചെയ്തശേഷം അവരുടെ വിശ്വാസവും സാന്മാർഗ്ഗികജീവിതവും അധഃപതിച്ചുപോകുന്നെങ്കിൽ കാരണവന്മാർക്കും ദൈവസന്നിധിയിൽ കണക്കു പറയേണ്ടതായിവരും. ചുരുങ്ങിയ പക്ഷം "സത്യദീപ"ത്തെപ്പോലെയുള്ള ഒരു വാരികയെങ്കിലും എല്ലാ കുടുംബങ്ങളിലുമുണ്ടായിരിക്കണം. ധനാഢ്യരും ഇടത്തരക്കാരുമായ കത്തോലിക്കർ ഇതുകൊണ്ടു തൃപ്തിപ്പെടാതെ കൂടുതൽ പത്രമാസികകൾ വാങ്ങുകയും പ്രചരിപ്പിക്കയും സൗജന്യമായി വിതരണംചെയ്കയും ചെയ്യേണ്ടതാണ്. യഥാർത്ഥമായ കത്തോലിക്കാപ്രവർത്തനവുമാണിതു്. എന്നാൽ ഒരൊററ കത്തോലിക്കാപത്രംപോലും വരുത്താത്തവർ ഇവരിൽ ധാരാളമില്ലേ? നിസ്സാരമായ പണലാഭത്തിനുവേണ്ടി ഇവർ തങ്ങളുടേയും സന്താനങ്ങളുടേയും കത്തോലിക്കാവിശ്വാസത്തിനും ചൈതന്യത്തിനും തുരങ്കം വയ്ക്കുകയാണ് ചെയ്യുന്നതു്. പതിനൊന്നാം പിയൂസ് മാർപ്പാപ്പാ കത്തോലിക്കാ പത്രമാസികകൾക്കുവേണ്ടി തന്റെ കുരിശും മാലയും മോതിരവും പണയം വെക്കുന്നതിനുപോലും തയ്യാറായിരുന്നുവെന്നുള്ളതു് ഇവർക്കു് ഉത്തേജനം നൽകട്ടെ.

(ജെ. ചെമ്മണൂർ)


## "ഒരു നൂതനമാല്യം"

(വി. സി. ജോർജ്ജ്, ബി. എ, എൽ. ടി.)

ശാസ്ത്രത്തിലെന്നോണം സാഹിത്യത്തിലും വിവിധശാഖകളുണ്ട്. ഒരു ശാഖയിൽ പ്രാവീണ്യം സമ്പാദിച്ച ആൾക്കു് ഇതരശാഖകളിൽ അതേനില ഉണ്ടാകുക അസാധാരണമാണ്.

എന്നിരുന്നാലും, മതസാഹിത്യം, നിരൂപണസാഹിത്യം, ജീവചരിത്രസാഹിത്യം എന്നീ സാഹിത്യശാഖകളിൽ പേരും പെരുമയും സമ്പാദിച്ചശേഷമാണ് പണ്ഡിതനും ഗവേഷണപടുവുമായ ഫാദർ സി. കെ. മററം അവർകൾ ചരിത്രസാഹിത്യത്തിലും ഇപ്പോൾ പ്രതിഷ്ഠിതനാമാവായി തീർന്നിരിക്കുന്നതു്.

പല നൂററാണ്ടുകളേയും പല തലമുറകളേയും സ്പർശിക്കുന്ന ഫാദർ മററം അവർകളുടെ "ചരിത്രചർച്ച", അഗാധത്തിന്റെ ചരിത്രജ്ഞാനത്തിനും ഭാഷാസ്വാധീനത്തിനും ഒന്നുപോലെ സാക്ഷ്യംവഹിക്കുന്നു.

കേരളത്തിലെ നസ്രാണിസമുദായചരിത്രമെന്ന മഹാർണ്ണവത്തിൽ യഥാവസരം അങ്ങുമിങ്ങും മുങ്ങി, കൈയിൽ തടഞ്ഞ സംഭവമൗക്തികങ്ങളെ സംഭരിച്ച സ്വകീയങ്ങളായ അഭിപ്രായങ്ങളും അനുമാനങ്ങളും തന്തുക്കളാക്കി കോർത്തിണക്കിയ ഒരു നൂതനമാല്യമാണ് "ചരിത്രചർച്ച."

വില. ക. 1—12—0

മാനേജർ

മാർ ലൂയീസ് പ്രസ്സ്, എറണാകുളം


## പീഡാനുഭവനാടകം

മേയ് 21 മുതൽ സെപ്റ്റംബർ 24 വരെ ഒബെറാമെർഗാവിൽ നടത്തുവാൻപോകുന്ന പീഡാനുഭവനാടകം കാണുവാൻ 160,000-ത്തിൽപ്പരം ജനങ്ങൾ സന്നിഹിതരായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. പ്രസ്തുതനാടകത്തിൽ പങ്കുവഹിക്കുന്ന 700 പേർ കഴിഞ്ഞ വേനൽ മുതൽ ശേഷം മുഖം വടിക്കുകയോ തലമുടി വെട്ടിക്കുകയോ ചെയ്തിട്ടില്ല. 1934 ലായിരുന്നു കഴിഞ്ഞ പ്രാവശ്യത്തെ അഭിനയം. സാധാരണമായി പത്തുപത്തു കൊല്ലം കഴിയുമ്പോളാണ് ഈ കലാപ്രകടനം നടത്താറുള്ളതു്.

## വത്തിക്കാന്റെ വാദം കേൾക്കുന്നതാണ്

"10 ലക്ഷം ലിറ കൊടുത്താൽ ഏതു വിവാഹവും അസാധുവാണെന്ന വിധി വിശുദ്ധ റോത്തായിൽനിന്നും സമ്പാദിക്കാവുന്നതാണ്" എന്ന പ്രസ്താവന ചെയ്തതിനു "ഉൗണിത്താ" എന്ന കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ പേരിൽ കഴിഞ്ഞ മേയ മാസത്തിൽ വത്തിക്കാൻ മാനനഷ്ടക്കേസ് കൊടുക്കുകയുണ്ടായി. ഈ മാസത്തിൽ അതിന്റെ വിചാരണ നടക്കുന്നതാണ്. ഇദംപ്രഥമമായിട്ടാണു വത്തിക്കാൻ ഇപ്രകാരമൊരു വ്യവഹാരം നടത്തുന്നതു്. രാജ്യാലോചനകൾ പ്രതിഭാഗത്തുനിന്നു വന്നെങ്കിലും വാദിഭാഗം അവ സ്വീകരിച്ചിട്ടില്ല.

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം
XX

### കൂദാശാഘടകങ്ങൾ

കൂദാശസ്കൂട്ടത്ത പാപോച്ചാരണം ദൈവനിശ്ചിതമാണെന്നും, പാപവിമോചനത്തിനു സാധാരണഗതിയിൽ അതു അനുപേക്ഷണീയമാണെന്നും മുൻലേഖനത്തിൽ നാം കണ്ടുകഴിഞ്ഞു. പ്രസ്തുത പാപോച്ചാരണമാകട്ടെ പരിപൂർണ്ണവും പരമാർത്ഥവുമായിരിക്കണം. എന്നുവെച്ചാൽ കുമ്പസാരത്തിൽ വെളിപ്പെടുത്തുവാൻ കടപ്പെട്ട ഏതെങ്കിലും പാപമോ ചുററുപാടോ കരുതിക്കൂട്ടി മറച്ചുവെക്കരുതു്. സകല ചാവുദോഷങ്ങളും, അവയുടെ എണ്ണവും, അവയിൽ ഏതെങ്കിലുമൊന്നിന്റെ സ്വഭാവം മാററുമെന്ന സാഹചര്യം വല്ലതുമുണ്ടെങ്കിൽ അതും പാപി ഏററുപറയണം.

പല ചാവുദോഷങ്ങളിലും ഉൾപ്പെട്ടിട്ടുള്ള ഒരാൾ കുമ്പസാരത്തിൽ, "ഞാൻ വിവിധങ്ങളായ പാപങ്ങൾ ചെയ്തുപോയി" എന്നു പറഞ്ഞാൽപോരാ. കാരണം ഓരോ തരവും വെളിപ്പെടുത്തുവാൻ അനുതാപി ബാദ്ധ്യസ്ഥനാണു്. "ഞാൻ ഞായറാഴ്ച ശുദ്ധമായി ആചരിച്ചില്ല" എന്നു പറഞ്ഞാലും പാപം വ്യക്തമാകയില്ല. കുർബാന കാണാതിരുന്നാലും, അടിമവേല എടുത്താലും ഇപ്പറഞ്ഞതു ശരിയാകുമല്ലോ. ഏതു വിധത്തിലാണു പ്രമാണം ലംഘിച്ചതെന്നു കുമ്പസാരിക്കുന്നയാൾ വ്യക്തമാക്കണം. അതേവിധംതന്നെ ഓരോ പാപവും എത്ര പ്രാവശ്യം ചെയ്തിട്ടുണ്ടെന്നും വിശദമായി പറയണം. ഓരോ ഇനം പാപങ്ങളുടേയും എണ്ണം തിട്ടമായി കണക്കാക്കുവാൻ സാദ്ധ്യമല്ലെങ്കിൽ ഏകദേശം ഇത്രപ്രാവശ്യം എന്നുതന്നെയെങ്കിലും പറയേണ്ടതാണു്. പാപസങ്കീർത്തനത്തിനൊരുക്കമായുള്ള ആത്മശോധന നടത്തുമ്പോൾ ഈ വിഷയത്തിൽ പലരും അത്രതന്നെ ശ്രദ്ധചെലുത്തുന്നുണ്ടോ എന്നു സംശയിക്കണം.

പാപത്തിന്റെ സ്വഭാവം മാററിയേക്കാവുന്ന സാഹചര്യങ്ങളും കുമ്പസാരത്തിൽ അവശ്യം വെളിപ്പെടുത്തേണ്ടതുണ്ടു്. ദൈവാലയമുതൽ മോഷ്ടിച്ചിട്ടുള്ളവൻ "കട്ടു" എന്നുമാത്രം കുമ്പസാരിച്ചാൽ പാപോച്ചാരണം പൂർണ്ണമാകയില്ല. കളവിനുപുറമെ ദൈവദൂഷണവുംകൂടി അതിൽ ഉൾപ്പെട്ടിട്ടുണ്ടു്. ആകയാൽ ആ ചുററുപാടുംകൂടി പരസ്യമാക്കേണ്ടതു പാപസങ്കീർത്തനത്തിന്റെ പൂർണ്ണതയ്ക്കു അത്യാവശ്യമാണു്. ഇപ്പറഞ്ഞതൊക്കെയും ചാവുദോഷങ്ങൾക്കു മാത്രമേ ബാധകമാകയുള്ളു എന്നു സ്പഷ്ടമാണല്ലോ.

പരമാർത്ഥതയും നല്ല കുമ്പസാരത്തിന്റെ ഒരവശ്യലക്ഷണമാണു്. കുമ്പസാരക്കാരനിൽനിന്നു പലതും ഒളിച്ചുവെക്കുവാൻ നമുക്കു സാധിക്കുമെങ്കിലും, നമ്മുടെ ഹൃദയത്തിന്റെ ഉള്ളറകളെല്ലാം സദാ കണ്ടുകൊണ്ടിരിക്കുന്ന ഒരാളുണ്ടെന്നു നാം ഒരിക്കലും മറന്നുകളയരുതു്. അറിവോടുകൂടി ഒരു ചാവുദോഷം കുമ്പസാരത്തിൽ മറച്ചുവെച്ചാൽ ആ കുമ്പസാരം കള്ളക്കുമ്പസാരമാകും. അങ്ങനെ പ്രവർത്തിക്കുന്നവൻ പരിശുദ്ധാത്മാവിനോടു കള്ളംപറയുകയും കൂദാശയെ അശുദ്ധമാക്കുകയും ചെയ്യുന്നു. അദ്ധ്യാത്മന്യായാസനത്തിൽ ഒരു പുരോഹിതൻ നമ്മുടെ പാപങ്ങൾ വിമോചിക്കുന്നതു പവിത്രാത്മാവിന്റെ അധികാരത്താലും കൃപാവരത്താലുമാണു്. ദിവ്യനാഥൻ ശ്ലീഹന്മാരോടു കല്പിച്ചരുളി: നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊണ്ടാലും; നിങ്ങൾ ആരുടെ പാപങ്ങൾ വിമോചിക്കുന്നുവോ അവ വിമോചിക്കപ്പെടുകയും, ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെടുകയും ചെയ്യും. ആകയാൽ പരിശുദ്ധാത്മാവിന്റെ ഉപകരണമെന്നോണമത്രെ വൈദികൻ പാപം പോക്കുന്നതു്. കുമ്പസാരത്തിൽ ഏതെങ്കിലും ചാവുദോഷം മറച്ചുവെക്കയോ, മനസ്സാക്ഷിയെ സംബന്ധിച്ചുള്ള അന്വേഷണത്തിനു സത്യവിരുദ്ധമായി മറുപടി പറയുകയോ ചെയ്യുമ്പോൾ നാം വെറുമൊരു മനുഷ്യനെയല്ല, പ്രത്യുത പവിത്രാത്മാവിനെത്തന്നെയാണു വഞ്ചിക്കുന്നതെന്നു നന്നായി മനസ്സിലാക്കണം. വേദപുസ്തകത്തിലെ അനാനിയാസിന്റെയും സഫിറായുടേയും ദുരന്തം കള്ളക്കുമ്പസാരം കഴിക്കുവാൻ മുതിരുന്നവർക്കു നല്ല ഗുണപാഠമായിരിക്കും.

നീതിന്യായവിധിയാളന്റെ പ്രതിപുരുഷനെന്നനിലക്കാണു പുരോഹിതസമക്ഷം നാം പാപങ്ങൾ കുമ്പസാരിക്കുന്നതു്. ഈ വിശ്വാസം ഏതു പാപവും തുറന്നുപറയുവാൻ മാനുഷികമായിതോന്നിയേക്കാവുന്ന സങ്കോചത്തെ ദൂരത്തകററുവാൻ കാര്യമായി സഹായിക്കാതിരിക്കയില്ല. മാത്രമല്ല കുമ്പസാരത്തിൽ കേൾക്കുന്ന ഏതു പാപവും പാപസംഹചര്യവും കുമ്പസാരക്കാരൻ സ്വന്തം ജീവരക്ഷയ്ക്കുവേണ്ടിപ്പോലും പുറത്തുവിടുകയില്ലെന്നു നമുക്കു ഉറച്ചിരിക്കാം. കുമ്പസാരരഹസ്യം അത്ര സുഭദ്രമായി കാക്കുവാൻ തിരുസഭ സകല മുൻകരുതലുകളും ചെയ്തുവെച്ചിട്ടുണ്ടു്.

(പി. കെ.)

---

പരേതനായ പഴേപറമ്പിൽ മാർ ളൂയിസ് മെത്രാനോടു പ്രാർത്ഥിച്ചതിന്റെ ഫലമായി ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

മദർ സുപ്പീരിയർ
സെൻറ് മേരീസ് കോൺവെൻറ്,
എറണാകുളം

---

## ഗ്രീഷ്മകാല വിദ്യാലയം

മന്നാനത്തു മേയ് 3-ാംനു ആരംഭിക്കുന്ന ഗ്രീഷ്മകാലവിദ്യാലയത്തിൽ വെ. റവ. മോൺ. ജേക്കബ് നടുവത്തുശേരി, റവ. ഫാദേഴ്സ് റൊമയോ തോമസ്, എൽ. ജെ. ചിററൂർ, ബനഡിക്ട് ഒ. ഐ. സി., തോമസ് നെടുങ്ങോട്ടിൽ, വില്യം സി. ഡി., ഫ്രാൻസിസ് കാളാശേരി, ജോസഫ് തോട്ടകത്തു്, ഔറേലിയൻ സി. ഡി., പ്രൊഫസർ കെ. ജെ. സിറിയക്, ശ്രീ കെ. എം. അഗസ്റ്റിൻ, ശ്രീ പി. ററി. ചാക്കൊ, ശ്രീ ജോസഫ് മാളേക്കൽ, ഡോക്ടർ ആർ. എം. മാത്യു എന്നിവർ പ്രസംഗിക്കുന്നതാണു്. കൂടാതെ എല്ലാ ദിവസവും റവ. ഫാ. ലാസർ സി. ഡി. ധ്യാനപ്രസംഗങ്ങൾ നടത്തുന്നതുമാണു്.

ഗ്രീഷ്മകാലവിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങളെ ഉദ്ദേശിച്ചു് കോട്ടയത്തും അതിരമ്പുഴയും മന്നാനത്തും ഓരോ പ്രസംഗയോഗങ്ങൾ ഉണ്ടായിരിക്കും. തദവസരത്തിൽ ഡോക്ടർ പി. ജെ. തോമസ്, പ്രൊഫസർ കെ. ജെ. സിറിയക്, ശ്രീ വി. വി. ജോൺ, ശ്രീ എം. ഒ. ജോസഫ് എന്നിവർ പ്രസംഗിക്കുന്നതാണു്.

## പാപംതന്നെ കാരണം

പീഡാനുഭവഞായറാഴ്ച പരിശുദ്ധ പിതാവു് ചെയ്ത പ്രക്ഷേപണപ്രസംഗത്തിൽ ഇന്നു ലോകത്തിൽ നടമാടുന്ന സകല ദുരിതങ്ങൾക്കും ഹേതു മനുഷ്യരുടെ പരസ്യവും രഹസ്യവുമായ പാപങ്ങളാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. ലജ്ജാകരങ്ങളായ തിന്മകൾ പ്രവർത്തിക്കുന്നതിനു പ്രത്യക്ഷമായോ പരോക്ഷമായോ പ്രചോദനംനല്കുന്ന പ്രസിദ്ധീകരണങ്ങളുടെ കർത്താക്കൾ ദൈവസമക്ഷം വഹിക്കേണ്ടുന്ന ഗൗരവമായ ഉത്തരവാദിത്വത്തെപ്പററിയും അവിടുന്നു പരാമർശിക്കുകയുണ്ടായി.

## കമ്മ്യൂണിസ്റ്റുകാരൻ സന്യാസിയാകുന്നു

ഇററലിയിൽ ഫെറാറ എന്ന സ്ഥലത്തെ ഒരു കമ്മ്യൂണിസ്ററുനേതാവായിരുന്ന റൂബൻസപ്പാത്തോറ എന്ന ദേഹം കമ്മ്യൂണിസ്ററുപാർട്ടിയിൽനിന്നും രാജിവച്ചു് ഒരു സന്യാസസഭയിൽ പ്രവേശിക്കുന്നതിനു അപേക്ഷ അയച്ചിരിക്കുന്നതായി മാർച്ചു് 26-ാംനു പ്രസ്താവിച്ചിരിക്കുന്നു. അടുത്തകാലത്തു ഇററലിയിലുണ്ടായ കമ്മ്യൂണിസ്ററു പ്രക്ഷോഭണങ്ങൾ നിമിത്തം തനിക്കുണ്ടായ "മനസ്സാക്ഷിക്കടി"യാണു സന്യാസവൃത്തി സ്വീകരിക്കാൻ തന്നെ പ്രേരിപ്പിച്ചതെന്നു അദ്ദേഹം പറയുന്നു. പാർട്ടിയിൽനിന്നു രാജിവയ്ക്കുന്നതുവരെ അതിലെ ഒരു സജീവപ്രവർത്തകനായിരുന്നു അദ്ദേഹം.

## പരസ്യജപമാല

ഇംഗ്ലണ്ടിലെ ആറു പരസ്യവെളികളിൽ ഇപ്പോൾ ഞായറാഴ്ചതോറും കത്തോലിക്കർ കൂട്ടമായി ജപമാല ചൊല്ലിവരുന്നു. പ്രസ്തുതസ്ഥലങ്ങൾ താഴെ പറയുന്നവയാണു്: 1) ലണ്ടൻ, ഹൈഡ് പാർക്ക്, സ്പീക്കേഴ്സ് കോർണർ 3 P. M. 2) ലണ്ടൻ, സ്ട്രിത്താം കോമൺ 3 P. M. 3) ലെയ്ടൺ, എസ്സെക്സ്, 3 P. M. 4, ചാത്തം, കെൻറ്, 3 P. M. 5) ബർമിംഗാം, ബുൾ റിംഗ് 6 P. M. 6) പ്രെസ്റ്റൺ, ദി കവേർഡ് മാർക്കററ് 8 P. M.

നീതിനിഷ്ഠമായ സമാധാനം, റഷ്യയുടെ മാനസാന്തരം, കിഴക്കേ യൂറോപ്പിലെ മർദ്ദിതരായ ക്രിസ്ത്യാനികൾ, ഇംഗ്ലണ്ടിന്റെ മാനസാന്തരം, കത്തോലിക്കാസ്കൂൾപ്രശ്നത്തിന്റെ നീതിപൂർവ്വകമായ തീരുമാനം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തിയാണു ജപമാല ചൊല്ലിവരുന്നതു്. ഓരോ "രഹസ്യ"ത്തിനുംമുമ്പു് അതിന്റെ അർത്ഥം ഒരാൾ വ്യാഖ്യാനിച്ചു കൊടുക്കുക പതിവാണു്. ഹൈഡ്പാർക്കിൽ ഇപ്രകാരം ഭക്തസംഘങ്ങൾ മുട്ടുകുത്തി ജപമാല ചൊല്ലുമ്പോൾ 200-ഓളം പ്രേക്ഷകർ ചുററും നില്ക്കാറുണ്ടു്. ചിലർ ഭക്തിപൂർവ്വം പ്രാർത്ഥനകൾ ശ്രവിക്കയും, മററു ചിലർ അവയിൽ കൂടിച്ചൊല്ലുകയും ചെയ്തുവരുന്നു. ഇതരസ്ഥലങ്ങളിലും പ്രേക്ഷകർ ജപമാലയിൽ വർദ്ധമാനമായ താല്പര്യം പ്രദർശിപ്പിച്ചുവരുന്നതായി കാണുന്നു. ഫാത്തിമായിൽ മാതാവു തുടർച്ചയായി ചെയ്ത ആഹ്വാനത്തെ ആദരിച്ചാണു് ഈ ജപമാലാസംഘങ്ങൾ മേൽപ്പറഞ്ഞ പരിപാടി സ്വീകരിച്ചിരിക്കുന്നതു്.

## മിഷനറിമാർക്കു വൈദ്യപരിശീലനം

മാഡ്റിഡിലെ "സ്പാനിഷ് സുപ്പീരിയർ കൗൺസിൽ ഓഫ് മിഷൻസ്" മിഷനറിവൈദികർക്കും കന്യാസ്ത്രീകൾക്കും രണ്ടുകൊല്ലക്കാലത്തേക്കു വൈദ്യപരിശീലനം നല്കിവരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം ക്ലാസ്സുകളാണുള്ളതു്. മേലധികാരികളുടെ അനുവാദപ്രകാരം വൈദികവിദ്യാർത്ഥികൾക്കും സന്യാസാർത്ഥിനികൾക്കും പ്രസ്തുതക്ലാസ്സുകളിൽ ഹാജരാകാവുന്നതാണു്.

## അത്ഭുതരോഗശമനം

ഫാത്തിമാമാതാവിന്റെ സഹായത്താൽ ഹവനായിലെ മിസ്സിസ് എൽവിറ എന്ന ഒരു വിധവ അത്ഭുതകരമായി രോഗശമനം പ്രാപിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. തളർവാതം നിമിത്തം അവരുടെ രണ്ടു കാലുകളുടേയും സ്വാധീനശക്തി നഷ്ടപ്പെട്ടിരുന്നതാണു്. "തീർത്ഥകകന്യക"യുടെ സ്വരൂപം ഇടവകദേവാലയത്തിൽ കൊണ്ടുവന്നപ്പോൾ, കുറേപേർകൂടി പ്രസ്തുതസ്ത്രീയെ അങ്ങോട്ടു് എടുത്തുകൊണ്ടുപോയി. തിരുസ്വരൂപം ചുംബിക്കയും മാതാവിനോടു പ്രാർത്ഥിക്കയും ചെയ്തതിന്റെ ഫലമായി അവർ സുഖം പ്രാപിക്കയും വീട്ടിൽ മടങ്ങിയെത്തിയപ്പോൾ യാതൊരു താങ്ങും കൂടാതെ നടക്കുന്നതിനു സാധിക്കയുംചെയ്തു. ഏതത്സംബന്ധമായി ആർച്ചുബിഷപ്പു സന്തിയാഗൊ ഇപ്രകാരം പ്രസ്താവിച്ചു: "എന്തുകൊണ്ടു നോക്കിയാലും, ഒരത്ഭുതം സംഭവിച്ചു എന്നു വേണം വിചാരിപ്പാൻ. പക്ഷെ അതു തീരുമാനിക്കേണ്ടതു സമയാണല്ലോ." ഈ സംഭവം പലരുടേയും വിശ്വാസത്തെ ഉത്തേജിപ്പിച്ചിട്ടുണ്ടു്. അസന്മാർഗ്ഗികജീവിതം നയിച്ചിരുന്ന പലരും അവരുടെ ദുർവൃത്തികൾ പരിത്യജിക്കയും കൂദാശകൾ സ്വീകരിക്കയും ചെയ്തിരിക്കുന്നു.

## മാതൃസംഘക്കാരുടെ സമ്മാനം

വിശുദ്ധവത്സരം പ്രമാണിച്ചു് ഇംഗ്ലണ്ടു്, സ്കോട്ട്ലൻറ്, വെയിൽസ് എന്നീ രാജ്യങ്ങളിലെ കത്തോലിക്കാമാതൃസംഘം മാർപ്പാപ്പാ തിരുമേനിക്കു് ഒരു ജ്ഞാനപുഷ്പമഞ്ജരിയും ഒരു വെള്ളിക്കാസയും സംഭാവനചെയ്യാൻ തീരുമാനിച്ചിരിക്കുന്നു.

## കാരാഗൃഹത്തിലെ ഭക്തമുറകൾ

ഇംഗ്ലണ്ടിലെ ഒരു കാരാഗൃഹത്തിലെ ഇരുപതോളം തടവുകാർ ദിവസവും പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും ജപമാല ചൊല്ലുകയും ചെയ്യുന്നുണ്ടു്. അവരിൽ പലരും ഒരുകാലത്തു വിശ്വാസത്യാഗികളായി ജീവിച്ചശേഷം ആദ്ധ്യാത്മികപുനരുത്ഥാനം പ്രാപിച്ചകത്തോലിക്കരാണു്. മേൽപ്പറഞ്ഞ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കുന്ന തടവുകാരൻ കിടക്കുന്ന മുറിയിൽ ഫാത്തിമാമാതാവിന്റെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ടു്. ഇതിനെല്ലാം വഴിതെളിച്ചതു്, അവരിലൊരാൾ കോടതിയിൽ "വിസ്താര"ത്തിനു ചെന്നുനിന്നിരുന്നപ്പോൾ ലണ്ടനിലെ "യൂണിവേഴ്സ്" പത്രം യാദൃച്ഛികമായി വായിക്കാൻ ഇടവന്നുവെന്നതാണു്. നോത്തുവെയിൽസിൽ ബാല എന്ന സ്ഥലത്തു ഫാത്തിമാമാതാവിന്റെ നാമത്തിൽ പണികഴിച്ചിരിക്കുന്ന കപ്പേളയിലേക്കു ഒക്ടോബർമാസത്തിൽ വിപുലമായ തോതിൽ നടത്തുവാനിരുന്ന ഒരു തീർത്ഥയാത്രയെപ്പററി അതിലൊരു റിപ്പോർട്ടുണ്ടായിരുന്നു. ഉടൻതന്നെ, അയാൾ ആഴ്ചതോറും യൂണിവേഴ്സ് പത്രത്തിന്റെ ഒരു പ്രതി തനിക്കു് അയച്ചുതരുവാൻ ആവശ്യപ്പെട്ടുകൊണ്ടു് പ്രസ്തുത തീർത്ഥയാത്രയുടെ നേതൃത്വം വഹിച്ചിരുന്ന മഹതിക്കു ഒരെഴുത്തെഴുതി. അപ്രകാരം ചെയ്യാമെന്നു് അവർ സമ്മതിച്ചു. അപ്പോഴേക്കും അയാളുടെ വിധിപ്രസ്താവവും കഴിഞ്ഞു. അയാൾ കുറെക്കാലം തടവുശിക്ഷ അനുഭവിക്കാൻ നിർബന്ധിതനായി. ജയിൽ സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി ഈ തടവുകാരൻ വി. ഫ്രാൻസിസ്കോസിന്റെ മൂന്നാംസഭയിൽ ചേരുകയും കാരാഗൃഹത്തിന്റെ കപ്ളോനിൽനിന്നും വെന്തിങ്ങയും ചരടും സ്വീകരിക്കയും ചെയ്തു. ഫാത്തിമാമാതാവിന്റെ ഒരു പ്രതിമ കാരാഗൃഹത്തിൽ സ്ഥാപിക്കാൻ അനുവാദത്തിനായി ഗവർണ്ണർക്കു് അയാൾ അപേക്ഷ സമർപ്പിക്കുകയും ഗവർണ്ണർ അതു് അനുവദിക്കയും ചെയ്തു. മാതാവിന്റെ ഒപ്പീസ് ലത്തീൻഭാഷയിൽ ചൊല്ലുന്നതിനുവേണ്ടി ഇപ്പോൾ അയാൾ ആ ഭാഷ പഠിച്ചുവരികയാണു്.

## 15,000 പേർ

### ജ്ഞാനസ്നാനം പ്രതീക്ഷിച്ചുനില്ക്കുന്നു

ജപ്പാനിൽ 15,000 പേർ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ സന്നദ്ധരായി നിലകൊള്ളുകയാണു്. വൈദികർ കുറവാണെന്നുള്ളതാണു മാനസാന്തരവേലയ്ക്കുള്ള വലിയ പ്രതിബന്ധം. വേദാർത്ഥികളിൽ പലരും അഭ്യസ്തവിദ്യരായതുകൊണ്ടു്, അവരെ മതകാര്യങ്ങൾ പഠിപ്പിക്കുവാൻ സാധാരണക്കാരായ "ഉപദേശി"കൾ മതിയാകുന്നതല്ല. നഗാസക്കിയിൽ പതിച്ച ആററംബോംബ് 10,000 കത്തോലിക്കരെ മൃത്യുവിനിരയാക്കി. എന്നുവരികിലും ഇന്നു ജപ്പാനിലെ കത്തോലിക്കരുടെ സംഖ്യ 138,000 ആണു്. 1939 ൽ അതു 117,000 മാത്രമായിരുന്നു.

## 353-ാം വാർഷികം

ജപ്പാനിലെ 26 രക്തസാക്ഷികൾ വീരചരമം പ്രാപിച്ചതിന്റെ 353-ാം വാർഷികം ഈയിടെ നഗാസക്കിയിൽ ആഘോഷിക്കപ്പെടുകയുണ്ടായി. ശൈത്യം ദുസ്സഹമായിരുന്നെങ്കിലും 8000 പേർ തത്സംബന്ധമായ ചടങ്ങുകളിൽ പങ്കുകൊണ്ടു. പട്ടണത്തിലെ നാലുപള്ളികളിൽനിന്നും "വിശുദ്ധമല"യിലേക്കു ജനങ്ങൾ ജാഥയായി പോയി. മേൽപ്പറഞ്ഞ രക്തസാക്ഷികളുടെ പാദസ്പർശത്താൽ പരിപാവനമാക്കപ്പെട്ട വഴിയിൽക്കൂടിയാണു് ഒരു ജാഥ പ്രയാണംചെയ്തതു്. മലമുകളിൽവച്ചു് നഗാസക്കിയിലെ മെത്രാനായ ഡോക്ടർ യമഗുച്ചി ഹൃദയസ്പർശകമായ ഒരു പ്രസംഗം ചെയ്തു.

## 2 മാസത്തെ അവധി

വിശുദ്ധവത്സരം പ്രമാണിച്ചു റോമിലേക്കു തീർത്ഥയാത്ര കഴിക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെല്ലാം ബ്രസീലിലെ പ്രസിഡൻറ് രണ്ടു മാസത്തെ അവധി അനുവദിച്ചിരിക്കുന്നു.

Sathya Deepam

Vol 23 Ernakulam April 23 1950 No 33

# റോമാവാർത്തകൾ

(സ്വന്തം ലേഖകൻ)

മാർച്ച് 9-ാംനു- പരിശുദ്ധ പിതാവ് സ്പെയിനിലെ രാജ്ഞിയായ വിക്ടോറിയ യൂജെനിയായ്ക്കു സന്ദർശനമനുവദിച്ചു. ഏതാണ്ടു 20 മിനിട്ടു നേരത്തേക്കു തിരുമനസ്സുകൊണ്ടു രാജ്ഞിയുമായി സംഭാഷണം നടത്തി. മാർപ്പാപ്പായുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം രാജ്ഞി ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനായി ബസ്ലിക്കാകൾ സന്ദർശിച്ചു.

മാർച്ച് 12-ാംനു- യിലെ "ഒസ്സർവത്തോരെ റൊമാനൊ"യിൽ പരിശുദ്ധ പിതാവിന്റെ ഒരു വലിയ ചിത്രവും, വിശുദ്ധവത്സരം പ്രമാണിച്ചുള്ള "ആന്നി സാക്രി" എന്ന തിരുവെഴുത്തും പ്രസിദ്ധീകരിച്ചിരുന്നു.

മാർച്ച് 13-ാംനു- പരിശുദ്ധ പിതാവിന്റെ കിരീടധാരണത്തിന്റെ വാർഷികം പ്രമാണിച്ച് വി. പത്രോസിന്റെ ബസ്ലിക്കായിൽ പൊന്തിഫിക്കൽ കുർബാന അർപ്പിക്കപ്പെട്ടു. തദവസരത്തിൽ മാർപ്പാപ്പാതിരുമേനിയും സന്നിഹിതനായിരുന്നു. പ്രസ്തുത ചടങ്ങുകൾക്കുശേഷം വത്തിക്കാനിലെ ഫ്റഞ്ചുപ്രതിനിധി പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയും തിരുമനസ്സിലേക്കു ഫ്റഞ്ചു നാഷനൽ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ടെലവിഷന്റെ ഒരു കൂട്ടം സാമഗ്രികൾ സംഭാവന ചെയ്കയും ചെയ്തു.

മാർച്ച് 18-ാംനു- 9 30നു് പ. പിതാവ് മൊനാക്കോയിലെ റാനിയേരി രാജാവിനെ സ്വീകരിക്കയുണ്ടായി. സംഭാഷണം അരമണിക്കൂർ നേരത്തേക്കു നീണ്ടുനിന്നു. തദനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടു വത്തിക്കാൻ ബസ്ലിക്കാ സന്ദർശിച്ചു. കാർഡിനൽ തെദെച്ചീനിയാണു രാജാവിന്റെ വസതിയിൽ ചെന്നു പ്രതിസന്ദർശനം നടത്തിയതു്.

മാർച്ച് 19-ാംനു- തിരുക്കുടുംബസഭയുടെ സ്ഥാപകയായ പാവുള എലിസബെത്തു ചെരിയോളി സിദ്ധ എന്നു നാമകരണം ചെയ്യപ്പെട്ടു.

മാർച്ച് 22-ാംനു- 12-15-നു പ. പിതാവ് 20,000 തീർത്ഥകർക്കു സന്ദർശനമനുവദിച്ചു. തദവസരത്തിൽ തിരുമനസ്സുകൊണ്ട് ഇററാലിയൻ, ഫ്റെഞ്ച്, ജർമ്മൻ, ഇംഗ്ലീഷ്, സ്പാനിഷ്, പോർത്തുഗീസ് എന്നി ഭാഷകളിൽ അവരോടു സംസാരിച്ചു.


മാർച്ച് 25, മാർച്ച് 30, ഏപ്രിൽ 1 എന്നി തിയതികളിൽ വത്തിക്കാൻ ബസ്ലിക്കായിൽവച്ചു പ. പിതാവ് തീർത്ഥകരെ സ്വീകരിക്കുകയുണ്ടായി. മററു സ്വീകരണശാലകളിൽ സ്ഥലമില്ലാതെ വന്നതുനിമിത്തമാണു ബസ്ലിക്കാ അതിനായി ഉപയോഗിച്ചതു്.

മാർച്ച് 29-ാംനു-യിലെ "ഒസ്സർവത്തോരെ റൊമാനൊ"യിൽ, കാൽനടയായി റോമിലെത്തിയ തീർത്ഥകരുടെ ലിസ്റ്റ് കൊടുത്തിരുന്നു. നേപ്പിൾസ്, ഹോളണ്ട്, ജനോവ മുതലായ രാജ്യങ്ങളിൽ നിന്നുള്ളവർപോലും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

## പീഡാനുഭവ ഞായറാഴ്ച

പീഡാനുഭവ ഞായറാഴ്ച എപ്രകാരമാണു കൊണ്ടാടേണ്ടതെന്നതു സംബന്ധിച്ചു വിശുദ്ധവത്സരക്കമ്മിഷന്റെ പ്രസിഡന്റായ മോൺസിഞ്ഞോർ ആൽഫ്റെഡൊ ഒട്ടാവിയാനി പരിശുദ്ധ പിതാവിന്റെ "ആന്നി സാക്രി" എന്ന ചാക്രികലേഖനത്തെ ആധാരമാക്കി ഒരു കത്തു മെത്രാന്മാർക്കെല്ലാം അയച്ചു കൊടുത്തു. അതിൽ പീഡാനുഭവഞായറാഴ്ചയുടെ തലേആഴ്ച മുഴുവൻ ഒരു പ്രാർത്ഥനാവാരമായി കൊണ്ടാടുവാൻ നിർദ്ദേശിച്ചിരുന്നു. ഓരോ ദിവസത്തേക്കും പ്രത്യേകം പ്രാർത്ഥനാനിയോഗങ്ങളും നിശ്ചയിക്കപ്പെട്ടിരുന്നു. തിങ്കൾ—അക്രൈസ്തവർക്കുവേണ്ടി. ചൊവ്വ—സത്യസഭയ്ക്കു പുറമെ നില്ക്കുന്ന ക്രിസ്ത്യാനികൾക്കുവേണ്ടി. ബുധൻ—പാപികൾക്കുവേണ്ടി. വ്യാഴം—സമാധാനവും സാമൂഹ്യനീതിയും പുനഃസ്ഥാപിതമാകാൻ വേണ്ടി. വെള്ളി—കഷ്ടതയനുഭവിക്കുന്നവർക്കുവേണ്ടി. ശനി—കത്തോലിക്കരുടെ വിശുദ്ധീകരണത്തിനുവേണ്ടി. ഞായർ—സത്യവിശ്വാസത്തെപ്രതി പീഡകൾ സഹിക്കുന്നവർക്കുവേണ്ടി. ഈ പരിപാടിയനുസരിച്ച്, റോമിലെ എല്ലാ ദേവാലയങ്ങളിലും സെമിനാരികളിലും പ്രാർത്ഥനകളും, വാഴ്വ് മുതലായ തിരുകർമ്മങ്ങളും നടത്തപ്പെട്ടു. പീഡാനുഭവഞായറാഴ്ച വി. പത്രോസിന്റെ ദേവാലയത്തിൽ പ. കുർബാനയുടെ ആരാധന നടത്തപ്പെട്ടു. അനേകായിരം പേർ അതിൽ സംബന്ധിച്ചു. സായാഹ്നത്തിൽ പരിശുദ്ധപിതാവ് വി. വെറോനിക്കയുടെ ബാൽക്കണിയിൽനിന്നും "പീഡാനുഭവത്തിന്റെ തിരുശ്ശേഷിപ്പുകൾ" (കർത്താവിന്റെ കുരിശും വെറോനിക്കയുടെ തൂവാലയും)കൊണ്ട് ജനങ്ങളെ ആശീർവദിക്കയുണ്ടായി.

ഏപ്രിൽ 2-ാംനു- ഉയിർപ്പുതിരുനാൾ പ്രമാണിച്ച് പ. പിതാവ് വി. പത്രോസിന്റെ ദേവാലയത്തിൽ പൊന്തിഫിക്കൽകുർബാന അർപ്പിച്ചു.




ഞാറക്കൽ പള്ളിയുടെ അങ്കണത്തിൽ പുത്തനങ്ങാടി ശ്രീ ചെറിയ ജോസഫ്, അനുജൻ ശ്രീ കുഞ്ഞുവറീത എന്നിവരുടെ വകയായി പണിതീർത്തിട്ടുള്ള കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം 1950 മാർച്ച് 26-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിർവഹിച്ച അവസരത്തിൽ എടുത്ത ഫോട്ടോ

## വേറൊരു ഗൊരേത്തിയോ?

ചാരിത്ര്യസംരക്ഷണാർത്ഥം 12-ാമത്തെവയസ്സിൽ ജീവനർപ്പിച്ച മരിയഗൊരേത്തിയെപ്പോലെ ഇതാ, അതേപ്രായമുള്ള മറെറാരു ഇററാലിയൻബാലികയും ചാരിത്ര്യത്തിന്റെബലിവേദിയിൽ ജീവനർപ്പിച്ചിരിക്കുന്നു. അന്നാരെല്ല ബ്രാഞ്ചിഎന്നുപേരായ പ്രസ്തുതബാലികയെ കാണാതായിട്ടുഅവളുടെമാതാപിതാക്കളുംബന്ധുജനങ്ങളുംഉൽക്കണ്ഠാപൂർവ്വംറോമാനഗരംമുഴുവനുംപത്തുദിവസംഅന്വേഷണങ്ങൾ നടത്തി. അവസാനം അവളുടെ മൃതദേഹം ഒരു കിണററിൽനിന്നും കണ്ടെടുത്തു. ദേഹം കീറിമുറിഞ്ഞും വ്രണപ്പെട്ടുമിരുന്നിരുന്നു. ശവസംസ്കാരം മാർച്ച് 8-ാംനു- റോമിലെ വൈസ്റ്ജെൻറായ ആർച്ചുബിഷപ്പ് ട്രാഗ്ലിയാ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 1 ലക്ഷത്തിലധികം വരുന്ന ഒരു ജനക്കൂട്ടം അതിൽ പങ്കെടുത്തു.

മൃഗീയമായ പ്രസ്തുത വധകൃത്യം നടത്തിയതു ലിയൊണെല്ലാ എജിദി എന്നൊരു യുവാവാണെന്നു തെളിഞ്ഞിരിക്കുന്നു. ആദ്യം അയാൾ കുററം നിഷേധിച്ചെങ്കിലും രണ്ടുദിവസത്തെ ചോദ്യങ്ങൾക്കുശേഷം കുററം സമ്മതിച്ചിരിക്കുന്നു. അവരിരുവരും ഇരുകുടുംബാംഗങ്ങളും ഒരു ഭവനത്തിലാണു വസിച്ചിരുന്നതു്. അന്നാരെല്ലയും ലിയൊണെല്ലോയുമൊരുമിച്ചു സായാഹ്നസഞ്ചാരത്തിനു പോകുക പതിവായിരുന്നു. ഒരുദിവസം യാത്രാമദ്ധ്യേ അവർ ഒരു കിണററിനു് അല്പം അകലെയിരുന്നു വിശ്രമിക്കയായിരുന്നു. അപ്പോൾ അവൻ തന്റെ നീചാഭിലാഷങ്ങൾ അവളുടെ മുമ്പിൽ സമർപ്പിച്ചു. അവൾ അവന്നു വശംവദയായില്ല. അവന്റെ സാഹസോദ്യമങ്ങളിൽനിന്നു രക്ഷപ്രാപിക്കുന്നതിനായി ഓടി അവൾ കിണററിന്റെ വക്കുവരെയെത്തി. ഘാതകൻ അവളെ പിന്തുടരുകയും കൈയിലുണ്ടായിരുന്ന ഇരുമ്പുവടികൊണ്ടു് അവളെ കുത്തി മുറിപ്പെടുത്തുകയും ചെയ്തു. അവൾ ബോധരഹിതയായി നിലംപതിച്ചു. മരിച്ചെന്നുകരുതി അവളുടെ ശരീരം കിണററിലേക്കു തള്ളിയിട്ടശേഷം അവൻ അവിടെനിന്നു മടങ്ങുകയുംചെയ്തു.

യാതൊരു ഭാവഭേദവും പ്രത്യക്ഷപ്പെടുത്താതെ കഴിച്ചുകൂട്ടുവാൻ ആദ്യമവൻ വളരെയധികം പരിശ്രമിച്ചു. അവളെപ്പററി വല്ലതുമറിയാമോ എന്ന ചോദ്യത്തിനു ഏതോ ഒരു ബസ്സ്സ്റ്റാൻറിൽവച്ചു അവളെ കണ്ടെന്നും, അവൾക്കു കുറെ മിഠായിവാങ്ങിക്കൊടുത്തെന്നും മററും അവൻ മറുപടിപറഞ്ഞു. പക്ഷെ അവൻ നേരത്തെതന്നെ ദുഷ്പേരു സമ്പാദിച്ചിരുന്ന ഒരുവനായിരുന്നതുകൊണ്ടു അവനെ പലരും സംശയിച്ചുതുടങ്ങി. അവന്റെ ചില മറുപടികൾ പരസ്പരവിരുദ്ധങ്ങളായിരുന്നതിനാൽ സംശയങ്ങൾ കുറെക്കൂടി പ്രബലപ്പെട്ടു. അവസാനം അവൻ യാഥാർത്ഥ്യം വെളിപ്പെടുത്തുകയും ചെയ്തു.

എന്നാൽ അവൻ ചെയ്ത കഠോരകൃത്യത്തെപ്പററി ഇന്നാരും ചിന്തിക്കുന്നില്ല. അന്നാരെല്ലയുടെ ധീരോദാത്തമായ ആത്മാർപ്പണമാണ് ഇന്നു എല്ലാവരുടേയും സംസാരവിഷയം. റോമയുടെ വീരസന്താനങ്ങളായ ആഗ്നസിന്റേയും പ്രുഡെൻസിയാനായുടേയും, ആധുനികകാലത്തെ മരിയഗൊരേത്തിയുടേയും ഗണത്തിൽ അവളുടെ നാമവും ആചന്ദ്രതാരം പ്രകീർത്തിക്കപ്പെടുന്നതാണ്. മരണത്തിനു് ഏതാനുംദിവസങ്ങൾക്കുമുമ്പ് അവൾ ഗൊരേത്തിയുടെ ചലച്ചിത്രം കാണാൻ പോകയുണ്ടായി. അന്നു ആ കന്യകാരത്നത്തിന്റെ ജീവിതാദർശം അവളുടെ മനസ്സിൽ ആഴമായി പതിഞ്ഞു. താദൃശസാഹചര്യങ്ങളിൽ താനും അപ്രകാരംതന്നെ വർത്തിക്കുമായിരുന്നെന്നു സ്വപിതൃസഹോദരനോടു് അവൾ പറകയും ചെയ്തതാണത്രെ. ആ വാക്കു അവൾ അക്ഷരംപ്രതി പാലിച്ചു. അല്ലയോ ധീരകന്യകേ! സന്മാർഗ്ഗഭ്രംശംഭവിച്ച ആധുനികലോകത്തിനു നീ മാർഗ്ഗദീപമായി പ്രശോഭിച്ചാലും. അടുത്ത ജൂൺ 25-ാംനു- പരിശുദ്ധപിതാവ് മരിയഗൊരേത്തിയെ പുണ്യവതി എന്നു പേർവിളിക്കുന്നതാണെന്ന സംഗതി ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam